# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 08 | മെയ്-2017 | ലക്കം 5**

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

സർക്കുലർ .......................................................... 05
സർക്കുലർ ............................................................ 13
ഒന്നായി മുന്നോട്ട് ...................................................... 19
പുരോഹിതനും പുരോഹിത ശുശ്രൂഷയും .............. 27
*Order of Removal from Office and Prohibitory Order from exercising Priestly Ministry* ............................................. 36
രൂപതാകച്ചേരി വാർത്തകൾ .................................... 37
വൈദികരുടെ മാസധ്യാനം ........................................ 39
മതബോധനരംഗം ....................................................... 40
ചെറുപുഷ്പമിഷൻലീഗ് .............................................. 54
*Department of Youth Ministry* ................................... 61
കെ.സി.വൈ.എം. ..................................................... 63
കുടുംബപ്രേഷിതത്വം ................................................. 67
ജീസസ് യൂത്ത് മിനിസ്ട്രി ......................................... 69
സീയോൻ വാർത്തകൾ ............................................... 70
വിൻസെന്റ് ഡി പോൾ സൊസൈറ്റി ....................... 72
സാമൂഹ്യ സേവനരംഗം (WSSS) ................................... 75
ബയോവിൻ അഗ്രോ റിസർച്ച് .................................... 80
റേഡിയോ മാറ്റൊലി ................................................. 83
Mary Matha Arts & Science Collge ..................................... 85
CEADOM വിദ്യാഭ്യാസ മേഖല ....................................... 86
അറിയിപ്പുകൾ ......................................................... 89
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 90
ബിഷപ്സ് പ്രോഗ്രാം ................................................... 91

**കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന**

# മെയ്ദിന സന്ദേശം 2017

മിശിഹായിൽ പ്രിയപ്പെട്ടവരേ,

1. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിന്റെയും, തൊഴിലാളി ദിനമായി ആചരിക്കുന്ന മെയ്ദിനത്തിന്റെയും മംഗളങ്ങൾ എല്ലാവർക്കും പ്രത്യേകിച്ച് എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

**എന്താണ് തൊഴിൽ?**

2. ലോകത്തെ പൂർണതയിലേക്കു നയിക്കാൻ ദൈവം മനുഷ്യനു നല്കിയിരിക്കുന്ന വിലമതിക്കാനാകാത്ത ദാനമാണ് അധ്വാനശേഷി. കായികശേഷിയും ചിന്താശേഷിയും സർഗശേഷിയും സമന്വയിപ്പിച്ച് മനുഷ്യൻ നടത്തുന്ന പ്രവൃത്തികളാണു മാനവസമൂഹത്തെ പുരോഗതിയിലേക്കു നയിക്കുന്നത്. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സുസ്ഥിതി കൈവരുത്തുന്ന ഉപാധിയും തൊഴിൽ തന്നെയാണ്. തിരുസ്സഭയുടെ സംരക്ഷകൻ എന്ന വിശിഷ്ട സ്ഥാനം തൊഴിലാളി മദ്ധ്യസ്ഥനായ യൗസേപ്പിതാവിന് തിരുസ്സഭ നല്കി വണങ്ങുന്നത് (1870, ഒമ്പതാം പീയൂസ് പാപ്പ) ഈ പശ്ചാത്തലത്തിലാണ്. തൊഴിലാളികുടുംബത്തിൽ ജനിച്ച് (മത്താ. 13:55), തൊഴിലാളിയായി ജീവിതം നയിച്ച് (മർക്കോ 6:3), പരസ്യജീവിതത്തിൽ തൊഴിലാളികളെ കൂട്ടുചേർത്ത് (മാർക്ക് 1:16-20) സമഗ്രവിമോചനത്തിന്റെ സദ്വാർത്ത ലോകംമുഴുവൻ എത്തിക്കാൻ യേശുവിന് സാധിച്ചു. അതിനാൽ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും സംരക്ഷകൻ താൻതന്നെയാണെന്ന തിരിച്ചറിവും, ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അധ്വാനിക്കുന്നവരോടൊപ്പം ചേർന്ന് ക്രിസ്തുവിന്റെ വിമോചനദൗത്യം പൂർത്തിയാക്കുകയാണ് തന്റെ ദൗത്യമെന്ന അവബോധവുമാണ് ഓരോ തൊഴിലാളി ദിനാഘോഷത്തിൽ നിന്നും നാം സ്വന്തമാക്കേണ്ടത്.

**മെയ്ദിനം എന്ത്?**

3. മനുഷ്യർക്ക് തെല്ലും പ്രാധാന്യം നല്കാതെ അവരുടെ അധ്വാനശേഷിയെ പരമാവധി പ്രയോജനപ്പെടുത്തി ലാഭം വർദ്ധിപ്പിച്ച്

ധനശേഷി കൂട്ടാൻ വ്യവസായ ഉടമകൾ പ്രകടമാക്കിയ ആർത്തിക്കെതിരേയാണ് 1886-ൽ ചിക്കാഗോയിൽ തൊഴിലാളികൾ സംഘടിച്ചത്. തൊഴിലാളികൾക്ക് മനുഷ്യരായി ജീവിക്കാനുള്ള അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പോരാട്ടമായിരുന്നു അത്. ദാരിദ്ര്യത്തിന്റെയും അടിമത്തത്തിന്റെയും ചൂഷണത്തിന്റെയും കുരുക്കുകൾ പൊട്ടിക്കാൻ തൊഴിലാളികൾ നടത്തിയ ചിക്കാഗോ സമരത്തിന്റെ സ്മരണയായിട്ടാണു മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളി ദിനമായി ആചരിച്ചു വരുന്നത്.

**തൊഴിലും സഭാപ്രബോധനങ്ങളും**

4. വ്യവസായ വിപ്ലവത്തിന്റെ ഫലമായി രൂപംകൊണ്ട അതികഠിനമായ സാമൂഹിക സാഹചര്യങ്ങളെ അതിജീവിക്കാൻവേണ്ടി തൊഴിലാളി സമൂഹത്തെ ശക്തിപ്പെടുത്താനായിരുന്നു ഭാഗ്യസ്മരണാർഹനായ ലിയോ പതിമൂന്നാമൻ പാപ്പ 1891-ൽ 'റേരും നൊവാരും' എന്ന ചാക്രികലേഖനം പ്രസിദ്ധീകരിച്ചത്. തിരുസ്സഭ എന്നും തൊഴിലാളികൾക്കൊപ്പമാണ് എന്ന ഒരു പ്രഖ്യാപനവുമായിരുന്നു അത്. അന്താരാഷ്ട്ര തൊഴിൽസംഘടന (ഐ.എൽ.ഒ.) ഉൾപ്പെടെ ദേശീയവും അന്തർദേശീയവും ആയ മിക്കവാറും എല്ലാ സംഘടനകളുടെയും, തൊഴിലാളിക്ഷേമത്തിനും അവകാശ സംരക്ഷണത്തിനായി ലോകമെങ്ങും പിന്നീട് രൂപംകൊണ്ടിട്ടുള്ള നിയമങ്ങളുടെയുമെല്ലാം പിന്നിലുള്ള മുഖ്യചാലകശക്തി 'റേരും നൊവാരും' തന്നെയാണ്. ലിയോ പതിമൂന്നാമൻ പാപ്പായ്ക്കുശേഷം തിരുസ്സഭയെ നയിച്ചിട്ടുള്ള എല്ലാ പരിശുദ്ധ പിതാക്കന്മാരും തങ്ങളുടെ പ്രബോധനങ്ങൾവഴിയും ഇടപെടലുകൾവഴിയും തൊഴിലാളികൾക്കുവേണ്ടി ശക്തമായി നിലകൊണ്ടവരാണ്. പരിശുദ്ധ ഫ്രാൻസിസ് പാപ്പായാകട്ടെ, നീതി നിഷേധിക്കപ്പെടുന്ന എല്ലാ ജനവിഭാഗങ്ങൾക്കുമൊപ്പം തന്റെ പ്രബോധനങ്ങൾവഴിയും അതിലേറെ തന്റെ ജീവിതവും സ്വാധീനവും വഴിയും അനിതരസാധാരണമായ ചൈതന്യത്തോടെ നിലകൊള്ളുന്നു.

**അസംഘടിത തൊഴിലാളികൾ: ഒരു അവലോകനം**

5. നമ്മുടെ രാജ്യത്തിലെ മൊത്തം തൊഴിൽ ശക്തി നാല്പത്തൊമ്പത് കോടിയോളം വരും. ഇതിൽ 94 ശതമാനംപേരും തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, നിയമപരിരക്ഷ എന്നിവ ലഭ്യമല്ലാത്ത അസംഘടിത തൊഴിലാളികളാണ്. കേരളത്തിൽ വിവിധകാലങ്ങളിലെ സർക്കാരുകൾ അസംഘടിത തൊഴിലാളികൾക്കായി രൂപപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപെൻഷനുകളും ക്ഷേമനിധിഫണ്ടുകളും മറ്റ് ആനുകൂല്യങ്ങളും

തൊഴിലാളികൾക്ക് ആശാവഹമായ സുരക്ഷാബോധം നല്കുന്നുണ്ട്. ഏറെ കാലമായി ട്രെയ്ഡ് യൂണിയനുകളും കെ.എൽ.എം. ഉം നിരന്തരമായി ആവശ്യപ്പെട്ടുവരുന്ന പല കാര്യങ്ങളിൽ ഒന്നായ ക്ഷേമപെൻഷനുകൾ ചുരുങ്ങിയത് 1000 രൂപയാക്കിയതും, വർഷം തോറും 100 രൂപയുടെ വർദ്ധനവ് നടത്താമെന്ന വാഗ്ദാനം പാലിച്ച് ബഡ്ജറ്റിൽ ഈ വർഷം തന്നെ ഉൾപ്പെടുത്തിയതും കേരള സർക്കാരിന്റെ ശ്ലാഘനീയവും ആശാവഹവുമായ പ്രവൃത്തിയാണ്. വിലക്കയറ്റം, അഴിമതി, രാഷ്ട്രീയ വർഗീയ വിവേചനം, കോർപ്പറേറ്റ് മേഖലകളുടെ അഭൂതപൂർവ്വമായ വളർച്ച മുതലായവയിലൂടെ ഇന്നത്തെ തൊഴിലാളികൾ പ്രത്യേകിച്ച്, അസംഘടിത തൊഴിൽമേഖലയിലുള്ളവർ ഏറെ കഷ്ടതകൾ നേരിടുന്നു. നിത്യോപയോഗവസ്തുക്കളുടെ വിലക്കയറ്റം തൊഴിലാളികളെ തളർത്തിയിരിക്കുന്നു. ഈ അവസരത്തിൽ ഇരുട്ടടിയായിട്ടാണ് പുതിയ റേഷൻ സമ്പ്രദായം നിലവിൽ വരുന്നത്. അസംഘടിത മേഖലയിലെ ഭൂരിപക്ഷം തൊഴിലാളികളും മുൻഗണനാ വിഭാഗത്തിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നു. മത്സ്യത്തൊഴിലാളികളും ഗാർഹികത്തൊഴിലാളികളും കർഷകത്തൊഴിലാളികളുമെല്ലാം ഇതിലൂടെ റേഷൻസമ്പ്രദായത്തിനു പുറത്തായിരിക്കുന്നു. നോട്ടു നിരോധനത്തിലൂടെ തകർന്നടിഞ്ഞ തൊഴിൽമേഖല വറചട്ടിയിൽനിന്നും എരിതീയിലേക്ക് എന്ന അവസ്ഥയിൽ എത്തപ്പെട്ടിരിക്കുന്നു. രാജ്യത്തെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ 60 ശതമാനം അസംഘടിത മേഖലയുടെ സംഭാവനയാണ്. എന്നിട്ടും മനുഷ്യോചിതമായി കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ള പ്രതിഫലം, ഗ്രാന്റുകൾ, അലവൻസുകൾ, പെൻഷൻ, വിശ്രമം, ചികിത്സാനുകൂല്യം, ആരോഗ്യപരമായ തൊഴിൽ സാഹചര്യം തുടങ്ങിയവയെല്ലാം നിഷേധിക്കപ്പെട്ട് ആ മേഖലയിലുള്ളവർ പാർശ്വവത്ക്കരിക്കപ്പെട്ടവരും ദരിദ്രരുമായി മാറിയിരിക്കുന്നു. രാജ്യത്തെ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ അസംഘടിത തൊഴിലാളികൾക്ക് ജനസംഖ്യാനുപാതികമായി വേണ്ടത്ര വകയിരുത്തലുകൾ ഉണ്ടാകുന്നില്ല.

6. രാഷ്ട്രം വേഗത്തിൽ വളരുന്നുണ്ടെങ്കിലും വികസനത്തിന്റെ സദ്ഫലങ്ങൾ സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് വിതരണം ചെയ്യപ്പെടുന്നില്ല എന്നാണു സ്ഥിതിവിവരക്കണക്കുകൾ വിശദമാക്കുന്നത്. സ്വത്തിന്റെ വലിയ തോതിലുള്ള കേന്ദ്രീകരണം ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുകയാണ്. രാജ്യത്തെ ഒരു ശതമാനം വരുന്ന അതിസമ്പന്നർ രാജ്യത്തെ മുഴുവൻസ്വത്തിന്റെയും 58.4 ശതമാനവും കൈയ്യടക്കിയിരിക്കുന്നു *(ഓക്സ്ഫാം റിപ്പോർട്ട് 2016).* പൊതുസ്വത്ത്

തട്ടിയെടുത്ത് രാജ്യം വിടുന്നവരും ലക്ഷം കോടികളുടെ നികുതിയി ളവ് നേടിയെടുക്കുന്ന കോർപ്പറേറ്റുകളും പണത്തിന്റെ ബലത്തിൽ നിയ മത്തെയും അധികാരികളെയും കൂടെനിർത്തുന്ന സമ്പന്നരും സ്വത്ത് വാരികൂട്ടി നിറയ്ക്കുമ്പോൾ അതിൽനിന്നും വീഴുന്നവകൊണ്ടുമാത്രം വിശപ്പടക്കേണ്ട ഗതികേടിലേക്ക് ഈ രാജ്യത്തെ അടിസ്ഥാന തൊഴി ലാളി സമൂഹം നിപതിച്ചിരിക്കുന്നു. ആയിരക്കണക്കിനു കോടിരൂപയുടെ വായ്പയെടുത്ത് മനഃപൂർവം തിരിച്ചടക്കാത്ത വൻകിടക്കാരുടെ പേരുവിവരങ്ങൾ സുപ്രീം കോടതി ആവശ്യപ്പെട്ടിട്ടുപോലും ലഭ്യമാക്കാത്ത അധികാരികൾ പതിനായിരങ്ങൾ കടമെടുത്തിട്ട് പരാധീനതകൾമൂലം തിരിച്ചടക്കാനാകാത്ത സാധാരണക്കാരെ ജപ്തിയും സർഫാസി നിയമവും കുടിയിറക്കലും പ്രയോഗിച്ച് കഷ്ടത്തിലാക്കുന്നത് യാതൊരു തരത്തിലും ന്യായീകരിക്കാനാകില്ല. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തങ്ങളുടെ ആജ്ഞാനുവർത്തി കളാക്കി തൊഴിലാളി യൂണിയനുകളെ മാറ്റിയതിനാൽ പ്രതിരോധ ത്തിന്റെ പ്രതീക്ഷയും നഷ്ടമായിരിക്കുന്നു. കേന്ദ്ര ട്രെയ്ഡ് യൂണിയനുകൾ കൂടുതൽ ഉത്തരവാദിത്വത്തോടെ ചുമതലകൾ നിർവഹിക്കാൻ തയ്യാറാകാൻ ഇത്തരുണത്തിൽ ആഹ്വാനംചെയ്യുന്നു. ഈ സാഹചര്യത്തിൽ തൊഴിലാളികൾക്കുവേണ്ടിയുള്ള സഭയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിപകരണം.

**അസംഘടിതതൊഴിലാളികളും സഭയും**

7. അസംഘടിത തൊഴിലാളികളുടെ ഇടയിലുള്ള പ്രവർത്തനങ്ങൾ സഭയുടെ പ്രേഷിതത്വത്തിന്റെ പ്രധാന ശ്രദ്ധാ കേന്ദ്രമായി മാറേണ്ടതുണ്ട്. കെ.സി.ബി.സി. തൊഴിൽകാര്യ കമ്മീഷന്റെ കീഴിലുള്ള കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനം ഇതിനായി എല്ലാ രൂപതകളിലും ഊർജ്ജിതമാക്കണം. സി.ബി.സി.ഐ. ലേബർ കമ്മീഷന്റെ തൊഴിലാളി സംഘടനയായ വർക്കേഴ്സ് ഇന്ത്യ ഫെഡ റേഷന്റെ അംഗസംഘടനയാണു കെ.എൽ.എം. എല്ലാ ഇടവകകളിലും കെ.എൽ.എം. യൂണിറ്റുകൾ സമയബന്ധിതമായി രൂപീകരിക്കണം. തൊഴിലാളി ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കാനായി പ്രേഷിത ചൈതന്യവും സമർപ്പണബുദ്ധിയും നേതൃത്വപാടവവുമുള്ള അല്മായരെ കണ്ടെത്തി പരിശീലനം നല്കണം. വൈദികരും സന്ന്യസ്തരും തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നല്കണം. വിവിധ വിഭാഗം അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായി കെ.എൽ.എം.ന്റെ നേതൃത്വത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ

പ്രവർത്തിച്ചുവരുന്നുണ്ട്. ഇവ സർക്കാരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വയാണ്. നിർമ്മാണത്തൊഴിലാളി, തയ്യൽതൊഴിലാളി, ഗാർഹിക ത്തൊഴിലാളി, മത്സ്യത്തൊഴിലാളി, മോട്ടോർ വാഹന തൊഴിലാളി, കർഷകത്തൊഴിലാളി, ചെറുകിടതോട്ടം തൊഴിലാളി, പീടികത്തൊഴി ലാളി എന്നീ ഫോറങ്ങളാണ് പ്രധാനമായും പ്രവർത്തിക്കുന്നത്. ഇവ യിലൂടെ എല്ലാ മതവിഭാഗങ്ങളിലും ഉൾപ്പെട്ട തൊഴിലാളികൾക്ക് പരി ശീലനങ്ങളും സഹായങ്ങളും കെ.എൽ.എം. നല്കിവരുന്നു. അസംഘടിതതൊഴിലാളികൾക്ക് സർക്കാർ നല്കുന്ന സാമൂഹിക സുരക്ഷാ അംഗത്വം ഉൾപ്പെടെയുള്ള വിവിധ ആനുകൂല്യങ്ങൾ എല്ലാ വർക്കും എളുപ്പത്തിൽ ലഭ്യമാക്കുവാനായി വിവിധ തൊഴിലാളി ഫോറ ങ്ങൾ വഴി സാധിക്കുന്നു. അതിനാൽ മേൽസൂചിപ്പിച്ച തൊഴിൽ വിഭാഗ ങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ എല്ലാ രൂപതകളും ഇടവകകളും ഏറ്റെ ടുക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

8. സഭയുടെ സ്ഥാപനങ്ങളിലും സംവിധാനങ്ങളിലും തൊഴിൽ ചെയ്യുന്നവർക്ക് നിലവിലെ സാമൂഹികസാമ്പത്തിക സാഹചര്യങ്ങളെ അതിജീവിക്കാനുള്ള പശ്ചാത്തല സൗകര്യങ്ങൾ അനുകമ്പാപൂർണ മായ മനോഭാവത്തോടെ സൃഷ്ടിച്ചുനല്കാൻ കഴിയണം. സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾക്ക് അനുസൃതമായാണു സഭയിലെ എല്ലാ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കണം. ഇക്കാര്യവുമായി ബന്ധപ്പെട്ടാണു കെ.സി.ബി.സി. പീപ്പിൾ മാനേജ്മെന്റ് പോളിസി പുറത്തിറക്കി യിരിക്കുന്നത്. സി.ബി.സി.ഐ. ലേബർ കമ്മീഷനും സഭാസ്ഥാപന ങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച ഒരു മാർഗരേഖ പുറത്തിറക്കിയിട്ടുണ്ട്. സഭാ സ്ഥാപങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ രൂപപ്പെടുത്തുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഒത്താശകൾ നല്കാൻ കെ.എൽ.എം. നെയാണു കെ.സി.ബി.സി. ചുമതലപ്പെടുത്തിയിരിക്കുന്നത്. എല്ലാ രൂപതകളും സന്ന്യാസ സമൂഹങ്ങളും ഇക്കാര്യത്തിൽ വേണ്ട നടപടികൾ താമസംവിനാ സ്വീകരിക്കുന്നത് നീതിയെ സംബന്ധിച്ച് സാരാംശപരമാണ്. നമ്മുടെ നാടിന്റെ സാമ്പത്തിക സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്ന ഒരു വിഭാഗമാണ് സ്വകാര്യ മേഖലയിലെ സംരംഭകരും വിവിധ തൊഴിൽ ദാതാക്കളും. അവരുടെകൂടെ ജോലി ചെയ്യുന്നവ രെയും അവരുടെ കുടുംബാംഗങ്ങളെയും പരിഗണിക്കുന്നതും, ജീവിതകാലംമുഴുവൻ സ്ഥാപനത്തിന്റെ ഭൗതികവളർച്ചയ്ക്കായി അധ്വാനിക്കുകയും ജീവിതം നഷ്ടപ്പെടുത്തുകയും ചെയ്യുന്ന

തൊഴിലാളികളുടെ വാർദ്ധക്യകാല സാഹചര്യങ്ങളിലും സുരക്ഷയേകുന്ന രീതിയിൽ വേതനവും മറ്റ് തുടർ ആനുകൂല്യങ്ങളും നിശ്ചയിച്ചു നല്കണം.

**ഇതരസംസ്ഥാനത്തൊഴിലാളികൾ**

9. കേരളത്തിൽ ഏകദേശം മുപ്പതുലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികൾ ജോലിയെടുക്കുന്നു എന്നാണ് കണക്ക്. ഇവരോട് കുറച്ചുകൂടി അനുകമ്പാപരമായ സമീപനം കേരള സമൂഹം സ്വീകരിക്കേണ്ടതുണ്ട്. ഇവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഈ വിഭാഗം തൊഴിലാളികളുടെ അവകാശസംരക്ഷണവും ക്ഷേമവും ലക്ഷ്യമാക്കിക്കൊണ്ട് രജിസ്ട്രേഷൻ നടത്തുന്നതിനായി വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെയും കെ.എൽ.എം.ന്റെയും ആഭിമുഖ്യത്തിൽ ഒരു വെബ് പോർട്ടൽ (www.wifmdm.com) ദേശീയ തലത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എല്ലാ രൂപതകളിലും വർക്കേഴ്സ് ഫെസിലിറ്റേഷൻ സെന്ററുകൾ തുറക്കുകയും ഈ അവസരം പ്രയോജനപ്പെടുത്തുകയും ചെയ്യണം.

**സമഗ്രവീക്ഷണം**

10. വിപണിയുടെ അദൃശ്യശക്തികളെയും അദൃശ്യകരത്തെയും നമുക്കിനി ഒട്ടും വിശ്വസിക്കാനാവുകയില്ല. നീതിയിലുള്ള വളർച്ചയ്ക്ക് സാമ്പത്തിക വളർച്ച മുൻകൂട്ടി വേണമെങ്കിലും അതിനെക്കാൾ കൂടുതൽ പലതും ആവശ്യമാണ്: വരുമാനത്തിന്റെ കൂടുതൽ നല്ല വിതരണം, തൊഴിലിനുള്ള ഉറവിടങ്ങളുടെ സൃഷ്ടി, ലളിതമായ ഒരു ക്ഷേമമനോഭാവത്തിനപ്പുറം പോകുന്നതും ദരിദ്രർക്കു വേണ്ടിയുള്ളതുമായ ഒരു സമഗ്ര വളർച്ച എന്നിവയിലേക്ക് പ്രത്യേകമായി തിരിച്ചുവിട്ടിട്ടുള്ള തീരുമാനങ്ങളും കർമ്മപരിപാടികളും സംവിധാനങ്ങളും പ്രക്രിയകളും അതിന് ആവശ്യമാണ് *(ഫ്രാൻസിസ് പാപ്പ, സുവിശേഷത്തിന്റെ സന്തോഷം, 204).* ഇന്ന് വളർന്നുവന്നിരിക്കുന്ന അസമത്വം ദുരീകരിച്ചാൽമാത്രമേ നീതിയും സമാധാനവും സാധ്യമാകൂ. ഇതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. അതിനായി രാജ്യത്തെ മുഴുവൻ തൊഴിലാളികൾക്കും ആരോഗ്യ ഇൻഷുറൻസ്, അപകട ഇൻഷൂറൻസ്, പെൻഷൻ പദ്ധതി എന്നിവ സൗജന്യമായോ പങ്കാളിത്തത്തോടെയോ നടപ്പിലാക്കണം. ഈ മേഖലയിൽ ഇപ്പോൾ നിലവിലുള്ള പദ്ധതികൾ കൂടുതൽ ലളിതവും ആകർഷകവുമാക്കേണ്ടതുണ്ട്. എല്ലാ തൊഴിലാളി കുടുംബങ്ങൾക്കും സ്വന്തമായി വീട് ലഭ്യമാക്കാനുള്ള പദ്ധതിക്ക് രൂപംനല്കാൻ സർക്കാർ മുൻകൈ എടുക്കണം. പണമുള്ളവർമാത്രം ഉന്നത വിദ്യാഭ്യാസം

നേടുന്ന നിലവിലെ സാഹചര്യം അസംഘടിത തൊഴിലാളിയുടെ കുട്ടികളുടെ ഉപരിപഠനം അസാധ്യമാക്കുന്നു. ഇതിനെ അതിജീവിക്കാൻ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ സംവരണവും സ്കോളർഷിപ്പും നൽകാൻ സർക്കാർ നടപടി സ്വീകരിക്കണം. കേരളത്തിൽ നിലവിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കണം. ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുന്നതിനുപകരം പ്രതിസന്ധികളെ അതിജീവിക്കാൻ തക്കവിധം സഹായങ്ങൾ വർദ്ധിപ്പിക്കണം. മുഖ്യധാര ട്രേഡ് യൂണിയനുകൾ അമിത രാഷ്ട്രീയ അടിമത്വം വെടിഞ്ഞ് തൊഴിലാളിപക്ഷത്തുനിന്ന് നിലപാടുകൾ സ്വീകരിക്കണം.

11. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള അവസരമായിമാത്രം തൊഴിലാളിദിനത്തെ പരിമിതപ്പെടുത്തരുതെന്നാണ് തൊഴിലാളികളോട് അഭ്യർത്ഥിക്കാനുള്ളത്. ഓരോ തൊഴിലാളിയും തങ്ങളുടെ തൊഴിൽ സത്യസന്ധതയോടെ നിർവഹിക്കേണ്ടതുണ്ടെന്നു മറക്കരുത്. കർഷകൻ ഉൾപ്പെടെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന ഏവരും ഏതു സാഹചര്യങ്ങളിലും ജീവിതാവസ്ഥയിലും അവർ ചെയ്യുന്ന തൊഴിലുകളെ അഭിമാനത്തോടെ ഏറ്റുപറയാൻ സന്നദ്ധരുമാകണം. വിഭവങ്ങളുടെ മിതമായ വിനിയോഗം, സ്ഥാപനത്തിന്റെ സുസ്ഥിതി, തൊഴിൽദാതാവിനോടുള്ള ആദരം, ഏറ്റെടുത്ത തൊഴിലിന്റെ ഗുണപരവും സമയ ബന്ധിതവുമായ പൂർത്തീകരണം എന്നിവയും തൊഴിലാളിയുടെ കടമയാണെന്ന കാര്യം മറക്കരുത്. കൂടാതെ പ്രതിസന്ധിനിറഞ്ഞ സാഹചര്യങ്ങളെ അതിജീവിക്കാൻ സ്വയം കരുത്താർജ്ജിക്കുകയും ലഭ്യമാകുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. വിളക്കിൽ എണ്ണകരുതാതിരുന്ന സ്ത്രീകൾ തെരഞ്ഞെടുക്കപ്പെടാതെ പോയതായ ഉപമ സുവിശേഷത്തിൽ നാം വായിക്കുന്നു (മത്താ. 25: 1-12). സാഹചര്യങ്ങൾ മുന്നിൽകണ്ട് കരുതൽ എടുക്കേണ്ടതിന്റെ പ്രാധാന്യമാണ് ഇതിലൂടെ നാം മനസ്സിലാക്കേണ്ടത്. ക്ഷേമനിധികൾ, പെൻഷൻ സ്കീമുകൾ, ഇൻഷുറൻസ് പദ്ധതികൾ, സ്വയം സഹായ സംഘങ്ങളിലൂടെയുള്ള ശക്തീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവയിലുള്ള പങ്കാളിത്തത്തിലൂടെ കരുതലെടുക്കേണ്ടതും, തന്റെ തൊഴിൽ മേഖലയിൽ പ്രാവീണ്യവും വൈദഗ്ദ്യവും വർദ്ധിപ്പിക്കാൻ പരിശീലനങ്ങൾ നേടേണ്ടതും ഓരോ തൊഴിലാളിയുടെയും കടമയാണ്. ഐ.ടി. മേഖല പോലുള്ള ആധുനിക തൊഴിൽസാഹചര്യങ്ങളിൽ വ്യക്തി ജീവിതവും

കുടുംബംപോലും അവഗണിച്ചുള്ള അധ്വാനരീതികളും അപകടവും ശ്രദ്ധാപൂർവ്വം പരിഹരിക്കപ്പെടേണ്ടതുമാണ്.

12. തൊഴിലാളിയും തൊഴിൽദാതാവും തങ്ങളുടെ അവകാശങ്ങളെയും കടമകളെയും ഒരേ നാണയത്തിന്റെ ഇരുപുറങ്ങളായിക്കണ്ട് പരസ്പര സഹകരണത്തിന്റെയും ബഹുമാനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കണം. രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യം വയ്ക്കാൻ സർക്കാരും ഭരണാധികാരികളും സ്ഥാപന ഉടമകളും തയ്യാറാകണം. പണത്തെക്കാളും ലാഭത്തെക്കാളും മൂല്യവും മഹത്ത്വവും തൊഴിലിനും തൊഴിലിന്റെ ഉടമയായ മനുഷ്യനും നല്കണം. കാരണം, തൊഴിലിലല്ല മഹത്വം അടങ്ങിയിരിക്കുന്നത്; അതു ചെയ്യുന്ന മനുഷ്യനിലാണ്.

13. തൊഴിലാളിദിനത്തിന്റെ ആശംസകളും വിശുദ്ധ യൗസേഫിന്റെ മാധ്യസ്ഥ്യവും പ്രാർത്ഥനകളും ഒരിക്കൽ കൂടി നേരുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവത്തിന്റെ അനുഗ്രഹവും കൃപയും നിങ്ങൾ ഏവരോടുംകൂടെ ഉണ്ടാകട്ടെ.

മിശിഹായിൽ സ്നേഹപൂർവം

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

**ബിഷപ് ഡോ. ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ലേബർ കമ്മീഷൻ)

---

**NB:- ഈ സർക്കുലർ 2017 ഏപ്രിൽ മാസം 30-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# സർക്കുലർ

## 54-ാം ലോകദൈവവിളി ദിനം 2017 മെയ് 7

## കെ.സി.ബി.സി. വൊക്കേഷൻ കമ്മിഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

### അയയ്ക്കപ്പെടേണ്ടവർ

മിശിഹായിൽ പ്രിയ സഹോദരങ്ങളെ,

2017 മെയ് 7-ാം തിയ്യതിയാണ് ആഗോള കത്തോലിക്കാസഭ ദൈവവിളികൾക്കുവേണ്ടിയുള്ള പ്രാർത്ഥനാദിനമായിട്ട് പ്രത്യേകം മാറ്റിവെച്ചിട്ടുള്ളത്. ഈ അവസരത്തിൽ ഫ്രാൻസിസ് മാർപാപ്പ നൽകുന്ന പ്രത്യേക സന്ദേശത്തിലെ ചില ഭാഗങ്ങൾ കേരളസഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. പ്രത്യേകിച്ചും സമർപ്പിത ശുശ്രൂഷാമേഖലകൾ ഇന്ന് കേരളത്തിൽ അനുഭവിക്കുന്ന പൊള്ളുന്ന യാഥാർത്ഥ്യങ്ങൾക്കുമുന്നിൽ സമചിത്തതയോടെയും തുറന്ന മനസ്സോടെയും ദൈവവിളികളെയും അവയുടെ വളർത്തുപ്രദേശങ്ങളെയും കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. ദൈവവിളിയുടെ കാര്യത്തിൽ ഒരുപക്ഷേ ആഗോളസഭയിൽ തന്നെ ഇത്രയും വ്യത്യസ്തതയും ഇത്ര കണ്ട് തീക്ഷ്ണതയും പ്രകടിപ്പിക്കുന്ന മറ്റൊരു ഭൂവിഭാഗവും ഇല്ലാത്തതിനാൽ നമ്മുടെ ചിന്തകൾക്കും ധ്യാനങ്ങൾക്കും അവിടെനിന്നും ഉരുത്തിരിയുന്ന പ്രവർത്തനങ്ങൾക്കും ഒരു ആഗോളമാനവും ശക്തിയും ഉണ്ട്. സേവനോന്മുഖമായ ഈ മേഖലയിൽ കർത്തവ്യനിരതരായിരിക്കുന്ന നമുക്ക് ഫ്രാൻസിസ് മാർപാപ്പയോടൊപ്പം ധ്യാനിക്കാം.

മൂന്ന് സുവിശേഷ ഭാഗങ്ങളെ ആസ്പദമാക്കിയാണ് പരിശുദ്ധ പിതാവ് ധ്യാനം ക്രമപ്പെടുത്തിയിരിക്കുന്നത്. അത് മൂന്നും ക്രിസ്തീയ മിഷനറി വിളിയുമായി ബന്ധപ്പെട്ടതുമാണ്. എല്ലാ ക്രിസ്ത്യാനികളും സുവിശേഷത്തിന്റെ മിഷനറിമാരാണെന്ന് പാപ്പ നിസ്സംശയം വ്യക്തമാക്കുന്നു. "ശിഷ്യന്മാരുടെ സമൂഹത്തെ ഉജ്ജീവിപ്പിക്കുന്ന സുവിശേഷ സന്തോഷം പ്രേഷിതവൃത്തിപരമായ ഒരു സന്തോഷമാണ്." (സുവിശേഷത്തിന്റെ സന്തോഷം, 21) ഇതുതന്നെയാണ് സകല ക്രിസ്തീയ വിശ്വാസികളുടെയും വിളിയും.

പ്രേഷിതപ്രവർത്തനമെന്ന ദൗത്യം ക്രിസ്തീയ ജീവിതത്തിലേയ്ക്ക് കൂട്ടിച്ചേർക്കപ്പെട്ടതോ വിഘടിച്ച് നിൽക്കുന്നതോ ആയ ഒന്നല്ല. മറിച്ച് അത് വിശ്വാസത്തിന്റെ തന്നെ അത്യന്താപേക്ഷിതമായ ഘടകമാണ്. അതുകൊണ്ടുതന്നെ ക്രിസ്തീയവിളി എന്നത് പ്രേഷിത പ്രവർത്തനത്തിലേക്കുള്ള വിളി തന്നെയാണ്. 'അശുദ്ധമായ അധരങ്ങളുള്ളവരെയും അങ്ങനെയുള്ളവരുടെ കൂടെ വസിക്കുന്ന വരെയും' തിരഞ്ഞെടുത്ത്, ശുദ്ധിചെയ്ത് അവർക്ക് അവിടുന്ന് കരുത്ത് പകരുന്നെങ്കിൽ അത് ക്രിസ്തുവിനുവേണ്ടി അയയ്ക്കപ്പെടാൻ തന്നെയാണ്. പൗരോഹിത്യവൃത്തിയിലേയ്ക്ക് നിസ്വാർത്ഥമായി തയ്യാറായി വന്നിരിക്കുന്നവർ ദേവാലയത്തിന്റെ വിശുദ്ധ സീമകളിൽനിന്നും ദൈവകരുണയുടെ ആർദ്രസ്നേഹം ഒഴുകുന്നിടത്തേയ്ക്ക് ഇറങ്ങിച്ചെല്ലേണ്ടവർ തന്നെയാണെന്ന് പൗരോഹിത്യത്തെ സ്മരിച്ചുകൊണ്ട് 2016-ൽ മാർപാപ്പ പറഞ്ഞത് ഇവിടെ നമ്മൾ ഒന്നുകൂടി ഓർമ്മിച്ചെടുക്കുന്നു. ഇത് പുരോഹിതന്മാർക്ക് മാത്രമല്ല സകലവിധ സന്യസ്തർക്കും ഉചിതമായ ചിന്തയാണ്. തങ്ങൾ തിരിച്ചറിഞ്ഞ അമൂല്യ നിധി മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ തയ്യാറായവരും അതിനാൽ തന്നെ ഇതിന് കടപ്പെട്ടവരുമാണ്.

എന്താണ് വാസ്തവത്തിൽ ഈ പ്രേഷിതപ്രവർത്തനം? മൂന്ന് സുവിശേഷ ഭാഗങ്ങളിലൂടെ പാപ്പ അത് വിശദീകരിക്കുന്നു. എല്ലാ ക്രിസ്ത്യാനികളും സുവിശേഷത്തിന്റെ മിഷനറിമാരാണെന്നും ക്രിസ്തുവിനെ കൊണ്ടുപോകുന്നവരാകണമെന്നും പാപ്പ നിർദ്ദേശിക്കുന്നു. Every Christian is a Christopher: കർത്താവിനെ കൊണ്ടുപോകുന്നവർ.

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രർക്ക് സുവിശേഷം പകരുവാനായി അവിടുന്ന് എന്നെ നിയോഗിച്ചിരിക്കുന്നു" (ലൂക്ക 4:18-19) എന്നാണ് ലൂക്കാ സുവിശേഷകനിലൂടെ കർത്താവ് തന്റെ ജീവിതത്തിന്റെ അടയാളവും ദൗത്യവും വ്യക്തമാക്കുന്നത്. കർത്താവിന്റെ ആത്മാവ് തന്റെമേൽ ഉള്ളവൻ, നിയോഗിക്കപ്പെട്ടവൻ. ഏതൊരു ക്രിസ്ത്യാനിയും കൂദാശകളിലൂടെ സ്വീകരിച്ച പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ജീവിതത്തിന്റെ ദൗത്യമായി സുവിശേഷം ഏറ്റെടുക്കേണ്ടതുണ്ട്. ദൈവാത്മാവിനാൽ നിറയുവാനും അപരന്റെ ഉന്നമനത്തിന്റെ സുവിശേഷം അവർക്ക് എത്തിച്ചു കൊടുക്കുവാനും ഓരോ ക്രിസ്ത്യാനിയും നിയോഗിക്കപ്പെട്ടതാണ്.

തിരുവചനത്തിലേയ്ക്കും ദിവ്യകാരുണ്യത്തിലേയ്ക്കും നമ്മെ കൊണ്ടെത്തിക്കുന്ന "തെരുവിന്റെ ആരാധനാക്രമമാണ്" മാർപാപ്പ

എടുത്തുകാണിക്കുന്ന മറ്റൊന്ന്. എമ്മാവൂസ് യാത്രയിലെ ശിഷ്യന്മാരോടുചേർന്ന് കൂടെ നടന്നുകൊണ്ട് നിരാശയുടെ ഇരുളിനുമപ്പുറം പ്രത്യാശയുടെ പ്രഭാതങ്ങൾ കാട്ടിത്തരുന്ന ക്രിസ്തുവാണ് നമ്മുടെ ശക്തിയും ധൈര്യവും.

അധികാരേച്ഛയും മതഭ്രാന്തും സ്വജനപക്ഷപാതവും തുടങ്ങി സുവിശേഷ മൂല്യങ്ങൾക്കെതിരെ നിൽക്കുന്നവ സംഘടനാ ശൈലിയിലും പ്രവർത്തനരീതിയിലും നിറയുമ്പോൾ സേവനമോ പ്രേഷിതത്വമോ അല്ല മറിച്ച് മത്സരിക്കാനും കീഴടക്കാനുമുള്ള ത്വരയാണ് പ്രത്യക്ഷപ്പെടുക. അവിടെ പ്രസ്പഷ്ടമാകേണ്ടത് ദൈവം വളർത്തുന്ന നല്ല വിത്തുകളാണ്. വിത്തുവിതച്ച് രാപകൽ കാത്തിരുന്നിട്ട് ദൈവം മുളപ്പിക്കുന്നത് കണ്ട് ദൈവത്തിന് കൃതജ്ഞതയർപ്പിക്കുന്നവരെപ്പോലെ നമ്മുടെ പരാധീനതകൾക്കുമപ്പുറം ദൈവം വളർത്തുന്ന പുതുനാമ്പുകൾ കണ്ട് ദൈവത്തിന് നന്ദി പറയാനാവണം നമുക്ക്.

ഇതിനൊക്കെയും വേണ്ടത് നിശബ്ദമായി പ്രവർത്തിക്കുന്ന ദിവ്യാത്മാവിനോടുള്ള തുറവിയാണ്. ദിവ്യകാരുണ്യനാഥനോടുചേർന്ന് ചിലവഴിക്കുന്ന മുഹൂർത്തങ്ങൾ ഈ വളർച്ചയുടെയും തിരിച്ചറിവുകളുടെയും നിലങ്ങൾ തന്നെയാണ്.

ദൈവവിളികൾക്കുവേണ്ടിയുള്ള പ്രാർത്ഥനാസന്ദേശത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ ആഗോളക്രൈസ്തവ സമൂഹത്തിന്റെ സമീപനരീതിയിലെയും മാനസികനിലയിലെയും മാറ്റങ്ങൾക്ക് പ്രചോദനമാകുകയാണ്. കേരളകത്തോലിക്കാസഭയുടെ ഇന്നത്തെ ശൈലികളുടെ വെളിച്ചത്തിൽ ചില സൂചനകൾ ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും പ്രവർത്തിക്കുവാനുമായി നാം തിരഞ്ഞെടുക്കേണ്ടതുണ്ട്. പരിശുദ്ധ പാപ്പ സൂചിപ്പിച്ച മൂന്ന് സുവിശേഷഭാഗങ്ങളെ ആസ്പദമാക്കി ചില ധ്യാനശകലങ്ങൾ മുന്നോട്ട് വയ്ക്കട്ടെ.

I. ദൈവം മുളപ്പിക്കുന്ന വിത്തുകളെ ധ്യാനിച്ച് പ്രവർത്തന മണ്ഡലങ്ങളിലേയ്ക്ക് നാം ഇറങ്ങിത്തിരിക്കേണ്ടതുണ്ട്.

1. ദൈവം നൽകിയ വിത്ത് വിതയ്ക്കുവാൻ ആളുണ്ടാകണം. 'ആരെനിക്കായ് പോകും' എന്ന ചോദ്യം ഇന്നും പ്രസക്തമാണ്.
2. വിതക്കാരൻ നല്ല വിത്ത് ശേഖരിച്ച് വിതയ്ക്കണം. അത് ഔദാര്യമല്ല, ദൗത്യമാണ്. ദൈവവിളികളെ പിൻചെന്ന് പ്രേഷിതരാകുവാൻ കുട്ടികളെയും മുതിർന്നവരെയും ക്ഷണിക്കണം. വ്യക്തമായിത്തന്നെ.
3. പ്രത്യാശയോടെ കാത്തിരിക്കണം. വളർച്ച നൽകുന്നത് ദൈവമാണെന്നറിഞ്ഞുകൊണ്ട് വിതച്ചശേഷം പ്രാർത്ഥനാനിർഭരമായി കാത്തിരിക്കാനാകണം. മതാദ്ധ്യാപകരുടെയും വൊക്കേഷൻ

പ്രൊമോട്ടേഴ്സിന്റെയും പ്രവർത്തനത്തിന് അപ്പപ്പോൾതന്നെ പ്രതിഫലം വേണമെന്ന വാശി അരുത്.

II. നിരാശയുടെ യാമങ്ങളിലും തെരുവിന്റെ പ്രാർത്ഥനാക്രമങ്ങളുമായി ദൈവം കൂടെ നടക്കുന്നു എന്ന തിരിച്ചറിവിൽനിന്ന് നാം പ്രചോദിതരാകണം.

1. ശീലിച്ചുവന്ന ഘടന – സംഘടനാരീതികൾക്കുമപ്പുറം നിരാശയിലും ഇരുട്ടിലും ജീവിക്കുന്നവരുടെ കൂടെ നടന്ന് അവർക്ക് പ്രചോദനം നൽകുവാനും അവരുടെ കാഴ്ചകൾക്ക് തെളിമ നൽകുവാനും ആവണം ഓരോ ദൈവവിളിയും.
2. സഭാനേതൃസ്ഥാനങ്ങളിൽ ഇരിക്കുന്നവരിലും നയിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നവരിലും മറ്റുള്ളവർ കാണേണ്ടത് അവരുടെ കൂടെ നടക്കുവാൻ തയ്യാറാകുന്ന യേശുവിനെയാണ്. സാബത്തിന്റെയും നിയമത്തിന്റെയും ചട്ടക്കൂടുകളും അധികാരത്തിന്റെയും സ്വഭാവവൈകല്യങ്ങളുടെയും പ്രതിഫലനമല്ല ദൈവകരുണയാണ് മറ്റുള്ളവർക്ക് വേണ്ടത്. ധാർഷ്ഠ്യവും അഹങ്കാരവും അധികാര-കുത്സിത ശ്രമങ്ങളും ക്രിസ്തുശിഷ്യർക്ക് ചേർന്നതല്ല. അവർ വിളിക്കപ്പെട്ടിരിക്കുന്നത് കരുണയിലേക്കാണ്.
3. ഓരോ പ്രേഷിത പ്രവർത്തനത്തിലും ക്രിസ്തു സഹസഞ്ചാരിയാണ് (സുവിശേഷത്തിന്റെ സന്തോഷം, 266).

III. ദിവ്യാത്മാവിനാൽ അഭിഷേചിതനായി ദരിദ്രർക്ക് സുവിശേഷം പ്രസംഗിക്കുവാൻ അയയ്ക്കപ്പെട്ട കർത്താവിനെ ധ്യാനിച്ച് ഇനിയും ചില തിരിച്ചറിവുകൾ സ്വായത്തമാക്കണം.

1. ദൈവാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവനാണ് ഞാൻ എന്ന തിരിച്ചറിവോടെ അഭിഷേകം ചെയ്യപ്പെട്ടവരും അയയ്ക്കപ്പെട്ടവരും പെരുമാറുക.
2. അഭിഷേകം ചെയ്യപ്പെട്ടത് സ്വന്തം കൂടാരത്തിലും സംരക്ഷിത കവചത്തിലും പരിലസിക്കാനല്ല. മറിച്ച്, ദൈവപദ്ധതി വിളിക്കുന്നിടത്തേയ്ക്ക് ഇറങ്ങിത്തിരിക്കാനാണ്. ദൈവാത്മാവിന്റെ അഭിഷേകത്തിന് അതിരുകൾ നിർവ്വചിച്ചുകൂടാ.
3. "ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ" വേണ്ടിയാണ് ഓരോ അഭിഷിക്തനും അയയ്ക്കപ്പെട്ടിരിക്കുന്നത്. സ്വന്തം വ്യക്തിമാഹാത്മ്യത്തെയോ പാരമ്പര്യത്തെയോ സംഘടനകളെയോ സമൂഹത്തെയോ അല്ല പ്രഖ്യാപിക്കേണ്ടത്.

ഫ്രാൻസിസ് മാർപാപ്പ പ്രചോദിപ്പിച്ച ചിന്തകളിൽനിന്ന് കേരളകത്തോലിക്കാസഭയ്ക്ക് പ്രവർത്തനമണ്ഡലത്തിലെത്തിക്കുവാൻ ചില സൂചനകൾകൂടി നൽകട്ടെ.

1. ദൈവവിളി പ്രോത്സാഹനമേഖലയിൽ കൂടുതൽ പേർ പ്രവർത്തിക്കുക;പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുക; കുടുംബങ്ങളിലും ഇടവകകളിലും രൂപതകളിലും ഇവരെ സ്വീകരിക്കുക.
2. വിളിക്കപ്പെട്ടതും നിയോഗിക്കപ്പെട്ടതും ക്രിസ്തുവിനാൽ ആകയാൽ കുടുംബങ്ങളിലും ഇടവകകളിലും ദൈവവിളി സ്വീകരിച്ച് പ്രേഷിതപ്രവർത്തനത്തിന് പോകാൻ താല്പര്യം കാണിക്കുന്ന കുട്ടികളെയും യുവതീയുവാക്കളെയും പ്രോത്സാഹിപ്പിക്കുക, അനുവദിക്കുക: തടയരുത്. "കുട്ടികൾ എന്റെ അടുക്കൽ വരുവാൻ അവരെ അനുവദിക്കുവിൻ."
3. ദിവ്യാത്മാവ് പ്രചോദിപ്പിക്കുന്നിടത്തേയ്ക്ക് പ്രേഷിതപ്രവർത്തനം ചെയ്യുവാനായി അർത്ഥികളെ അനുവദിക്കുക. മനുഷ്യനിർമ്മിത ഘടനകൾ ക്രിസ്തുവിന്റെ പ്രവർത്തനത്തെ തടയരുത്. കുടുംബം, ഇടവക, റീത്ത്, സംസ്ഥാനം, രാജ്യം ... ഇതൊക്കെ പരിധികളായി നിശ്ചയിക്കുന്നത് ദിവ്യാത്മാവിനോടുള്ള തുറവിയില്ലായ്മയാണ്. അറിവോടെ പരിശുദ്ധാത്മാവിനെതിരെ നാം പ്രവർത്തിക്കരുത്.
4. ദിവ്യകാരുണ്യകൂദാശയാണ് സകല ദൈവവിളികളുടെയും ശക്തിസ്രോതസ്സ് എന്നതിനാൽ എല്ലാ ഇടവകകളിലും ദൈവജനം പ്രാർത്ഥനയ്ക്കായി ഒത്തുകൂടുന്ന സകലയിടങ്ങളിലും ദൈവവിളി നിയോഗത്തിനായി ആരാധനകളും പ്രാർത്ഥനകളും സംഘടിപ്പിക്കുക. ദൈവവിളി സ്വീകരിച്ച് സേവനപാതയിൽ ഇറങ്ങിത്തിരിച്ചിരിക്കുന്നവർക്കുവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത ഇന്ന് കൂടിയിരിക്കുകയാണ്.
5. ഇസ്രായേൽ ജനം യുദ്ധത്തിൽ ജയിക്കാനായി മോശയുടെ കരങ്ങൾ ഉയർത്തിപ്പിടിക്കാൻ സഹായികൾ ഉണ്ടായിരുന്നതുപോലെ പുരോഹിതരുടെയും സന്യസ്തരുടെയും ജീവിത മേഖലകളിൽ സഹായവും പ്രാർത്ഥനകളുമായി ഓരോ കുടുംബവും ഓരോ ഇടവകയും കൂടെ ഉണ്ടാകണം. ബലഹീന ജീവിതങ്ങളിൽ ആശ്വാസത്തിന്റെയും അനുകമ്പയുടെയും സമീപനങ്ങൾ വിശ്വാസികളുടെ ഭാഗത്തുനിന്നും ഉണ്ടാകണം.
6. ഇടയ്ക്കിടയ്ക്ക് നിലനിൽക്കുന്ന ഉതപ്പ് നൽകുന്നതും അവഗണിക്കാനാകാത്തതുമായ മാനുഷിക ഇടർച്ചകളുടെയും

ഭീതിപ്പെടുത്തുന്ന സാമൂഹിക അരക്ഷിതാവസ്ഥകളുടെയും ഇടയിലും വിളിക്കുന്നവൻ വിശ്വസ്തനാണെന്നും അവൻ കൂടെയുണ്ടാകുമെന്നും പരസ്പരം ഓർമ്മിപ്പിച്ച്, പ്രോത്സാഹിപ്പിച്ച് പ്രത്യാശയോടെ കർത്താവിനുവേണ്ടി കൂടുതൽ സേവനം ചെയ്യുവാൻ എല്ലാ അഭിഷിക്തരും പരിശ്രമിക്കണം.

7. ക്രൈസ്തവ പൗരോഹിത്യവും സന്യാസവും ഇന്ന് പ്രത്യേകിച്ചും ഉന്നതമൂല്യമുള്ളതാണെന്ന തിരിച്ചറിവാണ് വല്ലപ്പോഴും സംഭവിക്കുന്ന വീഴ്ചകളെ മീഡിയ ആഘോഷങ്ങളാക്കുന്നത്. 'ഇത് ക്രിസ്തുവിന്റെ സഭയാണ്. ഒറ്റുകാരനായ യൂദാസിന്റേതല്ല' എന്ന ആത്മവിശ്വാസത്തോടെ ക്രിസ്തുവിനെയും സഭയെയും സ്നേഹിക്കുവാനും ആ സ്നേഹം പ്രകടമാക്കുവാനും എല്ലാവരും പരിശ്രമിക്കണം.

പ്രിയമുള്ളവരേ, സമൂഹത്തിന് അപമാനമായിരുന്ന കുരിശിനെ രക്ഷയുടെ ഉപാധിയാക്കി മാറ്റിയ ക്രിസ്തുവാണ് എല്ലാ ദൈവവിളികളുടെയും അടിസ്ഥാനം. പിൻചെല്ലേണ്ടത് ക്രിസ്തുവിനെ തന്നെയാണ്.

ദൈവവിളി മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും കെ.സി.ബി.സി.യുടെ പേരിൽ ആത്മാർത്ഥമായി നന്ദി പറയുന്ന തോടൊപ്പം നിശിതമായി പാവങ്ങളുടെയും കരുണയുടെയും പക്ഷംപിടിച്ചുകൊണ്ട് പ്രവർത്തിക്കുവാൻ കൂടുതൽ നല്ല ഹൃദയങ്ങൾ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മിഷൻ
**ആർച്ച് ബിഷപ്പ് ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മിഷൻ
**ബിഷപ്പ് സാമുവൽ മാർ ഇരനേയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മിഷൻ

---

**NB:- ഈ സർക്കുലർ 2017 മെയ് മാസം 7 -ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

## ഒന്നായി മുന്നോട്ട്

*(ഏപ്രിൽ മാസം ബുള്ളറ്റിൻ തുടർച്ച)*

**നേതൃത്വശുശ്രൂഷയുടെ തലത്തിൽ**

1. മെത്രാന്മാരുടെ ഇടവക സന്ദർശനത്തെയും അവരുമായി ബന്ധപ്പെട്ട ആഘോഷങ്ങളെയും സംബന്ധിച്ച് ശ്രദ്ധിക്കേണ്ടതും മാറ്റം വരുത്തേണ്ടതുമായ കാര്യങ്ങൾ ഓരോ മെത്രാനും തന്റെ രൂപതയിൽ അറിയിക്കുന്നതായിരിക്കും.
2. വൈദികർ അവരുടെ അനുദിന ജീവിതസാക്ഷ്യത്തിലും അജപാലന ശുശ്രൂഷയിലും വരുത്തേണ്ട മാറ്റങ്ങളെയും സ്വീകരിക്കേണ്ട നിലപാടുകളെയുംകുറിച്ച് രൂപതാമേലദ്ധ്യക്ഷന്മാർ അവർക്കു നിർദ്ദേശങ്ങൾ നൽകുന്നതാണ്.
3. സന്യസ്തസമൂഹങ്ങളും സന്യസ്തരും അവരുടെ സമർപ്പണ ജീവിതത്തിന്റെയും ശുശ്രൂഷകളുടെയും തലങ്ങളിൽ സ്വീകരിക്കേണ്ട ലാളിത്യത്തിന്റെ നിലപാടുകളും തങ്ങളുടെ സിദ്ധി (charism) ക്കനുസരിച്ച് വരുത്തേണ്ട മാറ്റങ്ങളും സന്യാസശ്രേഷ്ഠരുടെ തീരുമാനങ്ങൾക്കു വിധേയമാക്കി സന്യാസസമർപ്പണസാക്ഷ്യം കൂടുതൽ ദീപ്തവും ഫലപ്രദവുമാക്കേണ്ടതാണ്.

**രൂപതാ തലത്തിൽ**

4. ഇടവകകളിലെയും സ്ഥാപനങ്ങളിലെയും നിർമ്മാണപ്രവർത്തനങ്ങൾക്ക് സഭയിലെ പ്രബോധനങ്ങൾക്ക് അനുസൃതമായ ലാളിത്യം ഉണ്ടാകേണ്ടതിന് കൃത്യമായ നിയമങ്ങൾ രൂപതാതലത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.
5. ഇടവകകളിലെയും സ്ഥാപനങ്ങളിലെയും സന്യാസസമൂഹങ്ങളിലെയും കുടുംബങ്ങളിലെയും ആഘോഷങ്ങൾ ക്രിസ്തീയ ജീവിതശൈലിയിൽ ലളിതമായി നടത്തുന്നതിന് പ്രത്യേകം പ്രത്യേകം മാർഗനിർദ്ദേശങ്ങൾ ഓരോ രൂപതയും സന്യാസസമൂഹവും തയ്യാറാക്കി നൽകേണ്ടതാണ്.
6. ഒരു നിശ്ചിത ശതമാനം സീറ്റുകൾ സ്കൂളുകളിലും, കോളേജുകളിലും, പ്രൊഫഷണൽ വിദ്യാഭ്യാസസ്ഥാപനങ്ങളിലും ആശുപത്രികളിലും അർഹതയുള്ള പാവപ്പെട്ടവർക്കായി മാറ്റി വയ്ക്കുവാൻ രൂപതകളും സന്യാസസമൂഹങ്ങളും നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ പാവപ്പെട്ട രോഗികൾക്ക് സഭയുടെ ആശുപത്രികളിൽ ഉദാരമായ ഇളവുകൾ നൽകേണ്ടതാണ്.

7. ഓരോ രൂപതയും തങ്ങളുടെ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം ദളിത് ക്രിസ്ത്യാനികൾ, കർഷകർ, മുക്കുവർ, വിധവകൾ, നിർദ്ധനരായ വിദ്യാർത്ഥികൾ എന്നിവർക്ക് സാമ്പത്തിക സഹായമായി നൽകേണ്ടതാണ്.

8. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതും അദ്ധ്യാപകർക്കും മറ്റ് സ്റ്റാഫ് അംഗങ്ങൾക്കും ജോലി നൽകുന്നതും നിയമാനുസൃതവും സുതാര്യവുമായിരിക്കണം.

9. രണ്ടിലേറെ കുട്ടികളുള്ള കുടുംബങ്ങൾക്ക് സാമ്പത്തികമായ ബുദ്ധിമുട്ടുണ്ടെങ്കിൽ അവർക്ക് വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും ആവശ്യമായ പ്രത്യേക സാമ്പത്തികസഹായങ്ങൾ സംലഭ്യമാക്കാൻ രൂപതാ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

10. ലൈംഗികതയെ സംബന്ധിച്ച് ക്രൈസ്തവദർശനം കുടുംബങ്ങൾക്കായി, പ്രത്യേകിച്ച് കുട്ടികൾക്കും യുവജനങ്ങൾക്കുമായി നൽകണം. പ്രോലൈഫ്, പ്രോഫാമിലി പരിപാടികൾ എന്നിവ ഇടവകകൾ കൂടുതലായി സംഘടിപ്പിക്കണം. ഗർഭഛിദ്രം തടയാൻ വേണ്ടി നവദമ്പതികൾക്കും ഡോക്ടർമാർക്കും നേഴ്സുമാർക്കും ബോധവത്കരണ പരിപാടികൾ രൂപതാ/ഫൊറോനാ തലങ്ങളിൽ നടത്തണം.

11. പ്രായപരിധികൾക്കനുസരിച്ചും, കുടുംബതലത്തിലും, ധ്യാനങ്ങളും ബോധവല്ക്കരണസെമിനാറുകളും കൂടുതലായി പ്രോത്സാഹിപ്പിക്കണം.

12. മദ്യത്തിനും മയക്കുമരുന്നിനും മറ്റ് ആസക്തികൾക്കും അടിമകളായവരെ വീണ്ടെടുക്കുന്ന അജപാലനപ്രവർത്തനങ്ങൾ കൂടുതൽ ആസൂത്രണം ചെയ്യുകയും അതിനാവശ്യമായുള്ള സംവിധാനങ്ങൾ കൂടുതലായി ഏർപ്പെടുത്തുകയും വേണം. പ്രത്യേകം സംവിധാനങ്ങൾ ഉണ്ടാക്കുവാൻ സാധിക്കാത്ത രൂപതകൾ അയൽരൂപതയിലെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

13. ഓരോ ഇടവകയുടെയും സമൂഹത്തിന്റെയും ആവശ്യങ്ങൾക്കും സാദ്ധ്യതകൾക്കും അനുസരിച്ച് വിവിധ പ്രേഷിതമേഖലകളിൽ പ്രാവീണ്യം സിദ്ധിച്ചവരുടെ സംഘങ്ങൾ (resource teams) ഫൊറോനാകളുടെയോ ഇടവകകളുടെയോ മേൽനോട്ടത്തിൽ രൂപപ്പെടുത്തി അവരുടെ ശുശ്രൂഷകൾ നിജപ്പെടുത്തുന്നത് ഇടവകകളുടെയും കുടുംബങ്ങളുടെയും വളർച്ചക്ക് ആവശ്യമാണ്.

14. സഭയിൽ നേതൃത്വശുശ്രൂഷയിലേക്ക് കടന്നുവരുന്ന അല്മായ സഹോദരങ്ങൾക്ക്, പ്രത്യേകിച്ച് കൈക്കാരന്മാർ, ദേവാലയശുശ്രൂ

ഷികൾ, മതാദ്ധ്യാപകർ, കുടുംബകൂട്ടായ്മ ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ എന്നിവർക്ക് സഭയുടെ ശരിയായ ജീവിതശൈലിക്ക് യോജിച്ച ലാളിത്യത്തെക്കുറിച്ച് വേണ്ടത്ര പരിശീലനം നൽകണം.

15. യുവജനങ്ങളുടെ ജോലിസാദ്ധ്യതകൾ സംബന്ധിച്ചും വ്യത്യസ്ത രീതികളിൽ ക്ലേശമനുഭവിക്കുന്നവർക്കുള്ള സർക്കാർ പദ്ധതികൾ, സബ്സിഡികൾ, സഹായങ്ങൾ മുതലായവയെക്കുറിച്ചും അറിവ് നൽകുന്നതിനായി, *"ഹെൽപ് ഡെസ്ക്"*, രൂപതാ/ഫൊറോനാ തലങ്ങളിൽ ഏർപ്പെടുത്തണം.

16. ഫ്ളക്സ് ഉപയോഗം നിരുത്സാഹപ്പെടുത്തണം. വെടിക്കെട്ട്, ഉച്ചഭാഷിണിയുടെ ഉപയോഗം എന്നിവ രൂപതാതലത്തിൽ നൽകുന്ന നിബന്ധനകൾക്ക് വിധേയമാക്കണം.

**ഇടവകാതലത്തിൽ**

17. അജപാലകർ, ഓരോ ഇടവകയും അതിലെ കുടംബങ്ങളും നേരിടുന്ന പ്രശ്നങ്ങൾ പ്രാധാന്യവും ഗൗരവവുമനുസരിച്ച് തിട്ടപ്പെടുത്തുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്യണം.

18. വിവാഹത്തിലും കുടുംബബന്ധങ്ങളിലുമുള്ള തകർച്ചകൊണ്ട് ദുരിതമനുഭവിക്കുന്ന വിശ്വാസികളെ സഹഗമിക്കുവാനും സന്തോഷപ്രദമായ കുടുംബജീവിതം പുനരാരംഭിക്കുവാൻ അവരെ സഹായിക്കാനുംവേണ്ടി എല്ലാ വൈദികരും സന്യസ്തരും പരിശ്രമിക്കണം. യോഗ്യരായ ദമ്പതികളെ ഇത്തരം അജപാലന ശുശ്രൂഷകൾക്കായി പരിശീലനം നൽകി നിയോഗിക്കണം.

19. കൗദാശികവിവാഹം കൂടാതെയുള്ള സിവിൽവിവാഹം, വിവാഹത്തിനു മുമ്പുള്ള കൂടിത്താമസം മുതലായ ഇന്നത്തെ ആഗോളസാംസ്കാരിക പ്രവണതകളെ തടയാൻ അജപാലകർ വിശ്വാസികളെ പ്രത്യേകം സഹായിക്കണം.

20. മറ്റ് മതവിഭാഗങ്ങളുമായി വിവാഹ ബന്ധത്തിലേർപ്പെട്ടിരിക്കുന്ന കുടുംബങ്ങളിലെ ഭാര്യാഭർത്താക്കന്മാർ, അവരുടെ കുട്ടികൾ എന്നിവരെക്കുറിച്ച് അജപാലകർക്ക് പ്രത്യേകം ശ്രദ്ധയുണ്ടായിരിക്കണം.

21. കുടുംബങ്ങളുടെ തുടർപരിശീലനത്തിനുവേണ്ടി വിവാഹാനന്തര ബോധവൽക്കരണ പരിശീലനപദ്ധതികൾ കുടുംബ പ്രേഷിതത്വ കേന്ദ്രങ്ങളിൽ തുടങ്ങണം.

22. കുടുംബങ്ങൾ, ഇടവകകൾ ഉൾപ്പെടെ സഭയുടെ എല്ലാ തലങ്ങളിലും സ്ത്രീപുരുഷന്മാരുടെ തുല്യമഹത്വം ഉറപ്പാക്കുകയും തുല്യപങ്കാളിത്തത്തിന് അവസരമൊരുക്കുകയും വേണം. കുടുംബങ്ങളിൽ

ഉത്തരവാദിത്വപൂർണ്ണമായ സ്ത്രീപുരുഷ പങ്കാളിത്തത്തോടുകൂടി സാമ്പത്തികമുൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ട താണ്.

23. ഇടവക ഉൾപ്പെടെയുള്ള സഭയുടെ ഭരണസംവിധാനങ്ങളിൽ അമിതമായ ഉദ്യോഗസ്ഥ മേധാവിത്വശൈലി ഉപേക്ഷിക്കണം. സഭാസംവിധാനങ്ങളുടെ ഓഫീസുകൾ അജപാലനശുശ്രൂഷയുടെ സ്വഭാവം നിലനിർത്തുകയും ആവശ്യമെങ്കിൽ ജനങ്ങൾക്ക് കൂടുതൽ സംലഭ്യമാകുംവിധം പുനഃക്രമീകരണം നടത്തുകയും വേണം.

24. വൈദികരിൽനിന്നും സമർപ്പിതരിൽനിന്നും കൂടുതൽ ഹൃദ്യമായ വാക്കുകളും സമീപനങ്ങളും എല്ലാ ജനങ്ങൾക്കും, വിശിഷ്യാ, യുവജനങ്ങൾക്ക് ലഭിക്കണം.

25. തിരുനാളുകൾ ഇടവകയുടെ പൊതുവായ ആഘോഷമായിരിക്കുവാൻ ശ്രദ്ധിക്കുകയും ഒരു വ്യക്തിയെയോ, കുടുംബത്തെയോ മാത്രമായി പ്രസുദേന്തിയാക്കുന്നത് നിരുത്സാഹപ്പെടുത്തുകയും വേണം.

26. എല്ലാ ആഘോഷങ്ങളുടെയും നടത്തിപ്പിനായി ശേഖരിക്കുന്ന തുകയുടെ 10% ൽ കുറയാത്ത ഒരു ഭാഗം, പാവങ്ങൾക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി മാറ്റിവയ്ക്കണം.

27. പരിസ്ഥിതി സംരക്ഷണത്തിനായി ഇടവകകളും സ്ഥാപനങ്ങളും ക്ലീൻ പാരിഷ് പരിപാടികളും ക്ലീൻ ക്യാംപസ് പ്രോജക്റ്റുകളും നടപ്പിലാക്കണം.

**കുടുംബതലത്തിൽ**

28. ഓരോ കുടുംബവും കുടുംബപ്രാർത്ഥനയ്ക്കുള്ള തങ്ങളുടെ സമയം നിശ്ചയിച്ച് പ്രാർത്ഥിക്കണം. പ്രാർത്ഥനയ്ക്കുശേഷം മാതാപിതാക്കൾക്കും മുതിർന്നവർക്കും മക്കൾ സ്തുതി ചൊല്ലുന്ന രീതി എല്ലാ കുടുംബങ്ങളും അനുവർത്തിക്കേണ്ടതാണ്.

29. കുടുംബങ്ങളിൽ സ്നേഹം വർദ്ധിച്ചുവരുവാൻ കുടുംബാംഗങ്ങളുടെ ഒന്നുചേരൽ, കുടുംബപ്രാർത്ഥന, ഒരുമിച്ചിരുന്നുള്ള സംഭാഷണം, ഭക്ഷണം, യാത്രകൾ മുതലായവ പതിവായി നടത്തണം.

30. പെസഹാ അപ്പം മുറിക്കൽ, തിരുനാൾ വിരുന്ന് മുതലായ കുടുംബത്തിലെ ആചാരങ്ങളും കർമ്മങ്ങളും ഇടവകതലത്തിൽ നടത്തുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. പരമ്പരാഗതമായ ഊട്ടുസദ്യയുള്ള ദേവാലയങ്ങളെ അപവാദമായി കാണാവുന്നതേയുള്ളൂ.

31. വിവിധ മതവിശ്വാസികൾ ഒന്നിച്ചു താമസിക്കുന്ന ഭാരതത്തിന്റെ പരിതോവസ്ഥയിൽ, മാധ്യമങ്ങളിലൂടെ സഭയെയും അജപാലനപ്രവർത്തനങ്ങളെയും നിഷേധാത്മകമായി വിമർശിക്കുന്നതിൽ നിന്ന് വിശ്വാസികൾ വിട്ടുനിൽക്കേണ്ടതാണ്. എന്നാൽ അജപാലന

നേതൃത്വം അല്മായരിൽ നിന്നുള്ള സർഗാത്മക വിമർശനങ്ങളോടും നിർദ്ദേശങ്ങളോടും തുറവിയുള്ളതായിരിക്കണം.

32. ഓരോ വിശ്വാസിയും തന്റെ സമ്പാദ്യത്തിന്റെ ദശാംശം ദൈവാലയത്തിന് കൊടുക്കുന്ന രീതി കഴിവതും പ്രാവർത്തികമാക്കേണ്ടതാണ്.
33. സമ്പന്നകുടുംബങ്ങൾ ദരിദ്രകുടുംബങ്ങളെ ദത്തെടുക്കുകയും സാമ്പത്തികവും വിദ്യാഭ്യാസപരവും സാമൂഹികവുമായ ആവശ്യങ്ങളിൽ സഹായിക്കുകയും ചെയ്യണം.

**മിഷൻ പ്രവർത്തനങ്ങൾ**

34. സഭയുടെ മിഷൻപ്രവർത്തനങ്ങളിൽ നേരിട്ടും അല്ലാതെയും സഹകാരികളാകാൻ അല്മായ സഹോദരങ്ങൾക്ക് അജപാലകർ അവസരങ്ങൾ നൽകണം. അല്മായർ നടത്തുവാൻ ആഗ്രഹിക്കുന്ന മിഷൻസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം.
35. മിഷൻപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുവാൻ സഭയുടെ മൗണ്ട് സെന്റ് തോമസ് ആസ്ഥാനകാര്യാലയത്തിൽ പ്രവർത്തിക്കുന്ന "സീറോ മലബാർ മിഷനെ" (SyMM) നിർലോപമായ സഹകരണം നൽകി ശക്തിപ്പെടുത്തണം.
36. നല്ല സാമ്പത്തികശേഷിയുള്ള ഇടവകകളും സ്ഥാപനങ്ങളും, നമ്മുടെ മിഷൻരൂപതകൾ, മിഷൻ റീജനുകൾ, മിഷൻ സെന്ററുകൾ എന്നിവയെ ദത്തെടുക്കണം.
37. മിഷണറിമാരെ, അവരുടെ മിഷൻ പ്രദേശത്തുണ്ടാകുന്ന അനുഭവങ്ങൾ പങ്കുവയ്ക്കാനും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കാനുമായി ഇടവകകളിലേക്കും രൂപതകളിലേക്കും ക്ഷണിക്കണം.

**പ്രവാസികൾ**

38. പ്രവാസികളുടെ സമൂഹങ്ങളിലെല്ലാം സിനഡിന്റെ നിർദ്ദേശങ്ങളനുസരിച്ച് ലിറ്റർജിയും കൂദാശകളും ആഘോഷിക്കണം.
39. പ്രാവാസികളുടെ പേരു രജിസ്റ്റർ ചെയ്യാൻ സഹായിക്കുന്നതിന് പ്രവാസികളുടെ ഒരു ഡേറ്റാ ബാങ്ക് സഭയുടെ വ്യത്യസ്ത തലങ്ങളിൽ ശേഖരിക്കണം. കാര്യക്ഷമമായ ബന്ധം പ്രവാസികളുടെയിടയിലും പ്രവാസികളുമായും ഇന്ത്യക്കു പുറത്തുള്ള രൂപതകളുമായും വളർത്തുവാൻ വേണ്ടി വെബ്സൈറ്റും മറ്റ് ആധുനിക സാമൂഹിക മാധ്യമസങ്കേതങ്ങളും സൗകര്യങ്ങളും ഉപയോഗപ്പെടുത്തണം.
40. ഉന്നതവിദ്യാഭ്യാസത്തിനും ജോലിക്കുംവേണ്ടി ഇടവക വിട്ടുപോകുന്ന യുവതീയുവാക്കളുടെ ഒരു പട്ടിക ഇടവകകൾ സൂക്ഷിക്കണം. അവർ ജീവിക്കുന്ന പുതിയ സ്ഥലങ്ങളിൽ അവരെ സീറോമലബാർ സമൂഹവുമായി ബന്ധപ്പെടാൻ അജപാലകർ സഹായിക്കണം.

41. പ്രവാസികളെയും അവരുടെ തുടർതലമുറകളെയും സജീവക്രൈസ്തവരും പക്വതയുള്ള മിഷണറിമാരുമാക്കുവാൻ സുശക്തമായ സംഘടിത സംവിധാനങ്ങൾ രൂപതകളിലും പ്രവാസിസമൂഹങ്ങളിലും ഉണ്ടാകണം. റിസേർച്ച് സെന്റർ ഉൾപ്പെടെയുള്ള സ്ഥിരമായ പ്രവാസി ഗ്ലോബൽ ഓഫീസ്, പ്രവാസി ദൈവശാസ്ത്രഫോറം, വിശ്വാസപരിശീലന വിഭാഗത്തിന്റെ ആഗോളശാഖകൾ എന്നിവ ഉണ്ടാകണം.

42. പ്രാവാസികളായ വിശ്വാസികൾ മാതൃഇടവകകളിൽനിന്ന് കൂദാശകൾ ആവശ്യപ്പെടുമ്പോൾ അവർക്ക് കൂടുതൽ സ്വീകാര്യതയോടും സ്വാതന്ത്ര്യത്തോടും അവ ലഭിക്കുവാൻ ഇടയാകണം. അതേസമയം, പ്രവാസികൾ അവർക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന സഭാസംവിധാനങ്ങളോട്, വിശിഷ്യാ, ഫ്രീ-സ്റ്റേറ്റ് സർട്ടിഫിക്കറ്റോ മറ്റ് എഴുത്തുകളോ ഉണ്ടായിരിക്കണമെന്ന ക്രമീകരണത്തോട്, സഹകരിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

43. പ്രവാസപ്രദേശങ്ങളിൽ പ്രോവിൻസുകളും ഭവനങ്ങളും തുടങ്ങുവാൻ സീറോമലബാർ സഭയിൽപ്പെട്ട സമർപ്പിത സമൂഹങ്ങൾ തയ്യാറാകണം. അവർ ലത്തീൻ രൂപതകളിലാണു ശുശ്രൂഷ ചെയ്യുന്നതെങ്കിലും അവരുടെ ഭവനങ്ങളിൽ സീറോമലബാർ ലിറ്റർജി ആഘോഷിക്കാനും സഭയുടെ തനിമയനുസരിച്ചു ജീവിക്കാനും ശ്രദ്ധിക്കണം.

**പൊതുനിർദ്ദേശങ്ങൾ**

44. ആരാധനാക്രമത്തിലുള്ള ഐക്യവും അതിന്റെ സാരാംശങ്ങളിലുള്ള ഐകരൂപ്യവും പാലിക്കാൻ സീറോമലബാർ സഭയിലെ ദൈവജനം മുഴുവനും തയ്യാറാകണം.

45. ക്നാനായ സമൂഹത്തിനുവേണ്ടി, ആ സമൂഹത്തിന് പരിഗണനീയമായ അംഗങ്ങളുള്ള പ്രദേശങ്ങളിലെല്ലാം ക്നാനായ അജപാലന ശുശ്രൂഷാ സൗകര്യം സംലഭ്യമാക്കണം.

46. സീറോമലബാർ അല്മായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സിനെ അല്മായരും അജപാലകരും ഒരുപോലെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

47. സഭയുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന പത്രമാസികകളെയും മറ്റ് ആനുകാലികങ്ങളെയും ഇലക്ട്രോണിക് - ഇന്റർനെറ്റ് മാധ്യമങ്ങളെയും കഴിവതും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

48. പാർശ്വവത്ക്കരിക്കപ്പെട്ടവർ ഇന്ത്യയിൽ ക്രൂരമായ പീഡനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്നത് തികച്ചും അപലപനീയമാണ്. ദളിതരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും മതന്യൂനപക്ഷങ്ങ

ളുടെയും വിമോചനത്തിനും ശാക്തീകരണത്തിനും വേണ്ടി നാം മുന്നിട്ടിറങ്ങണം. പാർശ്വവത്ക്കരിക്കപ്പെട്ടവർക്കുള്ള അവകാശങ്ങൾ സർക്കാരിൽ നിന്ന് നേടിയെടുക്കുവാൻ ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ തേടേണ്ടതാണ്.

49. പശ്ചിമഘട്ടത്തിലുള്ള കൃഷിക്കാരുടെ ദയനീയ സ്ഥിതിയിൽ ഉത്കണ്ഠപ്പെടുകയും അവരുടെ ദു:ഖങ്ങളിലും ആകുലതകളിലും പൂർണമായി പങ്കുചേരുകയും ചെയ്യണം.

50. തീരദേശങ്ങളിൽ കഴിയുന്നവരുടെ ഉദ്ധാരണത്തിനായി ക്രിയാത്മക പദ്ധതികൾ സർക്കാരിന്റെ പിന്തുണയോടെ നടപ്പിലാക്കണം.

51. നഷ്ടത്തിൽ കലാശിക്കുന്ന കൃഷികൾക്കും പരമ്പരാഗത വ്യവസായങ്ങൾക്കുംപകരം ലാഭകരമായ കൃഷികളിലേക്കും പുതിയ വ്യവസായ സംരംഭങ്ങളിലേക്കും തിരിയുവാൻ നാം പരിശ്രമിക്കണം.

52. പൊതുസ്ഥാപനങ്ങളിലും സ്വകാര്യസ്ഥാപനങ്ങളിലുമുള്ള അഴിമതി, നീതിരഹിതമായ വേതനം തുടങ്ങിയ സാമൂഹികദ്രോഹങ്ങളും, ജലം, വായു തുടങ്ങിയവയെ മലിനമാക്കുന്ന പാരിസ്ഥിതിക ദ്രോഹങ്ങളും ഉണ്ടാകുമ്പോൾ അത്തരം പ്രവൃത്തികളെ നിരോധിക്കുന്നതിനും നീതി പുനഃസ്ഥാപിക്കുന്നതിനും വേണ്ടി സഭാമക്കൾ ക്രിയാത്മകമായി പ്രതികരിക്കുകയും ആവശ്യമെങ്കിൽ പ്രതിപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യണം.

53. സീറോമലബാർ സഭയിലെല്ലാം സമുചിതസന്ദർഭങ്ങളിൽ "സീറോമലബാർ സഭാഗാനം" പാടുന്ന രീതി അവലംബിക്കണം.

**വിലയിരുത്തി മുന്നോട്ട്**

54. അസംബ്ലിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഗുണമേന്മയുള്ളതും പ്രായോഗികവുമായ ധാരാളം മാർഗ്ഗങ്ങൾ സഭാ-രൂപതാ-സന്യാസസമൂഹ തലങ്ങളിൽ കണ്ടെത്തുകയെന്നത് സുപ്രധാന കാര്യമാണ്. അസംബ്ലിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള എല്ലാ പരിശ്രമങ്ങളുടെയും ഇടയ്ക്കിടയ്ക്കുള്ള വിലയിരുത്തൽ, സോഷ്യോ-പാസ്റ്ററൽ മോണിറ്ററിംഗ്, സഭാ-രൂപതാ-സന്യാസസമൂഹ-തലങ്ങളിൽ ഉണ്ടാകേണ്ടതാണ്.

*കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിൽനിന്ന്, 2017 ജനുവരി 6-ാം തീയതി, നമ്മുടെ കർത്താവ് ഈശോമിശിഹായുടെ ദനഹാത്തിരുനാളിൽ, നൽകപ്പെട്ടത്.*

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

## Syro-Malabar Church Anthem
## (സീറോമലബാർ സഭാഗാനം)

സീറോമലബാർ സഭയുടെ തനയർ
മാർതോമായുടെ മക്കൾ
ഘോഷിക്കുകയായ് ലോകം മുഴുവൻ
ഒരു ജനമായ് തിരുവചനം
ആർഷഭാരതസംസ്കാരത്തിൽ
ഉദയംകൊണ്ടൊരു നവജനത
ഇന്നീസഭതൻ മഹിതചരിത്രം
സാന്ദ്രം ശ്രേഷ്ഠം ദീപ്തം...
പള്ളികളേഴര തോമാശ്ലീഹാ
പടുത്തുയർത്തിയതോർക്കാം
വിശ്വാസത്തിനു ദർശനമേകും
മാർതോമാതൻ സച്ചരിതം
ശ്ലീഹാ നാട്ടിയ സ്ലീവാത്തണലിൽ
മുന്നേറും നാം ദൈവജനം
തനിമവിടാതെ കാത്തീടാം
ദൈവിക, ശ്ലൈഹിക സൂക്തം
സത്യം ജീവൻ മാർഗവുമൊരുപോൽ
സുതരിൽ നിതരാം കൃപയാകാൻ
മിശിഹാ നൽകിയ സ്നേഹപ്രഭയിൽ
വിശ്വം മുഴുവൻ തെളിയട്ടെ
അജപാലകനായ് വാണീടട്ടെ
തിരുസഭതലവൻ മാർപാപ്പാ
സീറോമലബാർ സഭയുടെ താതൻ
നിരതം നമ്മെ നയിക്കട്ടെ
ജയ ജയ പാരിൽ വിശ്രുതയായ്
സീറോമലബാർ സഭയെന്നും
ജയ ജയ തോമാശ്ലീഹാ
ക്രിസ്തുമഹോന്നത ശിഷ്യൻ (2)

# പുരോഹിതനും പുരോഹിത ശുശ്രൂഷയും

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

**തിരുവചനഭാഗം: മർക്കോ 6,30–7,37**

ശിഷ്യർക്ക് ഈശോ സ്വയം വെളിപ്പെടുത്തുന്ന ഒരു സുവിശേഷ ഭാഗമാണ് ഇത്. ആറാം അദ്ധ്യായത്തിൽ 7-13 വാക്യങ്ങളിൽ സുവിശേഷകൻ വിവരിച്ച ശിഷ്യന്മാരുടെ പ്രേഷിതയാത്രയുടെ പരിസമാപ്തി കുറിക്കുന്ന വാചകംകൊണ്ടാണ് ഈ ഭാഗം ആരംഭിക്കുന്നത്: "ശ്ലീഹന്മാർ ഈശോയുടെ അടുത്ത് ഒരുമിച്ചുകൂടി, തങ്ങൾ ചെയ്തതും പഠിപ്പിച്ചതും അറിയിച്ചു" (6,30). പന്ത്രണ്ടു പേരുടെ സംഘത്തെ 'ശ്ലീഹന്മാർ' അഥവാ 'അപ്പസ്തോലന്മാർ' എന്ന് മർക്കോസ് സുവിശേഷകൻ വിശേഷിപ്പിക്കുന്ന ഒരേയൊരു സന്ദർഭമാണിത്. 'ശ്ലീഹന്മാർ' എന്ന വാക്കിന്റെ അർത്ഥം 'അയയ്ക്കപ്പെട്ടവർ' എന്നാണ്. തങ്ങളെ അയച്ചവന്റെ അടുത്തേക്ക് തിരിച്ചുവന്ന് വിവരം ധരിപ്പിക്കുക എന്നത് ഔദ്യോഗിക സന്ദേശവാഹകരുടെ ഉത്തരവാദിത്വമായിരുന്നു. ശ്ലീഹന്മാർ തിരിച്ചുവന്ന് തങ്ങൾ പഠിപ്പിച്ചതും പ്രവർത്തിച്ചതും ഈശോയെ ധരിപ്പിക്കുന്നത് ശ്ലൈഹികശുശ്രൂഷയുടെ ഉറവിടം ഈശോയാണെന്നു വ്യക്തമാക്കുന്നു. നിത്യപുരോഹിതനായ മിശിഹായുടെ ശുശ്രൂഷയാണല്ലോ ശ്ലീഹന്മാരിലൂടെ കൈമാറപ്പെടുന്ന പുരോഹിതശുശ്രൂഷയുടെ ഉറവിടം.

ഗുരുവും അത്ഭുതപ്രവർത്തകനും സൗഖ്യദായകനുമായ ഈശോയെയാണ് ഈ സുവിശേഷഭാഗത്ത് നാം കാണുന്നത്. ദീർഘമായ പ്രബോധനം നല്കുന്ന ഈശോ (6,30–34), അപ്പം വർദ്ധിപ്പിക്കുന്ന ഈശോ (6,35–44), വെള്ളത്തിനു മീതെ നടക്കുന്ന ഈശോ (6,45–52), ഗനേസറത്തിൽ രോഗശാന്തികൾ നല്കുന്ന ഈശോ (6,53–56), യഥാർത്ഥ വിശുദ്ധിയുടെ പ്രബോധകനായ ഈശോ (7,1–23), ഫിനീഷ്യൻ സ്ത്രീയുടെ വിശ്വാസത്തെ പരീക്ഷിക്കുന്ന ഈശോ (7,24–30), ബധിരനു സൗഖ്യം നല്കുന്ന ഈശോ (7,31–37) എന്നിവയാണ് ഈ സുവിശേഷഭാഗത്തിന്റെ ഉള്ളടക്കം. പുരോഹിതശുശ്രൂഷയുടെ വിവിധ മുഖങ്ങളാണ് ഇവിടെ നമുക്കു വെളിപ്പെടുന്നത്.

**1. പ്രബോധനശുശ്രൂഷ**

*"അവൻ കരയ്ക്കിറങ്ങിയപ്പോൾ വലിയ ഒരു ജനക്കൂട്ടത്തെ കണ്ടു. അവരോട് അവന് അനുകമ്പ തോന്നി. കാരണം, അവർ ഇടയനില്ലാത്ത*

*ആട്ടിൻപറ്റംപോലെ ആയിരുന്നു. അവൻ അവരെ പല കാര്യങ്ങളും പഠി പ്പിക്കാൻ തുടങ്ങി.*" (6,34).

തങ്ങളുടെ പ്രേഷിതദൗത്യനിർവഹണത്തിന്റെ വിവരങ്ങളെല്ലാം തിരികെ വന്ന് അറിയിച്ച ശ്ലീഹന്മാരെ അവിടുന്നു വിശ്രമത്തിനായി ക്ഷണിക്കുന്നു: "അനേകം ആളുകൾ അവിടെ വരുകയും പോകുകയും ചെയ്തിരുന്നതിനാൽ ഭക്ഷണം കഴിക്കാൻപോലും അവർക്ക് ഒഴിവു കിട്ടിയിരുന്നില്ല. അതിനാൽ അവൻ പറഞ്ഞു: നിങ്ങൾ ഒരു വിജനസ്ഥ ലത്തേക്കു വരുവിൻ' അല്പം വിശ്രമിക്കാം" (6,31). തന്റെ ശിഷ്യരെ വിശ്രമിക്കാൻ ക്ഷണിക്കുന്നതിലൂടെ വിശ്രമം മനുഷ്യജീവിതത്തിന് ആവ ശ്യമുള്ള കാര്യംതന്നെയാണെന്ന് ഈശോ പഠിപ്പിക്കുന്നു. ശരീരത്തി ന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ആരോഗ്യം നോക്കാതെ അദ്ധ്വാനിക്കുന്നത് ദൈവരാജ്യത്തിനുവേണ്ടി അദ്ധ്വാനിക്കാനുള്ള നമ്മുടെ ആഗ്രഹത്തെയും കഴിവിനെയും പരിമിതപ്പെടുത്തുകയും ഇല്ലാ താക്കുകയും ചെയ്യും. വിശ്രമിക്കാൻ ഒരു വിജനപ്രദേശത്തേയ്ക്കാണ് ഈശോയും ശിഷ്യരും പോയത് (6,31-32). ഗലീലിയിലുള്ള 'താഫ്ഗാ' എന്ന സ്ഥലമായിരുന്നു അത് എന്ന് ചില ബൈബിൾ വ്യാഖ്യാതാക്കൾ പറയുന്നുണ്ട്. ഈശോ പതിവായി പ്രാർത്ഥനയ്ക്ക് പൊയ്ക്കൊണ്ടിരു ന്നതും ഗിരിപ്രഭാഷണം നടത്തിയതും ഉത്ഥിതൻ ശിഷ്യർക്കു പ്രത്യ ക്ഷപ്പെട്ടതും ഈ സ്ഥലത്താണെന്നു പറയപ്പെടുന്നു. പ്രാർത്ഥന നമുക്ക് വലിയ വിശ്രമം നല്കുന്ന അനുഭവമാണ് പ്രദാനംചെയ്യുന്നത്. നമ്മെ ഏറ്റമധികം സ്നേഹിക്കുന്ന പിതാവായ ദൈവവുമായുള്ള സ്നേഹസം ഭാഷണമാണല്ലോ പ്രാർത്ഥന. അതുകൊണ്ട് അനുദിനമുള്ള വ്യക്തിപ രമായ പ്രാർത്ഥനാജീവിതം നമ്മുടെ പുരോഹിതശുശ്രൂഷയുടെ അവ ശ്യഭാഗമാകണം.

വിശ്രമിക്കാൻ വിജനപ്രദേശത്തേയ്ക്കുപോയ ഈശോയും ശിഷ്യരും അവിടെ കണ്ടത് വലിയ ഒരു ജനക്കൂട്ടത്തെയാണ് (6,34). അവരോട് ഈശോയ്ക്ക് അനുകമ്പ തോന്നി. അവർ ഇടയനില്ലാത്ത ആട്ടിൻപറ്റംപോലെയായിരുന്നു എന്നതാണ് അനുകമ്പ തോന്നുവാൻ കാരണമായത്. അനുകമ്പ തോന്നിയ ഈശോ അവരെ പല കാര്യ ങ്ങളും പഠിപ്പിക്കാൻ തുടങ്ങി. നേരം വൈകുന്നതുവരെ പഠിപ്പിക്കുകയും ചെയ്തു (6,35). 'ഇടയനില്ലാത്ത ആടുകളോ'ടാണ് ജനക്കൂട്ടത്തെ ഈശോ ഉപമിച്ചത്. അവരെ അവിടുന്നു ദീർഘമായി പഠിപ്പിക്കുകയും ചെയ്യുന്നു. ഈശോ തന്റെ ഇടയദൗത്യം നിർവഹിക്കുന്നത് ജനക്കൂട്ടത്തെ പഠിപ്പിച്ചുകൊണ്ടാണ്. ജനം ആഗ്രഹിച്ചത് ഒരുപക്ഷേ രോഗശാന്തിയും മറ്റുമായിരിക്കണം. എങ്കിലും അവരുടെ അടിസ്ഥാന ആവശ്യം പ്രബോ

ധനമാണെന്ന് ഇടയൻ തിരിച്ചറിയുന്നു. അജപാലനശുശ്രൂഷയിൽ പ്രബോധനത്തിനുള്ള പ്രാധാന്യത്തെയാണ് ഇവിടെ എടുത്തുകാണിക്കുന്നത്. സഭയുടെ വിശ്വാസപ്രബോധനത്തിന് പുരോഹിതരുടെ അജപാലനശുശ്രൂഷയിൽ പ്രഥമസ്ഥാനമാണുള്ളത് (PO 4). എന്നാൽ, ഇന്ന് ഈ പ്രബോധനശുശ്രൂഷ വളരെയധികം അവഗണിക്കപ്പെടുന്നുണ്ട്. കരിസ്മാറ്റിക് നവീകരണപ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിൽ ബൈബിൾ കൺവൻഷനുകൾ വർദ്ധിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം പ്രബോധനത്തെക്കാൾ പ്രചോദനത്തിനു പ്രാധാന്യം നല്കുന്ന ശുശ്രൂഷകളായിട്ടാണ് പരിണമിക്കുന്നത്. പ്രബോധനം സ്വീകരിക്കുക എന്നതിനെക്കാൾ അനുഭവങ്ങൾ തേടുക എന്നതാണ് ഇന്ന് ജനങ്ങളെ കൺവൻഷനുകളിലേക്ക് ആകർഷിക്കുന്നത്. അതുകൊണ്ട് വിശ്വാസികളുടെ സമൂഹമായ സഭാസമൂഹം വേണ്ടതുപോലെ നവീകരിക്കപ്പെടുന്നില്ല. ആകയാൽ പുരോഹിതശുശ്രൂഷയിൽ പ്രബോധനശുശ്രൂഷയ്ക്ക് പ്രഥമസ്ഥാനം നല്കുവാൻ പുരോഹിതർ ശ്രദ്ധിക്കണം.

**2. അജപാലനശുശ്രൂഷ**

*"നേരം വൈകിയപ്പോൾ ശിഷ്യന്മാർ അവന്റെയടുത്തു വന്നു പറഞ്ഞു: ഇത് ഒരു വിജനപ്രദേശമാണല്ലോ. സമയവും വൈകിയിരിക്കുന്നു. ചുറ്റുമുള്ള നാട്ടിൻപുറങ്ങളിലും ഗ്രാമങ്ങളിലുംചെന്ന്, എന്തെങ്കിലും വാങ്ങി ഭക്ഷിക്കാൻ അവരെ പറഞ്ഞയയ്ക്കുക. അവൻ പ്രതിവചിച്ചു: നിങ്ങൾതന്നെ അവർക്കു ഭക്ഷിക്കുവാൻ കൊടുക്കുവിൻ. അവർ പറഞ്ഞു: ഞങ്ങൾ ചെന്ന് ഇരുന്നൂറു ദനാറയ്ക്ക് അപ്പം വാങ്ങിക്കൊണ്ടുവന്ന് അവർക്കു ഭക്ഷിക്കുവാൻ കൊടുക്കട്ടെയോ"* (6,35-37).

ഈശോയുടെ അടുത്തെത്താനുള്ള വ്യഗ്രതയിൽ, കഴിക്കാനെന്തെങ്കിലും എടുക്കുന്ന കാര്യം ജനം മറന്നു. അവിടുത്തെ പ്രബോധനത്തിൽ ലയിച്ചിരുന്നപ്പോൾ അവർ തങ്ങളുടെ വിശപ്പും ദാഹവുംപോലും അറിഞ്ഞില്ല. ശിഷ്യന്മാരാണ് അവരുടെ ആവശ്യങ്ങൾ ഈശോയെ അറിയിക്കുന്നത്. ജനങ്ങളെ അടുത്ത ഗ്രാമത്തിലേക്കു പറഞ്ഞയയ്ക്കുവാനാണ് ശിഷ്യന്മാർ നിർദ്ദേശിക്കുന്നത്. അപ്പോൾ ഈശോ പറയുന്നു: "നിങ്ങൾതന്നെ അവർക്കു ഭക്ഷിക്കുവാൻ കൊടുക്കുവിൻ" (6,37). സ്വന്തം ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാനുള്ള ശ്രമമായിരുന്നു ശിഷ്യരുടേത്. പക്ഷേ, ഈശോ നല്ല ഇടയനാണ്. ശിഷ്യന്മാർ അവിടുത്തെ ഇടയദൗത്യത്തിൽ പങ്കുചേരേണ്ടവരാണ്. നല്ല ഇടയൻ ആടുകളെ ചിതറിക്കുന്നവനല്ല; ഒന്നിപ്പിക്കുന്നവനാണ് (യോഹ 10,16). പച്ചപ്പുൽത്തകിടിയെക്കുറിച്ചുള്ള പരാമർശം (6,39-40) ഈ ഇടയദൗത്യത്തെ സൂചിപ്പിക്കുന്നുണ്ട്. ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷണം നടത്തുന്നവരുടെ

ദൗത്യം ദൈവരാജ്യസമൂഹത്തിനു രൂപംകൊടുക്കുകയാണ്. ഈശോയുടെ വചനം ശ്രവിച്ച് ദൈവരാജ്യസമൂഹമായിക്കൊണ്ടിരിക്കുന്ന ജനങ്ങളെ ചിതറിക്കാൻ പാടില്ല. ഓരോരുത്തരും സ്വന്തം കാര്യംമാത്രം നോക്കുകയല്ല; ഒരു സമൂഹമായി സഹകരണമനോഭാവത്തോടെ എല്ലാവരുടെയും കാര്യം ശ്രദ്ധിക്കുകയാണ് ദൈവരാജ്യസമൂഹത്തിന്റെ അഥവാ സഭയുടെ ശൈലി. ഇപ്രകാരം സഭയെ ഒരു കൂട്ടായ്മയായി പടുത്തുയർത്തുക എന്നതാണ് അജപാലകനെന്ന നിലയിൽ പുരോഹിതന്റെ ദൗത്യം.

അപ്പം വർദ്ധിപ്പിക്കുന്ന അത്ഭുതം പരിശുദ്ധ കുർബാനയെ സൂചിപ്പിക്കുന്നതാണ്. നാലു സുവിശേഷങ്ങളിലും രേഖപ്പെടുത്തപ്പെടുന്ന ഏക അത്ഭുതം ഇതു മാത്രമാണ്. സഭാസമൂഹങ്ങളുടെയെല്ലാം ജീവിത കേന്ദ്രം പരിശുദ്ധ കുർബാനയായിരുന്നതുകൊണ്ടായിരിക്കണം അതിനെ സൂചിപ്പിക്കുന്ന ഈ അത്ഭുതവിവരണം എല്ലാ സഭാപാരമ്പര്യങ്ങളിലും ഉണ്ടായിരുന്നത്. "അവൻ അഞ്ചപ്പവും രണ്ടു മീനും എടുത്ത് സ്വർഗത്തിലേക്കു നോക്കി, കൃതജ്ഞതാസ്തോത്രം ചെയ്ത് അപ്പം മുറിച്ചതിനുശേഷം ജനങ്ങൾക്കു വിളമ്പാൻ ശിഷ്യന്മാരെ ഏല്പിച്ചു" (6,41) എന്നു പറയുന്ന വാക്കുകൾ പരിശുദ്ധ കുർബാനയർപ്പണത്തെ ഓർമ്മിപ്പിക്കുന്നതാണ്. അന്ത്യത്താഴത്തിൽ പരിശുദ്ധ കുർബാന സ്ഥാപനവിവരണവുമായി സമാനത പുലർത്തുന്ന വാക്കുകളാണ് ഇവ (മർക്കോ 14,22). പരിശുദ്ധ കുർബാനയുടെ ഒരു മുന്നാസ്വാദനമായിട്ടാണ് സുവിശേഷകൻ അപ്പം വർദ്ധിപ്പിക്കൽ സംഭവത്തെ മനസ്സിലാക്കിയതെന്നു വ്യക്തമാണ്. സഭയിലെ പുരോഹിതരുടെ അജപാലനശുശ്രൂഷയുടെ ആത്യന്തികലക്ഷ്യം പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ഒരു കൂട്ടായ്മയായി സഭയെ കെട്ടിപ്പടുക്കുകയാണ്. "സഭയുടെ എല്ലാ പ്രവർത്തനങ്ങളും ഉന്നം വച്ചിരിക്കുന്നത് പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ ആരാധനക്രമമാണ്; അവളുടെ ശക്തി മുഴുവൻ നിർഗളിക്കുന്ന ഉറവിടവും ആരാധനക്രമമാണ്" എന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനം (SC 10) ഇവിടെ തികച്ചും പ്രസക്തമാണ്. അതുകൊണ്ട് പുരോഹിതർ കുർബാനയിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കുകയും അങ്ങനെ ജീവിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

**3. വിശുദ്ധീകരണശുശ്രൂഷ**

*"അവൻ തുടർന്നു: ഒരുവന്റെ ഉള്ളിൽനിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്. എന്തെന്നാൽ, ഉള്ളിൽനിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽനിന്നാണ് ദുശ്ചിന്ത, പരസംഗം, മോഷണം,*

*കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നത്. ഈ തിന്മകളെല്ലാം ഉള്ളിൽനിന്നുവരുന്നു. അവ മനുഷ്യനെ അശുദ്ധനാക്കുകയും ചെയ്യുന്നു"* (7,20-23).

ശുദ്ധിയെപ്പറ്റിയുള്ള പൂർവികരുടെ പാരമ്പര്യത്തിനു വിരുദ്ധമായി, ഈശോയുടെ ശിഷ്യന്മാർ കൈ കഴുകാതെ അപ്പം ഭക്ഷിച്ചതിനെക്കുറിച്ച് ഫരിസേയരും വേദപണ്ഡിതന്മാരും ഈശോയെ ചോദ്യം ചെയ്യുകയും അതിനു മറുപടിയായി യഥാർത്ഥ വിശുദ്ധിയെക്കുറിച്ച് ഈശോ പ്രബോധനം നല്കുകയും ചെയ്യുന്നതാണ് മർക്കോ 7,1-23 വരെയുള്ള സുവിശേഷഭാഗം അവതരിപ്പിക്കുന്നത്. ദൈവകല്പനയും മനുഷ്യരുടെ മാമൂലുകളും പാരമ്പര്യങ്ങളും തമ്മിലുള്ള വ്യത്യാസം ഈശോ ഊന്നിപ്പറഞ്ഞു. ഏശയ്യായുടെ പ്രവചനം ഉദ്ധരിച്ചുകൊണ്ട് അർത്ഥശൂന്യമായ മാമൂലുകൾ ഈശോ തിരസ്കരിച്ചു. ദൈവഹിതത്തോടുള്ള സമ്പൂർണ്ണ വിധേയത്വമാണ് അതിപ്രധാനം. അധരസേവയല്ല, ഹൃദയസമർപ്പണമാണ് യഥാർത്ഥ ദൈവാരാധന. മാനുഷിക പ്രബോധനങ്ങളല്ല, ദൈവകല്പനയത്രേ പാലിക്കേണ്ടത്. ബാഹ്യമായ അനുഷ്ഠാനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, എന്നാൽ അവയുടെ അന്തഃസത്തയായ ദൈവഹിതത്തെ അവഗണിക്കുകയും ചെയ്യുന്ന വെറും നൈയാമികമായ ധാർമ്മികത ഈശോ തള്ളിക്കളഞ്ഞു.

യഥാർത്ഥ ധാർമ്മികയെക്കുറിച്ച് പറഞ്ഞതിനെത്തുടർന്ന് ഈശോ യഥാർത്ഥ വിശുദ്ധിയെക്കുറിച്ച് പഠിപ്പിക്കുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒന്നാണ് എന്ന് സൂചിപ്പിച്ചുകൊണ്ടാണ് ഈ പ്രബോധനം നല്കുന്നത്. അവിടെയുണ്ടായിരുന്ന ജനക്കൂട്ടത്തെ തന്റെ അടുത്തേക്കു വിളിച്ച് ശ്രദ്ധയോടെ കേൾക്കാൻ അവിടുന്നു നിർദ്ദേശിക്കുന്നു (7,14). ഈ ഭാഗത്തെ പ്രബോധനത്തെ 23-ാം വാക്യം സമ്യക്കായി സമാഹരിക്കുന്നു. ബാഹ്യമായ യാതൊന്നുമല്ല, പ്രത്യുത അശുദ്ധമായ ഹൃദയത്തിൽനിന്നു പുറപ്പെടുന്ന തിന്മകളാണ്, അതായത്, അശുദ്ധമായ ചിന്തകളും മനോഭാവങ്ങളും ചീത്തവാക്കുകളും ദുഷ്പ്രവൃത്തികളുമാണ് മനുഷ്യനെ അശുദ്ധനാക്കുന്നത്. അതുപോലെ ശുദ്ധമായ ഹൃദയത്തിൽനിന്നു നിർഗളിക്കുന്ന നന്മകളാണ് -നിർമ്മലമായ ചിന്തകൾ, ശുദ്ധമായ വാക്കുകൾ, സത്പ്രവൃത്തികൾ- മനുഷ്യനെ ശുദ്ധനാക്കുന്നത് എന്ന തത്വം ഈ പ്രബോധനത്തിൽ പരോക്ഷമായി അടങ്ങിയിരിക്കുന്നു. മനുഷ്യനെ ശുദ്ധനാക്കുന്നതും അശുദ്ധനാക്കുന്നതും അവന്റെ ഹൃദയത്തിലെ

ആന്തരികനിയോഗമത്രേ. മനുഷ്യൻ കഴുകേണ്ടത് കൈകളല്ല; ഹൃദയമാണ്. മാനസാന്തരവും ഹൃദയപരിവർത്തനവുംവഴി ഹൃദയശുദ്ധി പ്രാപിക്കാനുള്ള ശക്തമായ ആഹ്വാനമാണ് ഈ സുവിശേഷഭാഗത്ത് ഈശോ ശിഷ്യന്മാർക്കു നല്കുന്നത്. പുരോഹിതശുശ്രൂഷ അവശ്യം ഈ വിശുദ്ധീകരണശുശ്രൂഷയാണ്. അജപാലനപ്രാമുഖ്യങ്ങളിൽ ഒന്നാമത്തേത് വിശുദ്ധിയിലേക്കുള്ള വിളിയാണെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പറയുന്നത് ഇവിടെ തികച്ചും പ്രസക്തമാണ് (NMI 34). അതുകൊണ്ട് പുരോഹിതൻ ഈ വിശുദ്ധി പ്രാപിക്കാനും വിശുദ്ധിയുടെ ശുശ്രൂഷകനാകാനും പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു.

**4. വിശ്വാസം വളർത്തുന്ന ശുശ്രൂഷ**

"*അവൻ പ്രതിവചിച്ചു. ആദ്യം മക്കൾ ഭക്ഷിച്ചു തൃപ്തരാകട്ടെ. മക്കളുടെ അപ്പം എടുത്തു നായ്ക്കൾക്ക് എറിഞ്ഞുകൊടുക്കുന്നതു നന്നല്ല. അവൾ മറുപടി പറഞ്ഞു: കർത്താവേ, അതു ശരിയാണ്. എങ്കിലും, മേശയ്ക്കു കീഴെ നിന്ന് നായ്ക്കളും മക്കൾക്കുള്ള അപ്പക്കഷണങ്ങളുടെ ബാക്കി തിന്നുന്നുണ്ടല്ലോ. അവൻ അവളോടു പറഞ്ഞു: ഈ വാക്കുമൂലം, നീ പോയ്ക്കൊള്ളുക; പിശാചു നിന്റെ മകളെ വിട്ടുപോയിരിക്കുന്നു*" (7,27-29).

യഹൂദരിൽനിന്നുള്ള എതിർപ്പ് വർദ്ധമാനമായതോടെ ഈശോ തന്റെ പ്രവർത്തനം വിജാതീയരുടെയിടയിലേക്ക് വ്യാപിപ്പിക്കുന്നു. 7,1-23 ൽ ബാഹ്യമായ ഇടപെടലുകൾകൊണ്ട് ഒരാൾ അശുദ്ധനാകില്ലെന്നു പഠിപ്പിച്ച ഈശോ 7,24-30 ൽ അതു പ്രാവർത്തികമാക്കി കാണിച്ചുകൊണ്ട് തന്റെ പ്രബോധനം അർത്ഥശങ്കയ്ക്കിടയില്ലാതെ ഉറപ്പിക്കുകയാണ്. യഹൂദരുടെ വിശ്വാസമനുസരിച്ച് വിജാതീയ ദേശത്തേക്കു പ്രവേശിക്കുന്ന ഒരുവൻ അതിനാൽത്തന്നെ അശുദ്ധനായിത്തീരുന്നു. ബോധപൂർവം വിജാതീയരുടെ ദേശത്തേക്കു പ്രവേശിച്ചുകൊണ്ട് യഹൂദചിന്താഗതിയെ ഈശോ പുറന്തള്ളുകയും വിശുദ്ധവും അശുദ്ധവുമായ പ്രദേശങ്ങളെന്ന വേർതിരിവ് ഇല്ലാതാക്കുകയും ചെയ്യുന്നു. അവിടെവച്ച് സീറോ ഫിനീഷ്യൻ സ്ത്രീയുടെ പിശാചുബാധിച്ച കൊച്ചുമകളെ സുഖപ്പെടുത്തുന്നത് വിശ്വാസത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നതാണ്. വിജാതീയരിലൂടെയാണല്ലോ 'വിശ്വാസികളുടെ സമൂഹ'മായി സഭാസമൂഹം രൂപംകൊണ്ടത്. വിജാതീയരുടെ അപ്പസ്തോലനായ വിശുദ്ധ പൗലോസ്ശ്ലീഹായാണ് യഹൂദമതത്തിൽനിന്നും വ്യത്യസ്തമായ ഒരു സമൂഹമായി സഭ രൂപംകൊള്ളുന്നതിന് നിർണ്ണായകമായിത്തീർന്നത്. അപ്രകാരം വിശ്വാസികളുടെ സമൂഹമായി സഭ രൂപം

കൊള്ളാനിരിക്കുന്നു എന്നതിന്റെ ഒരു മുൻസൂചനയായി ഈ സംഭ വത്തെ പരിഗണിക്കാം.

സിറോ ഫിനീഷ്യൻ സ്ത്രീ വന്ന് ഈശോയുടെ കാല്ക്കൽ വീണ് തന്റെ മകളിൽനിന്നു പിശാചിനെ ബഹിഷ്കരിക്കണമെന്ന് അവനോട് അപേക്ഷിച്ചു (7,25-26). സാധാരണഗതിയിൽ 'അപേക്ഷിച്ചു' എന്നതിന് മർക്കോസ് ഗ്രീക്കിൽ ഉപയോഗിക്കുന്ന വാക്ക് 'അയിത്തേയോ' (aiteo) എന്നതാണ്. എന്നാൽ ഇവിടെ ഉപയോഗിക്കുന്നത് 'എരോത്താവോ' (erotao) എന്ന വാക്കാണ്. അതിന്റെ സൂചന ഇതാണ്: വിശ്വാസ ത്തോടെ എന്നതിനെക്കാൾ, ഈശോയിൽ ഒരു അത്ഭുതപ്രവർത്തക നെമാത്രം കണ്ടുകൊണ്ടും കാര്യസാദ്ധ്യംമാത്രം ലക്ഷ്യമാക്കിയുമാണ് അവൾ ഈശോയെ സമീപിച്ചത്. ഒരു വിജാതീയ സ്ത്രീ എന്ന നില യിൽ അവളിൽനിന്നും അതിൽകൂടുതൽ ഒന്നും പ്രതീക്ഷിക്കാനും വയ്യ. അതുകൊണ്ട് അവളുടെ വിശ്വാസത്തെ പരീക്ഷിക്കാനായിട്ടാണ് ഈശോ അവളോട് ഇപ്രകാരം പറഞ്ഞത്: "ആദ്യം മക്കൾ ഭക്ഷിച്ചു തൃപ്തരാകട്ടെ. മക്കളുടെ അപ്പമെടുത്ത് നായ്ക്കൾക്ക് എറിഞ്ഞുകൊടു ക്കുന്നത് നന്നല്ല" (7,27). മാത്രമല്ല, ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം ദൈവജനത്തിലൂടെയാണ് നടക്കുന്നത്. പഴയനിയമദൈവജനം യഹൂ ദരാണ്: "ഇസ്രായേൽ എന്റെ പുത്രനാണ്. എന്റെ ആദ്യജാതൻ" (പുറ 4,22). വിജാതീയർ വിശ്വാസത്തിലൂടെ ദൈവപുത്രരാകണം: "തന്റെ നാമ ത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നല്കി" (യോഹ 1,12). യഹൂദർക്കു നല്കപ്പെട്ട ദൈവപുത്രപദവിയാണ് ക്രൈസ്തവസമൂഹത്തിലേക്കു കൈമാറപ്പെട്ടത്. രക്ഷയുടെ സുവിശേഷ ത്തെപറ്റി പൗലോസ്ശ്ലീഹാ പറയുന്നു: "സുവിശേഷത്തെപ്രതി ഞാൻ ലജ്ജിക്കുന്നില്ല. എന്തെന്നാൽ, വിശ്വസിക്കുന്ന ഏവർക്കും, ആദ്യം യഹൂ ദർക്കും പിന്നീടു ഗ്രീക്കുകാർക്കും, അതു രക്ഷയിലേക്കു നയിക്കുന്ന ദൈവശക്തിയാണ്" (റോമാ 1,16). വെല്ലുവിളികളെ നേരിടുമ്പോഴാണ് വിശ്വാസത്തിനു വളർച്ചയുണ്ടാകുന്നത്. വിശ്വാസികളുടെ സമൂഹം വെല്ലു വിളികളെ നേരിടുന്ന സമൂഹമാണ്. അവയെ അതിജീവിച്ച് വിശ്വാസ ത്തിൽ വളരാൻ സഹായിക്കുന്ന ശുശ്രൂഷ ചെയ്യുവാനാണ് പുരോഹി തൻ വിളിക്കപ്പെട്ടിരിക്കുന്നത്.

**5. വിശ്വാസം ജനിപ്പിക്കുന്ന ശുശ്രൂഷ**

*"ഈശോ അവനെ ജനക്കൂട്ടത്തിൽനിന്നു മാറ്റിനിർത്തി, അവന്റെ ചെവികളിൽ വിരലുകളിട്ടു; തുപ്പലുകൊണ്ട് അവന്റെ നാവിൽ സ്പർശിച്ചു. സ്വർഗത്തിലേക്കു നോക്കി നെടുവീർപ്പിട്ടുകൊണ്ട് അവ നോടു പറഞ്ഞു: എഫ്ഫാത്ത - തുറക്കപ്പെടട്ടെ എന്നർത്ഥം. ഉടനെ*

6. *പോരൂർ*:- രോഗീസഹായമായി -10000 രൂപ നൽകി സഹായിച്ചു. ജാഗരണ പ്രാർത്ഥന സംഘടിപ്പിച്ചു. പരിക്ഷ ഒരുക്ക ആരാധന നടത്തി. കുരിശിന്റെ വഴി നടത്തി.

7. *കരിമ്പിൽ*:- ജപമാല ഉണ്ടാക്കി. വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് കഥ, കവിത മത്സരം നടത്തി. ഉപവാസ പ്രാർത്ഥന നടത്തി. വിശുദ്ധരുടെ സി. ഡി. പ്രദർശനം നടത്തി.

8. *പുതുശ്ശേരി*:- എല്ലാ ഞായറാഴ്ച്ചകളിലും കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു. എസ്.എസ്.എൽ.സി, പ്ലസ്‌വൺ, പ്ലസ്ടു കുട്ടികൾക്കായ് പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷനടത്തി. മേഖലയിൽ വച്ച് നടത്തിയ അൾത്താര സംഗമത്തിൽ പങ്കെടുത്തു. ജാഗരണ പ്രാർത്ഥന നടത്തി.

9. *മഞ്ഞൂറ*:- ആരാധന നടത്തി. ഭവന സന്ദർശനം, രോഗീസന്ദർശനം, ആശുപത്രി സന്ദർശനം എന്നിവ നടത്തി. ഫണ്ട്ശേഖരണാർത്ഥം 'കുടക്കുറി ' നടത്തുന്നു.

10. *പുതുശ്ശേരിക്കടവ്*:-രോഗീസന്ദർശനം നടത്തി. ജപമാലസൈന്യത്തിലെ അംഗങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

11. *പന്തിപൊയിൽ*:- ഫാ.ടോം ഉഴുന്നാലിന്റെ മോചനത്തിനുവേണ്ടി ആരാധന, പരീക്ഷ ഒരുക്ക പ്രാർത്ഥനാ ശുശ്രൂഷ, ബഹു. വികാരി വിനോദ് പാക്കാനിക്കുഴിയിലച്ചന്റെ യാത്രയയപ്പ് എന്നിവ നടത്തി.

12. *ചാരിറ്റി*:- ബൈബിൾ പാരായണദിനം ആചരിച്ചു. പതിമൂന്നുമണി

ആരാധന നടത്തി. താമരശ്ശേരി ചുരം വഴിയുള്ള കുരിശിന്റെ വഴിയിൽ എല്ലാ സി.എം.എൽ അംഗങ്ങളും ഭക്തിപൂർവ്വം പങ്കുചേർന്നു. നാമഹേതുക തിരുനാൾ (വി. യൗസേപ്പ്) ആഘോഷിക്കുന്ന ബഹു. വിനിൽ കുരിശുതറ അച്ചന് പ്രാർത്ഥനാമംഗളങ്ങൾ നേർന്നു. ബൈബിൾ കലാപരിപാടികൾ അവതരിപ്പിച്ചു. കേക്ക് വിതരണം ചെയ്തു.

13. ഒലുവുമല:- തിരുബാലസഖ്യദിനം ആചരിച്ചു. മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകി. കലാപരിപാടികൾ അവതരിപ്പിച്ചു. കുമ്പസാരത്തിനൊരുക്കമായുള്ള ക്ലാസ്സ് നടത്തി, പൊതുകുമ്പസാരം നടത്തി. ഗ്രൂപ്പ് അടിസ്ഥാനത്തിൽ കുരിശിന്റെ വഴി നടത്തി.

14. *ബത്തേരി*:- എസ്.എസ് എൽ .സി, പ്ലസ്ടു കുട്ടികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. പഴൂരുള്ള സെന്റ് മാത്യൂസ് ഭവൻ സന്ദർശിച്ചു.

15. *വടക്കനാട്*:- കരുണയുടെ വർഷത്തിന്റെ കൈയ്യെഴുത്ത് മാസിക - കനിവ് പ്രസിദ്ധീകരിച്ചു. ബഹു.വികാരിയച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

16. *കല്ലുവയൽ*:- തിരുനാളിനോടനുബന്ധിച്ച് ഐസ്ക്രീം വിറ്റു വരവ് വൃക്ക രോഗിയെ സഹായിക്കാൻ ഉപയോഗിച്ചു.

17. *ഇരുളം*:- പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്കായി ആരാധന നടത്തി പ്രാർത്ഥിച്ചു. കുട്ടികളുടെ മാതാപിതാക്കൾക്കായി സമൂഹ വളർച്ചയിൽ കുടുംബങ്ങൾക്കുള്ള പങ്ക് എന്ന വിഷയത്തെ ആധാരമാക്കി ക്ലാസ്സ് നടത്തി. രോഗീസന്ദർശനം നടത്തി. Birthday Wishing നടത്തി.

18. *സീതാമൗണ്ട്*:- വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിച്ചു. ബഹു. ഡയറക്ടർ അച്ചനേയും, ജോസഫ് നാമധാരികളായ എല്ലാവരേയും ആദരിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. 10,11,12-ക്ലാസ്സുകളിലെ കുട്ടികൾക്ക് പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി. മതബോധനം 12-ാം ക്ലാസ്സിലെ കുട്ടികൾക്ക് സെന്റ് ഓഫ് നൽകി. എല്ലാദിവസവും കുരിശിന്റെ വഴിയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുന്നു.

19. *പനംചിറ*:- ആത്മീയസന്ധ്യ, ദിവ്യകാരുണ്യപ്രദിക്ഷണം ഇവ നടത്തി ദൈവജനത്തെ 50 നോമ്പിന്റെ ചൈതന്യത്തില്യ്ക്ക് നയിച്ചു. മാർച്ച് 19-ന് ആബാഫെസ്റ്റ് എന്ന പേരിൽ ഇടവകയിലെ എല്ലാ പിതാക്കന്മാരെയും ആദരിച്ചു - അവർക്ക് സമ്മാനങ്ങൾ നൽകി. എഫാത്ത 2017 എന്ന പേരിൽ ശാഖാ വാർഷികവും ഏകദിന

സെമിനാറും നടത്തി. ബദ്സെയ്ദ എന്ന പേരിൽ വൃദ്ധമാതാ പിതാക്കളുടെ ഭവനം സന്ദർശിച്ച് കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിച്ചു.
20. *ഇടിവണ്ണ*:- ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു, ജപമാലചൊല്ലി പ്രർത്ഥിച്ചു. വി. യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിച്ചു. നോമ്പിൽ എല്ലാ ഞായറാഴ്ചകളിലും കുരിശിന്റെവഴി ചൊല്ലി പ്രാർച്ചു.

ഹൃദയത്തിലും മനസ്സിലും മിഷൻ ചൈതന്യം നിറച്ച് കർമ്മനിരതരായി ഊർജസ്വലരായി ചെമ്മഞ്ഞ കൊടിയുടെ കീഴിൽ അണിനിരന്ന് ജപമാല രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പ്രേഷിത തീക്ഷണതയിൽ വളരുന്ന പ്രിയപ്പെട്ട മിഷൻലീഗിന്റെ പ്രവർത്തകർക്ക് മിഷൻ അഭിവാദ്യങ്ങളോടെ

**ബിനീഷ് തുമ്പിയാംകുഴിയിൽ**
സി.എം.എൽ. രൂപതസെക്രട്ടറി

## Department of Youth Ministry

### Psycho-Spiritual Training Camp

മാനന്തവാടി രൂപതയിലെ വേദപാഠം പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ മുഴുവൻ പ്ലസ് വൺ വിദ്യാർത്ഥികൾക്കുമായി ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ലാലച്ചന്റെ നേതൃത്വത്തിൽ ഒരു Psycho-Spiritual Training Camp 2017 ഏപ്രിൽ 3-ാം തീയതി 10 മണി മുതൽ 5-ാം തീയതി വൈകുന്നേരം 4 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തി. Catechism Department സംഘടിപ്പിച്ച ക്യാമ്പിൽ 57 വിദ്യാർത്ഥികൾ പങ്കെടുത്തു. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ഫാ. റോയി വട്ടക്കാട്ട്, ഫാ. നോബിൾ പാറക്കൽ, സി. ആൻസി CMC, സി. നോയൽ SABS, സി. ലിൻസി SCV, ലിൻഷ മരിയ എന്നിവർ ക്ലാസ്സുകൾക്കും മറ്റും നേതൃത്വം നൽകി.

### LIFE Training

ലൈഫ് ട്രയിനിംഗ് 2017-2018 ബാച്ചിലേക്കുള്ള അഡ്മിഷന്റെ അഞ്ചാംഘട്ടമായ റസിഡൻഷ്യൽ ക്യാംപ് ഏപ്രിൽ 8-ാം തീയതി ശനിയാഴ്ച വൈകുന്നേരം 5 മണി മുതൽ 12-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4 മണി വരെ മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. 56 വിദ്യാർത്ഥികൾ പങ്കെടുത്തു. ഫാ. സെബാസ്റ്റ്യൻ (ഡയറക്ടർ, പാവന പാസ്റ്ററൽ സെന്റർ) ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. 10-ാം തീയതി തിങ്കളാഴ്ച ശ്രീ. തോമസ് സാറിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് പ്രസംഗ പരിശീലന ക്ലാസ്സ് നടത്തി. 12-ാം തീയതി ചൊവ്വാഴ്ച ഇംഗ്ലീഷ് വിഷയത്തിൽ ശ്രീ. സെബാസ്റ്റ്യൻ സാർ ക്ലാസ്സെടുത്തു. ജോഗിംഗിനും എക്സർസൈസിനും ശ്രീ. ജെയ്സൻ സാർ നേതൃത്വം നൽകി. സി.ആൻസി CMC, സി.നോയൽ SABS, സി.ലിൻസി SCV, ലിൻഷ മരിയ എന്നിവർ ട്രയിനിംഗിനും മറ്റും നേതൃത്വം നൽകി. സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

### LIFE Training-Regular

ലൈഫ് ട്രയിനിംഗ് റെഗുലർ ബാച്ചിന്റെ ക്ലാസ് ഏപ്രിൽ 10-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 11-ാം തീയതി വൈകുന്നേരം 3 മണി വരെ മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ വെച്ചു

നടന്നു. ബഹു. ലാലച്ചൻ, സി. ആൻസി CMC, സി. നോയൽ SABS, സി. ലിൻസി SCV, ലിൻഷ എന്നിവർ ക്ലാസുകൾക്കും പ്രാർത്ഥന കൾക്കും മറ്റും നേതൃത്വം നൽകി.

## Team Retreat

പട്ടാരം വിമലഗിരി ധ്യാനകേന്ദ്രത്തിൽ വെച്ച് മാർച്ച് 27-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണി മുതൽ 30-ാം തീയതി വ്യാഴാഴ്ച 9 മണി വരെ നടന്ന പരിശുദ്ധാത്മ അഭിഷേക ധ്യാനത്തിൽ യൂത്ത് മിനിസ്ട്രി ടീമംഗങ്ങളെല്ലാവരും പങ്കെടുത്തു.

**ലിൻഷ മരിയ ഷാന്റി**

വോളന്റിയർ, യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**കെ.സി.വൈ.എം. മാനന്തവാടി രൂപത ത്രിദിന ക്യാമ്പ് 2017**

ഈ വർഷത്തെ കെ.സി.വൈ.എം. രൂപതാ ക്യാമ്പ് മെയ് 5, 6, 7 തീയതികളിൽ ധർമ്മഗിരി ഇടവകയിൽ വച്ച് നടത്തുന്നു. ഒരു യൂണിറ്റിൽ നിന്നും രണ്ട് പേരാണ് പങ്കെടുക്കേണ്ടത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരുടെ പേരു വിവരം മെയ് 2-ാം തീയതിയോടു കൂടെ രൂപതാ ഓഫീസിൽ അറിയിക്കാൻ താൽപര്യപ്പെടുന്നു. ക്യാമ്പിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കാനാണ്. രജിസ്ട്രേഷൻ ഫീസ് 200/- രൂപയാണ്. 5 ന് (വെള്ളിയാഴ്ച്ച) വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 7 ന് (ഞായറാഴ്ച്ച) ഉച്ചയ്ക്ക് 2 മണിക്ക് അവസാനിക്കുന്നതാണ്. യൂണിറ്റു ഡയറക്ടറുടെയോ, ആനിമേറ്ററിന്റെയോ സാക്ഷ്യപത്രം ക്യാമ്പിന് വരുന്നവരുടെ കയ്യിൽ ഉണ്ടായിരിക്കണം. (with home address & phone number)

**അംഗത്വ നവീകരണം**

ഈ വർഷം അംഗത്വം പുതുക്കേണ്ടതും, ചേർക്കേണ്ടതും ജൂൺ, ജൂലൈ മാസങ്ങളിലാണ്. പുതുക്കുന്നതിന് 5 രൂപയും, പുതിയ അംഗത്വം ചേർക്കുന്നതിന് 10 രൂപയും ആണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അംഗത്വനവീകരണ ഫോം രൂപതാ ഓഫീസിൽ ലഭ്യമാണ്.

ഓഗസ്റ്റ് മാസം കെ.സി.വൈ.എം. പ്രവർത്തന മാസാചരണമായി ആചരിക്കുകയാണ്. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച്ചവയ്ക്കുന്ന യൂണിറ്റിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. ഓഗസ്റ്റ് മാസം നടക്കുന്ന വനിതാ സംഗമത്തിൽ ക്യാൻസർ രോഗികൾക്കുവേണ്ടി മുടിദാനം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. ഒരു യൂണിറ്റിൽ നിന്ന് ചുരുങ്ങിയത് 10 പേരെയെങ്കിലും ഇതിനുവേണ്ടി തയ്യാറാക്കുമല്ലോ.

**പെസഹാ വ്യാഴാഴ്ച കലക്ട്രേറ്റിൽ കാലുകഴുകൾ ശുശ്രൂഷ**

രണ്ട് വർഷത്തിലേറെ കലക്ട്രേറ്റ് പടിക്കൽ സത്യാഗ്രഹം നടത്തിയിട്ടും കാഞ്ഞിരത്തിനാൽ ഭൂമി പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിന്റെ നീതി നിഷേധത്തിനെതിരെ കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ സമരപന്തലിൽ കാഞ്ഞിരത്തിനാൽ ജോർജ്ജിന്റെ കാലുകഴുകി പ്രതിഷേധിച്ചു. രൂപത ഡയറക്ടർ റവ. ഫാദർ ലാൽ ജേക്കബ്

കാലുകഴുകൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വൈസ്സ് പ്രസിഡണ്ട് കുമാരി റോസ് മേരി തേറുകാട്ടിൽ, കോഡിനേറ്റർ ജിജോപൊടിമറ്റം സംസ്ഥാന വൈസ്സ് പ്രസിഡണ്ട് ബിബിൻ ചെമ്പക്കര സിൻഡിക്കേറ്റ് അംഗം ലിജോ എന്നിവർ പ്രസംഗിച്ചു.

**കെ.സി.വൈ.എം. സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്, ആസ്പയർ 2017**

തൃശൂർ രൂപതയുടെ ആതിഥേയത്വത്തിൽ ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് മാർച്ച് 10, 11, 12 തീയതികളിൽ നടന്ന സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് അഖിൽ പള്ളത്ത്, ഗ്രാലിയ, എന്നിവർ പങ്കെടുത്തു. വിശിഷ്ടാതിഥികളുടെ സാന്നിധ്യം കൊണ്ടും, കലാമണ്ഡലം പ്രതിഭകളുടെ പ്രകടനം കൊണ്ടും നിളയുടെ തീരത്തെ സഹവാസംകൊണ്ടും ക്യാമ്പ് ഏറെ സജീവമായിരുന്നു. പങ്കെടുത്ത വർക്ക് അഭിനന്ദനങ്ങൾ.

**എസ്.എം.വൈ.എം. സംസ്ഥാന ഇലക്ഷൻ ക്യാമ്പ് 2017**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സംസ്ഥാന ഇലക്ഷൻ ക്യാമ്പിൽ മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ച് രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ആനിമേറ്റർ സി.സ്മിത എസ്.എ.ബി.എസ്, വൈസ്സ് പ്രസിഡണ്ട് കുമാരി റോസ് മേരി, ട്രഷറർ സുബിൻ, സംസ്ഥാന വൈസ്സ് പ്രസിഡണ്ട് ബിബിൻ ചെമ്പക്കര എന്നിവർ പങ്കെടുത്തു.

2017-19 വർഷത്തെ എസ്.എം.വൈ.എം. ദേശീയ ഭാരവാഹി കളായി തിരഞ്ഞെടുക്കപ്പെട്ട ഡയറക്ടർ റവ.ഫാ. സെബാസ്റ്റ്യൻ കൈപ്പൻപ്ലാക്കൽ, ആനിമേറ്റർ സി. അഖില സി.എം.സി, പ്രസിഡണ്ട് അരുൺ ഡേവിസ് (ഇരിഞ്ഞാലക്കുട), വൈസ് പ്രസിഡണ്ട് അഞ്ജന ട്രീസ ജോസഫ് (താമരശ്ശേരി), ഡെപ്യൂട്ടി പ്രസിഡണ്ട് ബിവിൻ വർഗീസ് (ഫരീദാബാദ്), ജനറൽ സെക്രട്ടറി വിപിൻ പോൾ (മണ്ഡ്യ), സെക്രട്ടറി വിനോദ് റിച്ചാഡ്സൺ (രാമനാഥപുരം), ജോയിന്റ് സെക്രട്ടറി കാന്തി വർമ്മ (ഉജ്ജെയിൻ), ട്രഷറർ ജോസ്മോൻ ഫ്രാൻസിസ് (തൃശൂർ) കൗൺസിലർ അഭിലാഷ് പി.എ (ഭദ്രാവതി), കൗൺസിലർ ടെൽമ ജോബി (പാല) എന്നിവർക്ക് മാനന്തവാടി രൂപതയുടെ അഭിനന്ദനങ്ങൾ.

**മേഖല വാർത്തകൾ**

**തരിയോട് മേഖല**

തരിയോട് മേഖലയിലെ കരുതൽ രൂപതാ സന്ദർശനം 19-3-2017 ന് മംഗളം യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടത്തപ്പെട്ടു. രൂപതാ

പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി, ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടക്കാത്തടത്തിൽ, റോസ് മേരി തേറുകാട്ടിൽ, എന്നിവർ നേതൃത്വം നൽകി. രൂപതാ ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്. ക്ലാസുകൾ നയിച്ചു. ആതിഥേയത്വം വഹിച്ച മംഗളം യൂണിറ്റിലെ ഭാരവാഹികൾക്കും സംഘടിപ്പിച്ച റവ.ഫാ. അനൂപിനും സി.ലിന്റ എഫ്.സി.സിക്കും, പ്രസിഡണ്ട് ജിജോ പൊടിമറ്റം, സെക്രട്ടറി ജോൺസൻ എന്നിവർക്കും എല്ലാ മേഖലാ ഭാരവാഹികൾക്കും ഡയറക്ടേഴ്സിനും ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി അറിയിക്കുന്നു.

**ബത്തേരി മേഖല**

26-3-17 ന് മാനന്തവാടി രൂപതയുടെ കരുതൽ മേഖല സന്ദർശനം ബത്തേരി അസംഷൻ ഫൊറോന ദേവാലയത്തിൽ വച്ച് നടന്നു. രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി. ശ്രീ. ഷാജു പി. ജെയിംസ് എന്നിവർ സന്ദർശനത്തിന് നേതൃത്വം നൽകി. സന്ദർശനം സംഘടിപ്പിച്ച ഡയറക്ടർ റവ. ഫാ. സജിക്കും ആനിമേറ്റർ സി. ഷെറിൻ സി.എം.സിക്കും ഭാരവാഹികൾക്കും നന്ദി.

ചില സാങ്കേതിക കാരണങ്ങളാൽ നിലവിലുള്ള മേഖല പ്രസിഡണ്ട് ശ്രീ.ജോസിനെ തൽസ്ഥാനത്ത് നിന്ന് മാറ്റുകയും ശ്രീ.ബിജേഷ് അമ്പാറയിൽ പ്രസിഡണ്ട് (ചിത്രഗിരി), വൈസ് പ്രസിഡണ്ട് സ്നേഹ (വടക്കനാട്), സെക്രട്ടറി അൽജോസ് (വടക്കനാട്), ജോയിന്റ് സെക്രട്ടറി ഫ്രിഷില്ല (പഴൂർ), കോഡിനേറ്റർ ഡെൽന (ചുള്ളിയോട്), സെനറ്റ് 1 അജോ, സെനറ്റ് 2 അലീന എന്നിവരെ തെരഞ്ഞെടുത്ത് പുതിയ സമിതിക്ക് രൂപം നൽകുകയും ചെയ്തു. പുതിയ മേഖലാ ഭാരവാഹികൾക്ക് അനുമോദനങ്ങൾ.

**നടവയൽ മേഖല**

ഫാ.ടോം ഉഴുന്നാലിനെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതമാക്കണമെന്ന് ആവശ്യപ്പെട്ട് കെ.സി.വൈ.എം. നടവയൽ മേഖല പരാതി തയ്യാറാക്കി ഒപ്പ് ശേഖരണം നടത്തി, മേഖലാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ പനമരം പോസ്റ്റ് ഒഫീസിൽ നിന്ന് പ്രധാനമന്ത്രിക്ക് അയച്ചു. രസീത് കൈപ്പറ്റി. കത്തിന്റെ കോപ്പികൾ ആഭ്യന്തര മന്ത്രാലയത്തിലേയ്ക്കും, മുഖ്യമന്ത്രി, കാർഡിനൽ മാർ ജോർജ്ജ് ആലഞ്ചേരി, ശ്രീ. ഉമ്മൻ ചാണ്ടി, രമേശ് ചെന്നിത്തല. ശ്രീ. വി.എസ്. അച്ചുതാനന്ദൻ, കൽപ്പറ്റ എം.എൽ.എ. ശ്രീ. ശശീന്ദ്രൻ എന്നിവർക്കും അയച്ചുകൊടുത്തു.

**മാനന്തവാടി മേഖല**

ഏലപ്പീടിക യൂണിറ്റിൽ 5-3-2017 ന് മേഖല സന്ദർശനത്തോടനുബന്ധിച്ച് നടന്ന അർദ്ധദിന സെമിനാറിന് മേഖല ടീം നേതൃത്വം നൽകി. 12-3-17 ന് പുതിയിടം യൂണിറ്റിൽ മേഖല ടീം സന്ദർശനം

നടത്തി. മേഖല ആനിമേറ്റർ സി. ലില്ലി മാത്യു എസ്.എച്ച്, മേഖല പ്രസിഡണ്ട് അനീഷ് മൂലയിൽ, സുബിൽ, എബി എന്നിവർ നേതൃത്വം നൽകി.

**യൂണിറ്റ് വാർത്തകൾ – മഞ്ഞൂറ യൂണിറ്റ്**

രൂപത സംഘടിപ്പിച്ച കുരിശിന്റെ വഴി ത്യാഗം 2017 ൽ പങ്കെടുത്തു. ഇടവക വാർഷിക ധ്യാനത്തിൽ സജീവമായി പങ്കെടുത്തു. മംഗളം യൂണിറ്റിൽ വച്ച് നടന്ന മേഖല മീറ്റിംഗിൽ പങ്കെടുത്തു. വാർഡുകളിൽ നടന്ന കുരിശിന്റെ വഴിക്ക് നേതൃത്വം നൽകി.

**പുതിയിടംകുന്ന്**

വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ ആഘോഷങ്ങളിൽ ഭക്തിപൂർവ്വം പങ്കെടുക്കുകയും സഹകരിക്കുകയും ചെയ്തു. വെള്ളിയാഴ്ച്ചതോറും നടക്കുന്ന കുരിശിന്റെ വഴിയിലും കുരിശുമല കയറ്റത്തിലും പങ്കെടുത്തു. എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ യുവാക്കൾ പള്ളിയിൽ ഒരുമിച്ച് കൂടുകയും പൊതുകാര്യങ്ങളിലെല്ലാം സാന്നിധ്യവും സഹകരണവും നൽകുകയും ചെയ്യുന്നു.

**കാവുമന്ദം യൂണിറ്റ്**

ബഹുമാനപ്പെട്ട ഡയറക്ടർ മാർട്ടിൻ പുതുശ്ശേരി അച്ചന്റെ ജൻമദിനം മാർച്ച് 4 ന് ആഘോഷിച്ചു. മാർച്ച് 5 ന് നടത്തിയ കുരിശിന്റെ വഴിയിൽ തടവറയിൽ കഴിയുന്ന ബഹുമാനപ്പെട്ട ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനു വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. രൂപതയുടെ നേതൃത്വത്തിൽ നടത്തിയ ത്യാഗം 2017 ലും, മേഖല നടത്തിയ സെനറ്റ് മീറ്റിംഗിലും യുവജനങ്ങൾ പങ്കെടുത്തു.

**തൃശ്ശിലേരി യൂണിറ്റ്**

യൂണിറ്റിന്റെ പ്രവർത്തന വർഷത്തേയ്ക്കുള്ള ഫണ്ട് സമാഹരണത്തിനായ് കാരുണ്യ 2017 എന്ന പേരിൽ കൂപ്പൺ വിതരണം ചെയ്തു. മാർച്ച് 12 ന് യൂണിറ്റിൽ വനിതാദിനം ആഘോഷിച്ചു. മദ്യ വിരുദ്ധ ഞായറാഴ്ച്ച മദ്യത്തെ സമൂഹത്തിൽ നിന്ന് മാറ്റി നിറുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രസിഡണ്ട് ശ്രീ. ജോയിസ് പുൽപ്പറമ്പിൽ സന്ദേശം നൽകി. വാർഷിക പരീക്ഷകളിൽ സമ്മർദ്ദം കൂടാതെ പങ്കെടുക്കാനും ആത്മവിശ്വാസത്തോടെ പരീക്ഷയെ സമീപിക്കുവാനും പരീക്ഷ ഒരുക്ക കൗൺസിലിംഗ് നടത്തി. ദേവാലയ നിർമ്മാണ പ്രവർത്തനങ്ങളിൽ സഹായിച്ചു.

**അനുശോചനങ്ങൾ**

മാനന്തവാടി രൂപത കെ.സി.വൈ.എം. മുൻ ട്രഷറർ ശ്രീ. സബിൻ മാത്യുവിന്റെ പിതാവിന്റെ നിര്യാണത്തിൽ കെ.സി.വൈ.എം. അനുശോചിച്ചു.

**ശ്രീ. ജിഷിൻ മുണ്ടക്കാത്തടത്തിൽ** – ജനറൽസെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 7 മുതൽ 10 വരെ നടന്ന കോഴ്സിൽ 111 പേരും ഏപ്രിൽ 19 മുതൽ 22 വരെ നടന്ന കോഴ്സിൽ 114 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| മെയ് 7 - 10 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| മെയ് 26 - 29 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ജൂൺ 23 - 26 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**മാതൃവേദി**

മാർച്ച് 25-ന് രൂപതാ എക്സിക്യൂട്ടിവ് ചേർന്നു. മാതൃവേദി അംഗങ്ങൾക്കു വേണ്ടിയുള്ള രൂപതാതല രചനാ മത്സരങ്ങൾ മെയ് 6-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ രാവിലെ 10.30 മുതൽ നടത്തപ്പെടുന്നു.

**മാനന്തവാടി മേഖല**

മാനന്തവാടി മേഖല മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 28-ന് തലപ്പുഴ ചുങ്കത്തു നിന്നാരംഭിച്ച കുരിശിന്റെ വഴി 12 മണിയോടു കൂടി പുതിയിടം ചെറുപുഷ്പ ദേവാലയത്തിലെ സമാപന പ്രാർത്ഥനയോടെ അവസാനിച്ചു. എല്ലാ ശാഖകളിൽ നിന്നുമായി ധാരാളം അമ്മമാർ പങ്കെടുത്തു.

**കോട്ടത്തറ**

4-3-217-ന് മഴയ്ക്കു വേണ്ടി മാതൃവേദി അംഗങ്ങൾ ദിവ്യബലിയർപ്പിച്ചു പ്രാർത്ഥിച്ചു. പരീക്ഷ എഴുതുന്ന വിദ്യാർത്ഥി കൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വി. യൗസേപ്പിതാവിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. 26-3-2017 -ന് സംഘടിപ്പിച്ച ക്യാൻസർരോഗ അവബോധ ക്ലാസ്സിൽ അമ്മമാർ പങ്കെടുത്തു. മാനന്തവാടി ഗവ. ഹോസ്പിറ്റലിലെ ഡോ. ബാബു ക്ലാസ് നയിച്ചു. 28-ന് പനമരത്ത് നവജ്യോതി ഓൾഡ് എയ്ജ് ഹോം സന്ദർശിച്ചു.

**കാവുമന്ദം**

മാതൃവേദിയിലെ അംഗങ്ങൾ ചുള്ളിയോട് മേഴ്സി ഹോം സന്ദർശിച്ചു. 2 ക്വിന്റലോളം അരിയും വാഴക്കുലയും നൽകി.

**ദ്വാരക**

ഇടവകയുടെയും, രൂപതയുടെയും വിവിധ നിയോഗങ്ങൾക്കായ് അമ്മമാർ ദ്വാരക ഇടവക പള്ളിയിൽ നിന്ന് സിയോൻ ചാപ്പലിലേക്ക് കുരിശിന്റെ വഴി നടത്തി പ്രാർത്ഥിച്ചു.

**കുറുമ്പാല**

ഇടവകയിലെ കിടപ്പുരോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. മാർച്ച് 19 –ന് പിതൃദിനാചരണത്തിന്റെ ഭാഗമായി ഇടവകയിലെ ഏറ്റവും പ്രായം ചെന്ന വ്യക്തിയായ അറയ്ക്കപറമ്പിൽ ജോണിന്റെ ഭവനം സന്ദർശിച്ചു, 75–ാം വിവാഹവാർഷികം ആഘോഷിക്കുന്ന അവർക്ക് പ്രാർത്ഥനാ ശംസകൾ നേർന്നു.

**മഞ്ഞൂറ**

മാർച്ച് 1 മുതൽ 31 വരെ പള്ളിയിലും, വീടുകളിലും വി. യൗസേപ്പിതാവിന്റെ വണക്കമാസാചരണം നടത്തി. മാർച്ച് 19–ന് പിതൃദിനമായി ആചരിച്ചു. രോഗികളെ സന്ദർശിച്ചു. 26– ന് അമ്മമാർക്ക് സാഹിത്യ മത്സരം നടത്തി. 27–ന് മദർ തെരേസ മൗണ്ടിലേക്ക് കുരിശിന്റെ വഴി നടത്തി.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# ജീസസ് യൂത്ത് മിനിസ്ട്രി

"യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരാൾ തന്നെ യാണ്" (ഹെബ്രാ.13:8)

ഏപ്രിൽ 8 രണ്ടാം ശനിയാഴ്ച യുവജന ഏകദിന കൺവെൻഷ നൊരുക്കമായി ജീസസ് യൂത്ത് യുവജനങ്ങൾ രണ്ടാം വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടത്തി ഒരുങ്ങി. രണ്ടാം ശനിയാഴ്ച രാവിലെ 9.30 ന് ജപമാലയോടുകൂടി ശുശ്രൂഷകൾ ആരംഭിച്ചു. 10.30 ന് ബ്രദർ പ്രിൻസ് ക്ലാസ്സെടുത്തു. 12 മണിക്ക് ബഹു. സോണി വാഴകാട് അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണശേഷം ജീസസ് യൂത്ത് ഫുൾ ടൈമർ തന്റെ ജീവിതാനുഭവങ്ങൾ പങ്കു വെച്ചു. തുടർന്ന് കുരിശാരാധനയോടുകൂടി ശുശ്രൂഷകൾ സമാപിച്ചു.

**ക്രിസ്റ്റീൻ ധ്യാനം**

2017 ഏപ്രിൽ 23 (3 pm) 26 (3.30 pm) 9 മുതൽ 12 വരെ ക്ലാസ്സുകൾക്ക്
2017 മെയ് 28 (3 pm) 31 (3.30 pm) 5 മുതൽ 8 വരെ ക്ലാസ്സുകൾക്ക്
സ്ഥലം - കാരക്കാമല സെന്റ് മേരീസ് ദേവാലയത്തിൽ

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, ജീസസ് യൂത്ത

# സീയോൻ വാർത്തകൾ

**സീയോൻ ടീം മീറ്റിംഗ് 31-3-2017**

2017 മാർച്ച് 31 സീയോൻ ധ്യാനകേന്ദ്രത്തിൽ 4 മണിക്ക് ടീം മീറ്റിംഗ് ആരംഭിച്ചു. ഒരുക്കശുശ്രൂഷ നടത്തി. 6.30 ന് ജാഗരണപ്രാർത്ഥന, കുരിശിന്റെ വഴി, വി. കുർബാന എന്നിവയ്ക്കുശേഷം 12 മണിയോടുകൂടി ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി - ഏകദിന കൺവെൻഷൻ 1-4-2017**

ഒരുക്കശുശ്രൂഷകൾ രാവിലെ 6 am ന് ആരംഭിച്ചു. ജപമാല പ്രദക്ഷിണം വെഞ്ചരിപ്പ് എന്നിവ നടത്തി 8.45 ന് കൺവെൻഷൻ ആരംഭിച്ചു. റവ. ഫാ. ബിനേഷ് മാങ്കൂട്ടം (ഷേൻ സ്റ്റാട്ട്, ബാംഗ്ലൂർ) വചന പ്രഘോഷണം നടത്തി. വി. ബലിയർപ്പിച്ചു, സന്ദേശവും നൽകി. അനുഭവസാക്ഷ്യത്തെ തുടർന്ന് ദിവ്യകാരുണ്യ ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും ദമ്പതികൾക്കുവേണ്ടി പ്രത്യേക പ്രാർത്ഥന ശുശ്രൂഷയും നടത്തി. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു.

**രണ്ടാംശനി പൊതുസ്പിരിച്ചൽ ഷെയറിംഗ് 8-4-2017**

സ്പിരിച്ചൽ ഡിറക്ടേഴ്സ് രണ്ടാം വെള്ളി സിയോനിൽ വന്ന് പ്രാർത്ഥിച്ചൊരുങ്ങി ശനിയാഴ്ച ശുശ്രൂഷ നടത്തി.

**ജാഗരണ പ്രാർത്ഥന**

ഏപ്രിൽ മാസം 21-ാം തീയതി വൈകുന്നേരം 6 മുതൽ രാവിലെ 6 വരെ ജാഗരണ പ്രാർത്ഥന നടത്തി.

**ഇടവക നവീകരണ ധ്യാനങ്ങൾ**

തെനേരി, തൃശ്ശിലേരി ഇടവകകളിൽ ഇടവക ധ്യാനങ്ങൾ സീയോൻ ടീമിന്റെ നേതൃത്വത്തിൽ നടത്തി.

**ദമ്പതീധ്യാനം**

ഏപ്രിൽ 23-27 തീയതികളിൽ സീയോനിൽ വച്ച് ദമ്പതികൾക്കുള്ള ധ്യാനം നടത്തപ്പെട്ടു.

**സിയോൻ മെയ് മാസത്തിൽ**

| | | |
|---|---|---|
| മെയ് 5 | - | ടീം മീറ്റിംഗ്, ഏകദിനകൺവെൻഷൻ ഒരുക്കം |
| മെയ് 6 | - | ഏകദിന കൺവെൻഷൻ |

| | | |
|---|---|---|
| മെയ് 7 – 11 | – | ഇടവക ധ്യാനം മരക്കടവ് |
| മെയ് 13 | – | രണ്ടാംശനി – പൊതു സ്പിച്ച്വൽ ഷെയറിംഗ് |
| മെയ് 14–18 | – | മരിയൻ ധ്യാനം |
| മെയ് 19 | – | മൂന്നാം വെള്ളി – ജാഗരണപ്രാർത്ഥന |
| മെയ് 20 | – | ഓസ്സാനാംഭവൻ – ഏകദിനം |
| മെയ് 27 | – | നാലാം ശനി –രോഗികൾക്കായുള്ള സൗഖ്യശുശ്രൂഷ |

**ഡയറക്ടർ**

സിയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരേ

ക്രൈസ്തവരായ നമ്മുടെ ജീവിതത്തിൽ കഴിഞ്ഞ ഒരു വർഷത്തെ അതിപ്രധാന ദിനങ്ങളാണല്ലോ കടന്നുപോയത്. ഓശാന യും, പെസഹായും ദുഃഖവെള്ളിയുമെല്ലാം കടന്ന് നാം ഉത്ഥിതനായ ഈശോയോടൊപ്പം ചേർന്നു. പീഡകൾ ദൈവത്തോട് ചേർത്ത്വയ്ക്കു മ്പോൾ അവയ്ക്കപ്പുറം മഹത്വത്തിന്റെ ഉയിർത്തെഴുന്നേൽപ്പുണ്ടെന്ന സന്ദേശമാണ് ഈസ്റ്റർ നമുക്ക് നല്കുന്നത്. പീഡകൾ ലോകത്തിന്റേ താണ്. ഈ ലോകത്തിനപ്പുറം ദൈവസ്നേഹത്തിന്റെ അനുപമമായ അനുഭൂതി സ്വർഗത്തിൽ അനുഭവിക്കാൻ നമുക്ക് ഒരുങ്ങിയിരിക്കാം. മ നുഷ്യന്റെ പാദങ്ങളെ നയിക്കുന്നത് കർത്താവാണ്. തനിക്ക് പ്രീതികര മായി ചരിക്കുന്നവനെ അവിടുന്ന് സുസ്ഥിരനാക്കും. (സങ്കീർത്തനം –37.23)

മെയ്മാസം സഭ പരി.കന്യകാ മാതാവിനെ പ്രത്യേകം വണ ങ്ങുന്ന മാസമാണ്. ദൈവപുത്രനായ യേശുവിന്റെ അമ്മയെ മഹത്വ ത്തിലേക്ക് ഉയർന്ന് സുരലോകരാജ്ഞിയായി മുടിധരിപ്പിക്കപ്പെടുന്നതിനു മുന്നോടിയായി അമ്മ അനുഭവിച്ച വേദനകളും യാതനകളും അപമാ നവും വലുതായിരുന്നു. നമുക്ക് പ്രർത്ഥിക്കാം-ഞങ്ങളുടെ അമ്മയായ പരിശുദ്ധ കന്യകാമാതാവെ, അമ്മ പിന്നിട്ട വഴികളിലേക്ക് തിരിഞ്ഞുനോക്കിയാൽ, ഏകാന്തമായ ദിനരാത്രങ്ങൾ-മരുഭൂമിയുടെ ശൂന്യത വിളിച്ചറിയിച്ച വ്യക്തിബന്ധങ്ങൾ-ഹൃദയത്തിലൂടെ വാൾപോലെ കടന്നുപോയ വേദനകൾ-ഇങ്ങനെ ഒട്ടേറെ ക്ലേശങ്ങൾ സഹിച്ചപ്പോഴും ഉദരഫലം യാഥാർത്ഥ്യമാകാൻ ഇതല്ല, ഇതിലും കൂടു തൽ സഹിക്കുവാൻ അമ്മ തയാറായല്ലോ. സഹനങ്ങൾ വിശുദ്ധീകര ണത്തിനുള്ള മാർഗങ്ങളാണെന്ന ബോധ്യം ഞങ്ങളിൽ വളർത്തേണമെ.

**രൂപതാ സെൻട്രൽ കൗൺസിൽ യോഗം**

സെന്റ് വിൻസെൻറ് ഡി പോൾ സൊസൈററി മാനന്തവാടി രൂപതാ സി.സി.യോഗം ഏപ്രിൽ എട്ടിന് നടവയൽ ഓസാനാംഭവൻ ഹാളിൽ നടന്നു. ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേലിന്റെ പ്രാർത്ഥന യോടെ യോഗം ആരംഭിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കാ

ന്തിരി അധ്യക്ഷം വഹിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് റവ.ഫാ. ഷാജി മുളകുടിയാങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. സി.സി. ജനറൽ സെക്രട്ടറി ബ്രദർ ബാബു നമ്പുടാകം പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സി.സി. ട്രഷറർ ബ്രദർ എൻ.യു.ജോൺ നെടുങ്കൊമ്പിൽ കണക്ക് അവതരിപ്പിച്ചു. ഓസാനാംഭവൻ ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് സെക്രട്ടറി ബ്രദർ വിൻസെന്റ് വടക്കുഞ്ചേരി ഓസാനാംഭവന്റെ വരവ്, ചിലവ് കണക്കുകൾ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം റിപ്പോർട്ടും കണക്കുകളും യോഗം അംഗീകരിച്ചു. ഓസാനാംഭവനുവേണ്ടി ഒരംഗം ഒരു ദിവസം ഒരു രൂപയെന്ന പദ്ധതി കൃത്യമായി നടപ്പാക്കുവാൻ യോഗം തീരുമാനിച്ചു. ഈ തുക മുൻകൂറായി നല്കുന്നതിനും അംഗങ്ങൾക്ക് അനുമതി നല്കാൻ യോഗം തീരുമാനിച്ചു. ഇക്കാര്യത്തിൽ കോൺഫ്രൻസ്, എ.സി. ഭാരവാഹികൾ കൂടുതൽ ശ്രദ്ധിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

**സി.സി. വാർഷികം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി രൂപതാ കമ്മറ്റിയുടെ 39-ാം വാർഷികം 2017-മെയ്മാസം 27-ന് രാവിലെ 9.30-ന് ദിവ്യബലിയോടെ നടവയൽ ഓസാനാംഭവൻ ഹാളിൽ നടക്കുന്നതാണ്. മാനന്തവാടി രൂപതാധ്യക്ഷനും, എസ്. എസ്. വി. പി യുടെ മാനന്തവാടി രൂപത രക്ഷാധികാരിയുമായ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം, ജനപ്രതിനിധികൾ തുടങ്ങിയവർ വാർഷികാഘോഷങ്ങളിൽ പങ്കെടുക്കുന്നതാണ്. സി.സി.യുടെ കീഴിലെ എല്ലാ കോൺഫ്രൻസ് അംഗങ്ങളെയും, ബഹു. വൈദികരെയും സന്യാസിനിമാരെയും മററ് അഭ്യുദയ കാംഷികളെയും വാർഷികാഘോഷത്തിലേക്ക് സ്നേഹപൂർവം ക്ഷണിക്കുന്നു.

**സി.സി.യോഗം**

അടുത്ത സി.സി. യോഗം 2017 മെയ് 9-ന് ചൊവ്വാഴ്ച രാവിലെ പത്ത് മണിക്ക് നടവയൽ ഓസാനാംഭവൻ ഹാളിൽ ചേരുന്നതാണ്. സി.സി.അംഗങ്ങൾ നിർബന്ധമായും യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**നിയമനം**

സി.സി. ഇന്റേണൽ ഓഡിറ്റർമാരായി ബ്രദർ മാത്യു കന്നുതൊട്ടി (വാഴവറ്റ), ബ്രദർ ജെൻട്രിപോൾ കളരിക്കൽ (ദീപ്തിഗിരി) എന്നിവരെ തെരഞ്ഞെടുത്തു. കൊട്ടിയൂർ എ.സി. പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ സ്റ്റനിസ്ലാവോസ് തട്ടാമ്പറമ്പിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേററു.

**ഓസാനാംഭവൻ**

ഓസാനാംഭവൻ വാർഷിക ജനറൽബോഡി യോഗം 2017 ഏപ്രിൽ എട്ടിന് നടവയൽ ഓസാനാംഭവൻ ഹാളിൽ നടന്നു. ബ്രദർ തോമസ് മാങ്ങൻ അധ്യക്ഷത വഹിച്ചു. റവ. ഫാ. ഷാജി മുളകുടിയാങ്കൽ ആത്മീയസന്ദേശം നല്കി. ഓസാനാംഭവൻ സെക്രട്ടറി ബ്രദർ വിൻസെൻറ് ജോൺ വടക്കുഞ്ചേരി പ്രവർത്തനറിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം കണക്കും റിപ്പോർട്ടും യോഗം അംഗീകരിച്ചു. 2017-18 വർഷത്തേക്കുള്ള ഭരണസമിതിയെ യോഗം തെരഞ്ഞെടുത്തു. ബ്രദർ ജോർജ്ജ് ആക്കാന്തിരി (ചെയർമാൻ-കറസ്പോണ്ടന്റ്), ബ്രദർ വിൻസെന്റ് ജോൺ വടക്കുഞ്ചേരി (സെക്രട്ടറി), ബ്രദർ എൻ.യു.ജോൺ (ട്രഷറർ), റവ.ഫാ. ഷാജി മുളകുടിയാങ്കൽ, ബ്രദർ തോമസ് മാങ്ങൻ, ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്രദർ ബാബു നമ്പുടാകം, ബ്രദർ ജിൽസ് മേക്കൻ, ബ്രദർ ഷാജൻ തലച്ചിറ, ബ്രദർ തങ്കച്ചൻ മേപ്പാടത്ത്, സിസ്റ്റർ റോസമ്മ അയ്യങ്കുഴയ്ക്കൽ (ബോർഡ് അംഗങ്ങൾ), ഇന്റേണൽ ഓഡിറ്റർമാർ-ബ്രദർ ഫ്രാൻസീസ് പുലിക്കോട്ടിൽ, ബ്രദർ ജോസുകുട്ടി ചാത്തമല.

സ്നേഹപൂർവം,

**ബ്രദർ ജോർജ്ജ് ആക്കാന്തിരി**

സി.സി.പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**നയിറോഷ്നി പരിശീലനം സമാപിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര ന്യൂനപക്ഷ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ഈവർഷം വയനാട് ജില്ലയിൽ നടപ്പാക്കിവന്നിരുന്ന 'നയിറോഷ്നി' പരിശീലനം സമാപിച്ചു. വയനാട് ജില്ലയിലെ 15 കേന്ദ്രങ്ങളിലായി നടന്നുവന്ന പരിശീലനത്തിൽ 225 സ്ത്രീകൾ പങ്കെടുത്തു. 6 ദിവസങ്ങളിലായി നടന്ന പരിശീലനത്തിൽ വ്യക്തിത്വ വികസനം നേതൃത്വം, സ്വയംതൊഴിൽ സംരംഭങ്ങൾ, ആരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങി വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

**സമഗ്ര ആദിവാസി വികസന പദ്ധതി**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയിലെ അംഗങ്ങൾക്കായി TRIFED ന്റെ സാമ്പത്തിക സഹായത്തോടെ കാട്ടുതേൻ സംഭരണം, സംസ്ക്കരണം, വിപണനം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി. 7 കേന്ദ്രങ്ങളിലായി 4 ദിവസംവീതം നീണ്ടുനിന്ന പരിശീലനത്തിൽ 210 പേർ പങ്കെടുത്തു.

**കുരുമുളക് ഗവേഷണ പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന പാരമ്പര്യ കുരുമുളക് പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇതിനോടൊപ്പം നടപ്പിലാക്കുന്ന വൃക്ഷ ആയുർവേദ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ വയനാടിന്റെ വിവിധ ഭാഗങ്ങളിൽ സർവ്വെ നടന്നു. പടിഞ്ഞാറത്തറ, പേരിയ, വെള്ളമുണ്ട തുടങ്ങിയ പ്രദേശങ്ങളിലാണ് സർവ്വെയും അതിനോടൊപ്പം നടീൽ വസ്തുക്കളുടെ ശേഖരണവും നടത്തിയത്. തികച്ചും ജൈവരീതി അവലംബിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് WSSS നേതൃത്വം നൽകുന്നത്. ശേഖരിച്ച കുരുമുളകിനിങ്ങളുടെ നഴ്സറി ബോയ്സ് ടൗണിൽ തയ്യാറായി വരുന്നു. ഇതിനകം 30-ൽപരം ഇനങ്ങളുടെ തൈകൾ നട്ടുവളർത്താൻ കഴിഞ്ഞിട്ടുണ്ട്. പാരമ്പര്യ ഇനങ്ങളുടെ ലഭ്യത വയനാട്ടിൽ വളരെ കുറഞ്ഞതിനാൽ നടീൽ വസ്തുക്കളുടെ ദൗർലഭ്യം നേരിടുന്നുണ്ട്. വളരെ വിരളമായി കാണുന്ന കുരുമുളകിനങ്ങളുടെ വിത്തുകൾ ശേഖരിച്ച് നട്ടു

വളർത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കരികോട്ട, കല്ലു വള്ളി എന്നീ പാരമ്പര്യഇനങ്ങളുടെ വിത്തുകൾ നഴ്സറിയിൽ മുളപ്പി ക്കാൻ കഴിഞ്ഞിട്ടുണ്ട്. നഴ്സറിയിൽ പൂർണ്ണ വളർച്ചയെത്തിയ കുരുമു ളക് തൈകൾ മെയ്, ജൂൺ മാസത്തോടെ പ്രത്യേകം ഒരുക്കിയിട്ടുള്ള സ്ഥലത്ത് നട്ടുവളർത്തും. ഇങ്ങനെ നട്ടുവളർത്തുന്ന കുരുമുളകിനങ്ങൾ ഭാവിയിൽ നിലനിൽക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിച്ചു.

**സേവ് എ ഫാമിലി പ്ലാൻ**

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ സമൂഹ ത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കുന്ന ഈ പദ്ധതിയിൽ ഇന്ന് 338 കുടുംബങ്ങൾ പങ്കാളികളാണ്. സേവ് എ ഫാമിലി പ്ലാൻ മേഖലാതല പരിശീലനങ്ങൾ മാർച്ച് 27, 28, 29 തീയതികളിലാണ് മാനന്തവാടി, കൽപ്പ റ്റ, പുൽപ്പള്ളി മേഖലകളിൽ നടത്തിയത്.

WSSS കോ-ഓഡിനേറ്റർ ശ്രീമതി മിനി കുടനിർമ്മാണ പരിശീല നത്തിനു നേതൃത്വം നൽകി. മൂന്ന് മേഖലകളിൽ 205 കുടുംബങ്ങളിൽ നിന്നുള്ള അംഗങ്ങൾ കുടനിർമ്മാണ പരിശീലനത്തിൽ പങ്കെടുത്തു.

ഈ പരിശീലനത്തിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർക്കായി ഒരു പരിശീലനം ഏപ്രിൽ 22-ാം തീയതി ശനിയാഴ്ച WSSS ഓഡിറ്റോ റിയത്തിൽ വച്ച് നടക്കും. സേവ് എ ഫാമിലി പ്ലാനിൽ പുതുതായി ഉൾപ്പെ ടുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് WSSS Office മായി ബന്ധപ്പെടുക.

**ജനകീയ സംഘാടനം**

സോഷ്യൽ വെൽഫെയർ സൊസൈറ്റികളിലൂടെയുള്ള ജനകീയ സംഘാടനത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു. ആറ് വനിതാ സ്വാശ്രയ സംഘങ്ങൾ അവരുടെ ലോൺ പുതുക്കിയെടുത്തു. ഒരു വനിതാ സ്വാശ്രയസംഘം മൂന്നുലക്ഷം രൂപയുടെ പുതിയ ലോൺ എടുത്തു.

കാരിത്താസ് ഇന്ത്യയുടെ കാൻസർ സുരക്ഷ പദ്ധതിയായ ആശാ കിരണം മാനന്തവാടി രൂപതയിൽ നടപ്പിലാക്കാനുള്ള പ്രാരംഭ പ്രവർത്ത നങ്ങൾ നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ട് സോഷ്യൽ വെൽഫെ യർ സൊസൈറ്റികളിലെ CDO, സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്ക് വേണ്ടി ക്യാൻസർ രോഗവുമായി ബന്ധപ്പെട്ട് ശിൽപ്പശാല നടത്തി. ക്യാൻസർ രോഗം, പ്രതിരോധ മാർഗ്ഗങ്ങൾ, ചികിത്സാരീതികൾ എന്നി വയെക്കുറിച്ചുള്ള സെമിനാറിന് ഡോ.ബാബു ഈഡൻ നേതൃത്വം നൽകി.

SWS യോഗങ്ങൾ ഓഡിറ്റിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ കൃത്യ മായി നടന്നുവരുന്നു.

**ജലനിധി**

ജനശക്തി സ്കീം ലെവൽ കമ്മിറ്റിയുടെ ജനറൽ ബോഡിയോഗം 9-4-2017 ന് WSSS ഓഫീസിൽ വെച്ച് നടന്നു. യോഗത്തിൽ സമിതി പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ എം.സി. അദ്ധ്യക്ഷത വഹിച്ചു. സ്വാന്തനം സ്കീംലെവൽ ശുദ്ധജല വിതരണസമിതിയുടെ യോഗം 18-4-2017 ന് പാണ്ടിക്കടവ് വായനശാലയിൽ വെച്ച് ചേർന്നു. യോഗത്തിൽ സമിതി പ്രസിഡന്റ് ശ്രീ. വിനോദ് തോട്ടത്തിൽ അദ്ധ്യക്ഷത വഹിച്ചു.

23-3-2017 ന് WSSS ഹാളിൽ വെച്ച് ജലദിനം ആചരിച്ചു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഉഷ വിജയൻ ഉദ്ഘാടനം നിർവ്വഹിച്ചു. ശ്രീ. എൻ.ജെ. ചാക്കോ ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് എടുത്തു.

## *Deen Dayal Upadhyaya Grameen Kaushalya Yojana* (DDU-GKY)

കേന്ദ്രഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് നടപ്പിൽ ആക്കുന്നത്.

DDU-GKY ഇതുവരെ 201 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 150 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഇതിൽ ഏഴു കുട്ടികൾക്ക് വിദേശ രാജ്യങ്ങളിൽ ആണ് ജോലി നൽകിയിരിക്കുന്നത്. മുപ്പതോളം കുട്ടികളെ വിദേശരാജ്യങ്ങളിൽ ജോലി നൽകുന്നതിനുള്ള കമ്പനി പരിശീലനത്തിലാണ് ഇപ്പോൾ. അടുത്ത വർഷത്തേക്ക് പുതിയ കോഴ്സുകളും ആരംഭിക്കുന്നുണ്ട്. അതിനുള്ള സർക്കാർ അംഗീകാരം കിട്ടിയാൽ ഉടനെ അറിയിക്കുന്നതാണ്.

വയനാട് കുടുംബശ്രീ മിഷനുമായി ചേർന്ന് പനമരം പള്ളിയിൽ സ്ത്രീകൾക്കായി ആരംഭിച്ച മേസോനറി കോഴ്സ് പരിശീലനം പൂർത്തിയായി. കെട്ടിട നിർമ്മാണവും ബന്ധപ്പെട്ട എല്ലാ പണികളും ഈ കോഴ്സിൽ പഠിപ്പിച്ചു.

മാനന്തവാടി മുൻസിപാലിറ്റിയിൽ ഉള്ളവർക്ക് ഫുഡ് പ്രോസസ്സിംഗ്, ഫാഷൻ ഡിസൈൻ എന്നീ കോഴ്സുകൾ NULM മായി ചേർന്ന് ആരംഭിക്കുന്നു. താല്പര്യമുള്ളവർ എത്രയും വേഗം കൽപ്പറ്റ മുൻസിപാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധപ്പെടുക.

**വികാസ്പീഡിയ**

ആധുനിക വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ക്രിയാത്മകമായി ഉപയോഗിക്കുകവഴി സാധാരണ ജനങ്ങളിലേയ്ക്ക് പ്രാദേശിക ഭാഷയിൽ അറിവുകളും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിനായി കേന്ദ്ര സർക്കാർ സി.ഡാക് വഴി നടപ്പിലാക്കിവരുന്ന ഇന്റർനെറ്റ് പദ്ധതിയായ വികാസ്പീഡിയ വെബ്സൈറ്റ് ലക്ഷകണക്കിന് ആളുകളാണ് ദിനംതോറും സന്ദർശിക്കുന്നതും വിവരങ്ങൾ ഉപയോഗിക്കുന്നതും. മലയാള ഭാഷയിൽ അറിവുകൾ ശേഖരിക്കുകയും പങ്കുവയ്ക്കുകയും ചെയ്ത് വരുന്ന വികാസ്പീഡിയ മലയാളം വിഭാഗം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിജയകരമായ മൂന്നാംവർഷം പൂർത്തിയാക്കുവാൻ ഏതാനും മാസങ്ങൾ മാത്രം ബാക്കിനിൽക്കേ ശക്തമായ പ്രചാരണ പരിപാടികൾക്കാണ് രൂപം നൽകിയിട്ടുള്ളത്. വിജ്ഞാനത്തിന്റെ അക്ഷയഖനിയായ വികാസ്പീഡിയ വെബ്സൈറ്റിനെ കേരളത്തിലുടനീളം പരിചയപ്പെടുത്തുവാൻ നാം ഓരോരുത്തരും മനസ്സ് വയ്ക്കേണ്ടതുണ്ട്. നമ്മുടെ കൂട്ടായശ്രമം വഴി ഈ അറിവിന്റെ ശേഖരത്തെ ഓരോ മലയാളിയെയും പരിചയപ്പെടുത്തുവാൻ കഴിയുമെന്നുള്ളതിൽ സംശയമില്ല. ഇതിനായി നമുക്ക് കൂട്ടായി പ്രവർത്തിക്കാം.

വികാസ്പീഡിയ ഇന്റർനെറ്റ് പോർട്ടലിന്റെ ജനകീയത ഉറപ്പാക്കുന്നതിലേക്കായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിക്സ്പീഡിയ മലയാളംവിഭാഗം ഏപ്രിൽ മാസത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തി. വികാസ്പീഡിയ പ്രവർത്തകരിൽ പുത്തൻ ഉണർവ് പകരുന്ന രീതിയിലുള്ള ജനകീയ കൂട്ടായ്മ പ്രവർത്തനങ്ങൾക്ക് കൂടുതൽ സ്വീകാര്യത ലഭിച്ചു. കൂടുതൽ പ്രവർത്തകരും വിവരദാതാക്കളും പോർട്ടലിൽ രജിസ്റ്റർ ചെയ്തതും വികാസ്പീഡിയ മലയാളം ഫേസ്ബുക്ക് ലൈക്കുകളിൽ ഉള്ള ഗണ്യമായ വർദ്ധനയും വികാസ്പീഡിയ പോർട്ടലിന്റെ ജനീകയത വെളിവാക്കുന്നു. സമൂഹത്തിലെ താഴെ തട്ടിലുള്ളവർ മുതൽ ഉന്നതശ്രേണിയിലുള്ളവർ വരെ വികാസ്പീഡിയ പോർട്ടലിനെ അറിയുന്നതിലേക്കായി ബോധവത്ക്കരണ ക്ലാസുകൾ, സെമിനാറുകൾ, പൊതുപരിപാടികൾ എന്നിവ സംഘടിപ്പിക്കപ്പെട്ടു. ജില്ലയിൽ നടത്തപ്പെട്ട കാർഷിക വിദ്യാഭ്യാസ ആരോഗ്യ സെമിനാറുകൾ, പൊതുപരിപാടികൾ, തുടങ്ങിയവയിൽ വികാസ്പീഡിയ പ്രവർത്തകർ പങ്കെടുക്കുകയും പ്രചരണം നടത്തുകയും ചെയ്തു. കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക. http://ml.vikaspedia.in/

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്നു. കേരള ലേബർമുവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

തൊഴിലാളികളുടെ ആദ്ധ്യാത്മികവും സാംസ്കാരികവും സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്ക് വേണ്ടിയും തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുവേണ്ടിയും പ്രവർത്തിക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

**കേരള ചെറുകിടതോട്ടം തൊഴിലാളി ഫോറം (KCTTF)**

കേരള ചെറുകിടതോട്ടം തൊഴിലാളി ഫോറത്തിൽ അംഗങ്ങളായവരുടെ 2017 ലെ അംശാധായം അടച്ചുവരുന്നു. ഇതിൽ അംഗത്വം നഷ്ടപ്പെട്ടവരുടെ അംഗത്വം മാപ്പപേക്ഷയോടുകൂടി പുന:സ്ഥാപിക്കാവുന്നതാണ്.

**കേരള ടെയിലറിംഗ് വർക്കേഴ്സ് ഫോറം (KTWF)**

കേരള ടെയിലറിംഗ് വർക്കേഴ്സ് ഫോറത്തിൽ അംഗങ്ങളായവരുടെ രജിസ്ട്രേഷൻ പൂർത്തിയായി.

**സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ (SNTU)**

സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയൻ അംഗങ്ങളായവരുടെ 2017 ലെ അംഗത്വം പുതുക്കി നൽകി. വിവിധ ക്ഷേമനിധികളുടെ പുതിയ ആപ്ലിക്കേഷനുകൾ സ്വീകരിച്ചുവരുന്നു. താൽപ്പര്യമുള്ളവർ WSSS ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, WSSS

# ബയോവിൻ അഗ്രോ റിസർച്ച്

**(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)**

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മണ്ണ്, ജലം, വായു സംരക്ഷണത്തിലൂന്നി രാസപദാർത്ഥങ്ങളെ അകറ്റിനിർത്തിയുള്ള കാർഷിക വൃത്തിയിലൂടെ മികച്ച വിളവും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും നേടിയെടുക്കാൻ കർഷകനെ പരിശീലിപ്പിക്കുന്ന ജൈവകൃഷി സാക്ഷ്യപത്രലഭ്യതാ പദ്ധതിയിൽ മാർച്ച് മാസത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു. പദ്ധതിയിലേക്ക് പുതിയതായി 475 കർഷകർ അംഗങ്ങളാവുകയും അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ഫീൽഡ് കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ (AEO) എന്നിവരുടെ നേതൃത്വത്തിൽ നൽകുകയും ചെയ്തു.

**സെമിനാറുകൾ നടത്തി**

ജൈവ വളക്കൂട്ടുകളുടെ നിർമ്മാണവും അവയുടെ ഉപയോഗവും കർഷകരെ പഠിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനുമായി വയനാട് ജില്ലയിൽ ഉടനീളം വിവിധ വില്ലേജുകൾ കേന്ദ്രീകരിച്ച് 49 സെമിനാറുകൾ നടത്തി. കുമാരി റീബ, കുമാരി ലിജി എന്നിവർ ക്ലാസ്സുകൾ നയിക്കുകയും കർഷകർക്ക് പ്രായോഗിക പരിശീലനം നൽകുകയും ചെയ്തു. കർഷകരുടെ മികച്ച പങ്കാളിത്തം എല്ലാ സെമിനാറുകളിലും ഫീൽഡ് കോർഡിനേറ്റർമാർ ഉറപ്പുവരുത്തി.

**ഗ്രൂപ്പ് മീറ്റിഗുകൾ**

പ്രാദേശിക തലത്തിലുള്ള കർഷക കൂട്ടായ്മയായ വില്ലേജ് ഫാം ക്ലബ്ബുകളുടെ മീറ്റിഗുകൾ വിവിധ സ്ഥലങ്ങളിലായി നടക്കുകയും 294 യോഗങ്ങളിൽ ഫീൽഡ് കോർഡിനേറ്റർമാർ/ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു.

**ഇന്റേണൽ ഇൻസ്പെക്ഷൻ പരിശീലനം**

പുതുതായി അംഗങ്ങളായ കർഷകരുടെ കൃഷിയിടങ്ങളിൽ ഇന്റേണൽ ഇൻസ്പെക്ഷൻ നടത്തുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട 48 ഇന്റേണൽ ഇൻസ്പെക്ടർമാർക്ക് പരിശീലനം സംഘടിപ്പിച്ചു. പരിശോധന നടത്തേണ്ട രീതി, മാനദണ്ഡങ്ങൾ, പരിശോധന റിപ്പോർട്ട് തയ്യാറാക്കേണ്ട വിധം എന്നീ വിഷയങ്ങളിൽ ശ്രീമതി രമ്യ ക്ലാസ്സുകൾ നൽകി.

ബയോവിൻ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ പരിശീലനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ശ്രീ. അമൽ, ഫീൽഡ് കോർഡിനേറ്റർമാർ എന്നിവർ പങ്കെടുത്തു.

**ഫെയർട്രേഡ്**

**ജലസേചനത്തിനായുള്ള സാമ്പത്തികസഹായം**

സംഘടനയിൽ അംഗത്വമുള്ളതും 2016-17 സാമ്പത്തിക വർഷത്തിൽ ഉത്പ്പന്നങ്ങൾ വോഫെയിൽ വിറ്റതുമായ 1039 കർഷകർക്ക് കൃഷിഭൂമിയിൽ ജലസേചന സൗകര്യമൊരുക്കുന്നതിനായി 10,000 രൂപ വീതം നൽകുന്നതിന് തീരുമാനിച്ചതു പ്രകാരം കർഷകരിൽ നിന്നും അപേക്ഷ സ്വീകരിച്ചു. അർഹരായവർക്ക് മെയ് 11 നു ബത്തേരിയിൽ വച്ച് നടത്തുന്ന ജൈവ കർഷക സംഗമത്തിൽ തുക കൈമാറുന്നതായിരിക്കും.

**കമ്പോസ്റ്റ് നിർമ്മാണം**

സംഘടനയിൽ അംഗങ്ങളായ കർഷകരുടെ ഗ്രൂപ്പുകൾക്ക് ജൈവവളം നിർമ്മിക്കുന്നതിനായി അപേക്ഷ സ്വീകരിക്കുകയും, നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് 10 ടൺ നിർമ്മാണത്തിന് 30000 രൂപ വീതം സാമ്പത്തിക സഹായം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**ട്രേഡ് ഫെയർ**

കർഷകരുടെ ഉത്പന്നങ്ങൾ പൊതു വിപണിയിലെ വിലയേക്കാൾ ഉയർന്ന വില നൽകി സംഭരിക്കുന്നതിനും വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുമായി ജർമ്മനിയിൽ വെച്ച് നടന്ന ബയോഫാക് 2017 ട്രേഡ് ഫെയറിൽ ബയോവിൻ മാർക്കറ്റിങ്ങ് മാനേജർ ശ്രീ. വിനീഷ് വണ്ടന്നൂർ, ജൂനിയർ മാർക്കറ്റിംങ്ങ് മാനേജർ ശ്രീ. ടോണി പോൾ എന്നിവർ പങ്കെടുത്തു. തൽഫലമായി ജൈവഫെയർട്രേഡ് ഉത്പ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിന് സാധിച്ചു.

**സംഭരണം**

കർഷകരിൽ നിന്നും മാർച്ച് മാസം 416919.5 കിലോ കാപ്പി, 80-97 രൂപ നിരക്കിലും 21612.15 കിലോ കുരുമുളക് 610-660 രൂപ നിരക്കിലും, 3385.6 കിലോ പച്ച മഞ്ഞൾ 22-23 രൂപ നിരക്കിലും, 60.5 കിലോ കറുവപ്പട്ട 395 രൂപ നിരക്കിലും, 7172.15 കിലോ പച്ചകുരുമുളക് 200-240 രൂപ നിരക്കിലും, 185850.5 കിലോ പച്ചഇഞ്ചി 33.4 രൂപ നിരക്കിലും, 11.6 കിലോ ജാതിക്ക 275 രൂപ നിരക്കിലും, 33.2 കിലോ തിപ്പലി 650 രൂപ നിരക്കിലും, 119.35 കിലോ ഗ്രാമ്പൂ 750-1050 രൂപ നിരക്കിലും, 27.6 കിലോ ഉണക്കമഞ്ഞൾ 130 രൂപ നിരക്കിലും, 44 കിലോ കുടംപുളി 250 രൂപ നിരക്കിലും, 58.4 കിലോ തേങ്ങാ 24 രൂപ നിരക്കിലും സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ മാർച്ച് മാസത്തിലും കാപ്പി, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, തേങ്ങ, പൈനാപ്പിൾ, ചക്ക, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തുവരുന്നു.

**ജൈവകർഷക സംഗമം 2017**

'വായു മണ്ണ് ജലം - നമുക്കും വരും തലമുറയ്ക്കും' എന്ന സുസ്ഥിര മുദ്രാവാക്യവുമായി പ്രകൃതി സംരക്ഷണവും കർഷക വികസനവും ലക്ഷ്യമാക്കി ജൈവകാർഷിക കൂട്ടായ്മയ്ക്ക് നേതൃത്വം നൽകിയ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) യുടെയും ജൈവകാർഷിക ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും ജൈവകാർഷിക വിപുലീകരണത്തിനുമായി രൂപംകൊണ്ട WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷ (WOFFA) ന്റെയും, ജൈവഉത്പ്പന്നങ്ങളുടെ സംഭരണവും മൂല്യവർദ്ധനവും വിപണനവും വഴി കർഷകർക്ക് സുസ്ഥിരമായ വിപണി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ രൂപംകൊണ്ട ബയോവിൻ അഗ്രോ റിസേർച്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ 2017 മെയ് 11 ന് സുൽത്താൻ ബത്തേരിയിൽ ജൈവകർഷക സംഗമം സംഘടിപ്പിക്കുന്നു.

എക്കോടൂറിസം രംഗത്ത് ഏറെ പ്രാധാന്യമുള്ള വയനാട് ജില്ലയിൽ പ്രകൃതി സംരക്ഷണവും ജൈവകാർഷിക സംസ്കാരവും രൂപപ്പെടുത്തുന്നതിൽ അക്ഷീണയത്നം ചെയ്യുന്ന പന്ത്രണ്ടായിരത്തിലധികം കർഷകരുൾപ്പെടുന്ന ഒരു കൂട്ടായ്മ പ്രവർത്തിക്കുന്നു എന്നത് സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരിക, എന്താണ് ജൈവകൃഷിയെന്ന ആശയം സാധാരണ ജനങ്ങളിലെത്തിക്കുക, സർക്കാർ കാർഷിക ഉദ്യോഗസ്ഥർ എന്നിവരുമായുള്ള കർഷകരുടെ ബന്ധം കൂടുതൽ മെച്ചപ്പെടുത്തുക, കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുക തുടങ്ങിയവയാണ് സംഗമത്തിന്റെ ലക്ഷ്യങ്ങൾ

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**ക്ഷയരോഗ ബോധവത്കരണ സെമിനാർ**

ലോക ക്ഷയരോഗ ദിനാചരണ പരിപാടിയുടെ ഭാഗമായി കമ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെയും അക്ഷയ ടിബി പ്രോജക്റ്റിന്റെയും ആഭിമുഖ്യത്തിൽ മേപ്പാടി പുത്തൻകൊല്ലി കമ്മ്യൂണിറ്റി ഹാളിൽ ക്ഷയരോഗ ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ മെമ്പർ വിജയകുമാരി ഉദ്ഘാടനം ചെയ്തു. എ. വിജയനാഥ് ക്ലാസെടുത്തു. കമ്യൂണിറ്റി റേഡിയോ മാറ്റൊലി പ്രോഗ്രാം പ്രൊഡ്യൂസർ നിഖിൽ, സുമതി, വിജേഷ് മാത്യു, മുനീർ, ഷാർലറ്റ് ജേക്കബ് തുടങ്ങിയവർ പ്രസംഗിച്ചു.

**പങ്കാളിത്തം**

ഏപ്രിൽ 11, 12 തീയതികളിൽ UNESCO ഡൽഹിയിൽ സംഘടിപ്പിച്ച കമ്മ്യൂണിറ്റി റേഡിയോകളുടെ നാഷണൽ കൺസൾട്ടേഷൻ മീറ്റിംഗിൽ സ്റ്റേഷൻ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്ത് കമ്മ്യൂണിറ്റി റേഡിയോകളുടെ സുസ്ഥിരതയെകുറിച്ചുള്ള പാനൽ ചർച്ചയിൽ സംബന്ധിച്ചു സംസാരിച്ചു.

**പാനൽ ചർച്ച**

അവധിക്കാലവും കുട്ടികളുടെ സുരക്ഷയും എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. നടവയലിലെ മാത്യു മാസ്ററർ മോഡറേറ്ററായിരുന്നു. ഗുരുകുലം കോളേജ് പ്രിൻസിപ്പാൾ ഷാജൻ ജോസ്, ഉദയഗിരി സ്കൂൾ ഹെഡ്മിസ്ട്രസ് യമുന സന്തോഷ്, പയ്യംമ്പള്ളി സെന്റ് കാതറിൻ സ്കൂൾ അധ്യാപിക ജാകിലിൻ, കല്ലോടി സെന്റ് ജോസഫ് സ്കൂൾ അധ്യാപകൻ വർക്കി നിരപ്പേൽ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. എക്സ്പെർട്ട് വോളണ്ടിയർ എം.പി. ജോസഫ് മാസ്റ്റർ കോ ഓർഡിനേറ്ററായിരുന്നു.

**പ്രത്യേക പരിപാടികൾ**

അഖിലലോക നാടകോത്സവത്തോടനുബന്ധിച്ച് ഒരാഴ്ച്ച റേഡിയോ നാടകങ്ങൾ പ്രക്ഷേപണം ചെയ്തു. ഈസ്റ്റർ, വിഷു

എന്നിവയോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്തു.

**പഠനയാത്ര**

വെള്ളായനി കാർഷിക കോളേജ്, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി ആന്റ് എന്റർപ്രണർഷിപ്പ് & മാനേജ്മെന്റ് -ഹരിയാന, വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് -ചെമ്പേരി, ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് -അങ്ങാടിക്കടവ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് -കളമശ്ശേരി, സെന്റ് ജോസഫ്സ് കോളേജ് -ദേവഗിരി എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**അനുമോദനങ്ങൾ**

അംബേദ്കർ അവാർഡ് ജേതാവായ റവ. സി. ഇന്നസെന്റ്, പി. എച്ച്.ഡി ഡോക്ടറേറ്റ് നേടിയ ശ്രീ. ബാവ കെ. പാലുകുന്ന്, ലോകത്ത് ജൈവകൃഷി വ്യാപനത്തിന് നേതൃത്വം നൽകുന്ന ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രികൾചർ മൂവ്മെന്റ് (ഐ.എഫ്.ഒ.എ.എം) സൗത്ത് കൊറിയയിലെ സോളിൽ വെച്ച് സംഘടിപ്പിക്കുന്ന ആദ്യ ജൈവകൃഷി ലോകനേതാക്കൻമാരുടെ സമ്മേളനത്തിൽ പങ്കെടുക്കുന്ന പി.എ. ജോസ് എന്നിവർക്ക് റേഡിയോ മാറ്റൊലി കുടുംബത്തിന്റെ അനുമോദനങ്ങൾ. മാനേജ്മെന്റ് കമ്മിറ്റിയംഗങ്ങളായ ഇവർ സ്തുത്യർഹമായ സേവനങ്ങളാണ് കാഴ്ച വയ്ക്കുന്നത്.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**March-April 2017**

The activities of the current academic year formally ended on 31 March 2017 and the semester examinations have begun. A Faculty Development Programme for the faculty members of the college was organized by the IQAC of the college on 24 & 25 March 2017 as part of UGC's competence building initiative. Dr Manoj AS, the Chief Knowledge Officer at the ICT Academy, Thiruvanathapuram was the chief resource person for the programme. Simultaneously, a Skill Development Programme for the students was also conducted with the help of the ICT Academy. The College Annual Day was celebrated on 29 March 2017 in which Sri Sudheesh Sudhakaran, noted cine actor was the chief guest. I use this space to gratefully acknowledge the services rendered by the retiring members of the office staff, Sri Jose Cherian, Sri Paulose O J and Sri Thomas Sebastian who have been serving the institution since its inception. End-semester examinations of Kannur University began on 10 April 2017 and admissions to the Degree Programmes will begin after the Plus Two results.

**Dr. Savio James V**
Principal

**നവീകരിച്ച പൂൾ ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേക്ക് നിയമനങ്ങൾക്കായി അദ്ധ്യാപകരുടെ 2015 ഏപ്രിൽ മാസത്തിൽ പ്രസിദ്ധീകരിച്ച പൂൾ ലിസ്റ്റിൽ പറഞ്ഞിരുന്ന നിർദ്ദേശം അനുസരിച്ച് 2015-2016, 2016-2017 വർഷങ്ങളിൽ ഓരോരുത്തർക്കും ലഭിച്ച ദിവസവേതന സർവ്വീസിന്റെ മാർക്കുകൾ ചേർത്തതിനുശേഷമുള്ള പൂൾലിസ്റ്റാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്.

**ശിലാസ്ഥാപനം നടത്തി**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ ഓഫീസിന്റെ പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തി. മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് 2017 മെയ് 2 ന് ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ, രൂപതാ പ്രൊക്യുറേറ്റർ റവ.ഫാ. ബെന്നി മുതിരക്കാലായിൽ, പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഫാ.ജോഷി പെരിയപ്പുറം എന്നിവരുടെ നേതൃത്വത്തിൽ രൂപതയിലെ ബഹുമാനപ്പെട്ട വൈദീകർ, കോർപ്പറേറ്റിലെ പ്രധാനാദ്ധ്യാപകർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

**സിഡോം കൺവെൻഷൻ (സദ്ഗമയ - 2017) മെയ് 2 ന്**

2017 മേയ് മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ ദ്വാരക പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് മാനന്തവാടി രൂപത കോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ഒരു ഏകദിന കൺവെൻഷൻ നടത്തുന്നു. 'Omega- Indian Journal of Science and Religion' ന്റെ മാനേജിങ്ങ് ഡയറക്ടറും, മതവും ശാസ്ത്രവും- സയൻസും എന്ന വിഷയത്തിൽ അഗ്രഗണ്യനുമായ റവ.ഫാ. ഡോ. അഗസ്റ്റിൻ പാംബ്ലാനിയുടെ' മതവും ശാസ്ത്രവും സമന്വയിക്കുന്ന സമഗ്രവിദ്യാഭ്യാസം' എന്ന വിഷയത്തിന്റെ സെമിനാറോടെ ആരംഭിച്ച ഈ സംഗമത്തിന്റെ പൊതുസമ്മേളനത്തിൽ മാനന്തവാടി രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടന

കർമ്മവും, രൂപതാ പ്രൊക്യുറേറ്റർ റവ.ഫാ. ബെന്നി മുതിരക്കാലായിൽ അധ്യക്ഷപദവും അലങ്കരിച്ചു. നമ്മുടെ സ്കൂളുകളിൽ നിന്നും ദീർഘ കാലത്തെ സേവനത്തിനുശേഷം വിരമിക്കുന്ന അധ്യാപക ശ്രേഷ്ഠർക്ക് ഉപഹാരസമർപ്പണവും നടത്തി. ഈ വർഷത്തെ SSLC പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കിയ സ്കൂളുകൾക്കുള്ള പ്രത്യേക അവാർഡുകളും, നമ്മുടെ സ്കൂളുകളിൽ നടത്തിയ മോറൽ സയൻസ് പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയ കുട്ടി കൾക്കുള്ള അവാർഡുദാനവും നടത്തപ്പെട്ടു. ഈ വർഷം നാഷണൽ, സ്റ്റേറ്റ് തലത്തിൽ അവാർഡുകൾ കരസ്ഥമാക്കിയ അധ്യാപക ശ്രേഷ്ഠരെയും ഈ വേദിയിൽ ആദരിച്ചു.

**പ്രധാനാദ്ധ്യാപക നിയമന കൂടിക്കാഴ്ച 2017 മാർച്ച് 27 ന്**

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയ്ക്ക് കീഴിൽ ന്യൂനപക്ഷപദവി ലഭിച്ച വിദ്യാലയങ്ങളിലെ 2017 – 2018 അധ്യയന വർഷത്തേയ്ക്കുള്ള പ്രധാനാദ്ധ്യാപക പ്രമോ ഷന് നിശ്ചിത ഫോറത്തിലും, കോർപ്പറേറ്റ് വെബ് പോർട്ടലിലും അപേക്ഷ നൽകിയവർക്ക് പ്രധാനാദ്ധ്യാപക നിയമന മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അഭിമുഖം 2017 മാർച്ച് 27 ന് തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ദ്വാരക കോർപ്പറേറ്റ് ഓഫീസിൽ വച്ച് നടത്ത പ്പെട്ടു.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**1. കണിയാരം – ഫാ.ജി.കെ.എം.എച്ച്.എസ്.**

വയനാട് ജില്ലയിലെ ഏറ്റവും മികച്ച സോഷ്യൽ സയൻസ് ക്ലബ്ബി നുള്ള അവാർഡ് കണിയാരം ഫാ.ജി.കെ.എം.ഹൈസ്കൂളിന് ലഭിച്ചു. ജില്ലാ സംസ്ഥാന മേളകളിൽ നേടിയ പുരസ്കാരങ്ങൾക്കാണ് വിദ്യാ ഭ്യാസ വകുപ്പിന്റെ ഈ അവാർഡ് ലഭിച്ചത്. സോഷ്യൽ സയൻസ് ക്ലബ്ബ് അംഗങ്ങളെ മാനേജുമെന്റും പി.റ്റി.എ.യും അഭിനന്ദിച്ചു.

**2. സെന്റ് ആന്റണീസ് എ.യു.പി. സ്കൂൾ, പഴൂർ**

a) രുചി മഴ 2016 (Food fest): അന്താരാഷ്ട്ര പയറു വർഷവു മായി ബന്ധപ്പെട്ട് 'രുചി മഴ-2016' എന്ന പേരിൽ സംഘടിപ്പിച്ച പരിപാ ടിയിൽ വെച്ച് വിവിധ തരം ജാമുകൾ, കട്‌ലറ്റുകൾ, സ്കാഷുകൾ, അ ച്ചാറുകൾ, ലഡുകൾ, താള്, തകര, തഴുതാമ, കുമ്പളം, മത്തൻ, കോവൽ, ശീമ മുരുക്ക് തുടങ്ങിയ ഇല ഉപ്പേരികൾ, കറികൾ, പലഹാര

ങ്ങൾ, കർക്കിടക കഞ്ഞി എന്നിവ കർക്കിടക മാസത്തിൽത്തന്നെ കുട്ടികളുടെ ഉച്ചഭക്ഷണത്തിൽ ഉൾപ്പെടുത്തി.

b) 'ഉയർച്ചയുടെ പടവുകൾ -2 ാം ഘട്ടം': പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ലക്ഷ്യമാക്കി, അക്ഷരങ്ങൾ ഉറപ്പിക്കാനും, ഭാഷാ പഠനം എളുപ്പമാക്കാനും വേണ്ടി 'ഉയർച്ചയുടെ പടവുകൾ - 2 ാം ഘട്ടം' എന്ന പേരിൽ പരിഹാര ബോധന പരിപാടി നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി ഇരുനൂറോളം കുട്ടികൾക്ക് അധ്യാപകർ തയ്യാറാക്കിയ വർക്കു ഷീറ്റ് ഉൾപ്പെടുന്ന കൈപ്പുസ്തകം നൽകി.

**c) അഭിനന്ദനങ്ങൾ**

- ജില്ലയിൽ മൂന്നാം സ്ഥാനം: - 2016-17 ലെ 'നല്ല പാഠം' പ്രവർത്തന ങ്ങൾക്ക് ജില്ലാ തലത്തിൽ മൂന്നാം സ്ഥാനം ലഭിച്ചു. ശ്രീമതി. ഡാലിയ ഡേവിഡ്, ശ്രീമതി സെലിൻ സെബാസ്റ്റ്യൻ എന്നിവരായിരുന്നു നല്ല പാഠത്തിന്റെ കോഡിനേറ്റർമാർ.
- സംസ്ഥാന പ്രവർത്തി പരിചയ മേളയിൽ മുളയുൽപ്പന്ന നിർമ്മാണ ത്തിൽ 'എ' ഗ്രേഡ് നേടി .

d) 60-ാം മത് വാർഷികാഘോഷം:- ഒരു വർഷം നീണ്ടു നിൽക്കുന്ന 60-ാം മത് വാർഷികാഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു. സ്കൂൾ മാനേജർ റവ.ഫാ. വിൻസെന്റ് പുതുശ്ശേരിയുടെ അദ്ധ്യ ക്ഷതയിൽ കൂടിയ യോഗം ബഹുമാനപ്പെട്ട ഐ.സി.ബാലകൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.

e) 'സഹപാഠിക്ക് ഒരു കൈത്താങ്ങ്':- സ്കൂളിലെ ഏറ്റവും നിർദ്ധ നരായ ഒരു കുട്ടിക്ക് വീട് വെച്ചുകൊടുക്കുന്ന 'സഹപാഠിക്ക് ഒരു കൈത്താങ്ങ്.' എന്ന പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക്, ആദ്യ സംഭാവന നിക്ഷേപിച്ചുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ.ഐ. സി. ബാലകൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. നെൻമേനി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കറപ്പൻ സന്നിഹിത നായിരുന്നു.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

# അറിയിപ്പുകൾ

## Padre Pio Shrine

ലോകചരിത്രത്തിലെ നിർണ്ണായക സംഭവമായി കരുതുന്ന പരിശുദ്ധ അമ്മയുടെ പ്രത്യക്ഷപ്പെടലായിരുന്നു 1917 മെയ് 13 ന് ഫാത്തിമായിൽ ഉണ്ടായത്. ആ സംഭവത്തിന്റെ 100–ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി പനമരം വി. പാദ്രേപിയോ പ്രതിഷ്ഠാലയത്തിൽ 100 മണിക്കൂർ അഖണ്ഡ ആരാധനയും ജപമാലയും നടത്തുന്നു.

2017 മെയ് 9 ന് രാവിലെ 7 മണിക്ക് ഫാത്തിമ നാഥയുടെ തിരുസ്വരൂപ പ്രതിഷ്ഠയും തുടർന്ന് പരിശുദ്ധ കുർബാനയോടുകൂടെ ആരഭിക്കുന്ന അഖണ്ഡ ആരാധനയും, ജപമാലയും 2017 മെയ് 13 രണ്ടാം ശനി രാവിലെ 11 മണിക്ക് ആഘോഷമായ റാസ കുർബാനയോടെ 100 മണിക്കൂർ ജപമാല സമാപിക്കുന്നു. ഉച്ചഭക്ഷണവും പങ്കുവയ്ക്കുന്നതാണ്. എല്ലാവരേയും ദൈവനാമത്തിൽ ക്ഷണിക്കുന്നു.

**ഫാ. മരിയദാസ് തുരുത്തിമറ്റം**
റെക്ടർ, പാദ്രേപിയോ ഷ്രൈൻ

# Pastoral Centre Programme



**May 2017**

| | |
|---|---|
| 3-5 | CML Camp |
| 6 | Zion |
| 7-10 | Marriage Preparation Course |
| 14-18 | Zion CRC Retreat |
| 18-19 | CML Vachanatharam |
| 22-25 | Catechism XII Retreat (Private Registration) |
| 27 | Catechism HM PP Conference |
| 26-29 | Marriage Preparation Course |

**Fr. Mathew Periappuram**
Director, Pastoral Centre

# Bishop's Programme



***May 2017***

| | | |
|---|---|---|
| *1* | *Mon ................* | *Payyanad (Diocese of Thamarassery): First Communion* |
| *2* | *Tue ..................* | *Corporate Education Agency: HM Meeting* |
| *3* | *Wed .................* | *Kunjhome: Blessing of the newly constructed Church* |
| *4* | *Thu ..................* | *Dwaraka: Vestition and First Profession of SH Novices* |
| *5* | *Fri .....................* | *Out of Station* |
| *6* | *Sat Morning ......* | *Amarakuni: Blessing of the newly constructed Church* |
| | *Afternoon .....* | *Chundakkara: Chapel Blessing* |
| *7* | *Sun ..................* | *Thrissilery : Blessing of Presbytery* |
| *8* | *Mon Morning....* | *Minor Seminary: Vestition of Major Seminarians* |
| | *Afternoon ...* | *Alattil: School building blessing* |
| *9* | *Tue ...............* | *Engaged* |
| *10* | *Wed Morning ...* | *Minor Seminary: Interview* |
| | *Afternoon .....* | *Padamala: Blessing of Presbytery* |
| *11* | *Thu .................* | *Bathery: Biowin Agro Fest* |
| *12* | *Fri ....................* | *Out of Station* |
| *13* | *Sat ..................* | *Moolankavu: Blessing of Cluny Convent* |
| *14* | *Sun .................* | *Palankara: First Communion* |
| *15* | *Mon .................* | *Visitors' Day* |
| *16* | *Tue .................* | *Cathedral: First and Final Profession & Jubilee of SKD Sisters* |
| *17* | *Wed 19 Fri .......* | *Badravathi* |

| | |
|---|---|
| *20 Sat Afternoon...* | *Kayyakunnnu : Blessing of La Salette Chapel* |
| *21 Sun ..................* | *Panamaram: Foundation Stone laying of new Church* |
| *22 Mon .................* | *Vincentgiri: Final Profession & Jubilee of Sisters* |
| *23 Tue ...................* | *Panamchira: Blessing of Novitiate House* |
| *24 Wed ................* | *Nadavayal: Vestition and First Profession of CMC Novices* |
| *25 Thu ..................* | *Visitors' Day - Priests* |
| *26 Fri ....................* | *Out of Station* |
| *27 Sat ....................* | *Dwarka: HM & PP Conference* |
| *..................* | *Nadavayal: Osanam Bhavan, Anniversary of Vincent De Paul Society* |
| *28 Sun ..................* | *Nilambur: Inaguration of MSMI Associates* |
| *29 Mon 31 Wed .....* | *Out of Station* |

***June 2017***

| | |
|---|---|
| *1 Thu .................* | *Bathery: Pravesana Ulsavam at Assembtion School* |
| *2 Fri 4 Sun ...........* | *Out of Station* |
| *5 Mon 9 Fri ........* | *Ernakulam: KCBC* |
| *10 Sat ....................* | *To Connoor* |
| *11 Sun ...................* | *Coonoor: Pastoral Visit* |
| *14 Wed ..................* | *Visitors' Day* |
| *15 Thu .................* | *Kenichira: Blessing of CMC Convent* |
| *19 Mon ..................* | *Visitors' Day - Priests* |
| *21 Wed ..................* | *Visitors' Day* |
| *24 Sat ...................* | *Kayyakunnu: Minor Orders of La Salette Seminarians* |
| *26 Mon .................* | *Visitors' Day - Priests* |
| *28 Wed ..................* | *Joint Curia Meeting* |